www.malankaralibrary.com

# സ്വർഗ്ഗവീണ

ഫാ: ജോർജ്ജ് പ്ലാവിളയിൽ



www.malankaralibrary.com

With the best compliments

Fr. George [illegible]

www.malankaralibrary.com

# സ്വർണ്ണവീണ

(ചിന്താശകലങ്ങൾ)

ഫാ: ജോർജജ് പ്ളാവിളയിൽ

1987

www.malankaralibrary.com

Swarna Veena
(Malayalam)

by

Fr. George Plavilayil

Printed at
Bethany Press, Kottayam-10

Price Rs. 8.00

Rights Reserved

Published by
New wave Writers Association

Distributers:

Ignatian Centre, Pattom, TVM.

Bethany Book Centre, Tiruvalla.

St. Paul's Catholic Church,
Thumpamon North,
Via. Elevumthitta.

www.malankaralibrary.com

# സ്വർണ്ണവീണ

(ചിന്താശകലങ്ങൾ)

ഫാ: ജോർജ്ജ് പ്ലാവിളയിൽ

1987

Publishers
New Wave Writers Association

www.malankaralibrary.com

## ഗ്രന്ഥകർത്താവിന്റെ കൃതികൾ


പാടുന്ന പൂങ്കുയിൽ, 1955
(ഗാനങ്ങൾ)

മലങ്കരയുടെ പരിമളം, 1986
(കവിത)

ആത്മാവിന്റെ ചിറകുകൾ, 1986
(ആത്മീയസൂക്തങ്ങൾ)

സ്വർണ്ണവീണ, 1987
(ചിന്താശകലങ്ങൾ)

www.malankaralibrary.com



എന്റെ പിതാവും ഗായകനും കവിയുമായ
പി. കെ. വറുഗീസ് പ്ളാവിളയിൽ
അവർകൾക്ക്
ആദരാഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു.

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം

അവതാരിക

ആശംസ

1 ഓടക്കുഴലിന്റെ ഗീതം

2 ഈശ്വരൻ എവിടെ?

3 ജീവിതം സൗന്ദര്യലഹരിയോ?

4 പൂവിൻചിതയിൽ മലർമൊട്ടുകളുടെ നൃത്തമോ?

5 ദാസിയുടെ സ്തോത്രഗീതം

6 വെളിച്ചമില്ലാത്ത വിളക്കുകൾ

7 ചങ്ങലകളുടെ തേങ്ങൽ

8 സ്വരങ്ങളില്ലാത്ത നിശ്ശബ്ദ സംഗീതം

9 മതിലുകൾക്കുള്ളിലെ ചത്ത ഹൃദയങ്ങൾ

10 കണ്ണുനീർത്തുള്ളികളുടെ മുത്തുമാല

11 ഇതാണ് എന്റെ പ്രിയൻ

12 നീ എന്റെ വെളിച്ചം

13 ഒന്നു മാത്രമേ ആവശ്യമുള്ളൂ

14 വെളിച്ചമേ വരൂ

15 സത്യവും പാരമ്പര്യവും

16 നിറങ്ങൾ, താളങ്ങൾ

17 പാതിരാവിന്റെ ക്ഷേത്രത്തിലെ സ്വപ്നവീണകൾ

18 വ്യക്തിത്വത്തിന്റെ പൂർണ്ണിമ

www.malankaralibrary.com


19 അപരിചിതരും സഹോദരരും

20 നിന്നെ, നിന്നെ മാത്രം

21 അകൽച്ചയുടെ വേദന

22 ഹൃദയം ഹൃദയത്തിൽ അലിയുമ്പോൾ

23 ഹൃദയത്തിലേക്കുള്ള തീർത്ഥാടനം

24 അസ്തമയത്തിനു ശേഷം സൂര്യൻ

25 ചിരിച്ചു മരിക്കുന്ന കൈത്തിരി

26 സ്വപ്നങ്ങളെ തലോടുന്ന സംഗീതം

27 രാജത്വം നിന്നെ വിട്ടുമാറിയിരിക്കുന്നു

28 തേനും ചോരയും

29 പ്രകാശത്തിന്റെ പൂത്തിരി

30 മരണത്തിന്റെ മാധുര്യം

31 നിന്റെ അടുത്തേക്ക്

www.malankaralibrary.com

# ആമുഖം

''എനിക്ക നിന്നെ മതി, നിന്നെ മാത്രം മതി'' ഹൈന്ദവഹൃദയത്തിൻെറ (ഗീതാഞ്ജലി 38) ഈശ്വരനുവേണ്ടിയുള്ള ദാഹം! മാൻ പേട നീച്ച്രാലുകൾ തേടുന്നതുപോലെ എൻെറ ആത്മാവു് നിന്നെ തേടുന്നു..'' ക്രൈസ്തവ ഹൃദയത്തിൻെറ ദൈവദാഹം! വേദങ്ങളും ബൈബിളും ഈ തെരച്ചിലിൻെറ കഥയാണു്; ഗീതാഞ്ജലിയും സങ്കീർത്തനങ്ങളും ഈ തെരച്ചിലിൻെറ കവിതകളാണു് ;മനുഷ്യൻ ദൈവത്തിൽ ലയിക്കുവാൻ ആഗ്രഹിക്കുന്നു. ഹിന്ദുമതം അതിനു സായൂജ്യമെന്നു പേരുനൽകി; ക്രിസ്തുമതം സ്വർഗ്ഗമെന്നും. ടാഗോർ തെരയുന്ന മനുഷ്യാത്മാവിൻെറ ദാഹത്തെ, അനുഭൂതികളെ സായൂജ്യത്തിൻെറ നിർവൃതിയെ ഗീതാഞ്ജലിയിൽ പലനിറങ്ങളിൽ വരയ്ക്കുന്നു. പലതാളങ്ങളിൽ പാടുന്നു. എന്നിൽ അലിഞ്ഞുചേർന്ന ബൈബിൾ സത്യങ്ങളെ ഗീതാഞ്ജലിയുമായി കോർത്തിണക്കുവാനുള്ള ഒരു എളിയ ശ്രമമാണു് ഈ കൊച്ചുപുസ്തകം. മറെറാരു വിധത്തിൽ പറഞ്ഞാൽ ഗീതാഞ്ജലിയിലെ മിസ്റ്റിക്കൽ കവിതകളുടെ ഒരു ക്രിസ്തീയ ആസ്വാദനമാണു് ഇതിലെ 31 ധ്യാനചിന്തകൾ.

ദൈവശാസ്ത്രത്തിൻേറയോ, തത്വചിന്തയുടേയോ അഗാധങ്ങളെ സ്പർശിക്കുവാനുള്ള പരിശ്രമം ഇതിലില്ല. ടാഗോർ പ്രതിനിധാനം ചെയ്യുന്ന ഈശ്വരാനുഭവത്തെ അതിൻെറ ലാളിത്യത്തിൽ അവതരിപ്പിക്കുവാനാണു ഞാൻ ശ്രമിച്ചിട്ടുള്ളതു്. ധൃതിയിൽ വായിച്ചു തീർക്കുവാനുള്ള ഒരു പുസ്തകമല്ല ഇതു്. ദൈവസന്നിധിയിൽ ഇരുന്നു ധ്യാനിക്കുവാൻ ഉള്ള ചിന്തകളാണു് ഇവയെല്ലാം. അനുഭവങ്ങളുടെ ആഴങ്ങളിലേക്കിറങ്ങുവാനുള്ള സന്മനസ്സോടെ നിങ്ങൾ ഇതു വായിക്കുമെങ്കിൽ ''സ്വർണ്ണവീണകളുടെ'' ശബ്ദം നിങ്ങൾ കേൾക്കും. ഈശ്വരൻ മനുഷ്യഹൃദയതന്ത്രികളിൽ തൊടുമ്പോൾ നിർഗ്ഗളിക്കുന്ന സംഗീതം!

1986 ൽ പ്രകാശനംചെയ്ത **Macmillon Pocket Tagore Edition (English)** ആണു മലയാളപരിഭാഷയ്ക്കു ഞാൻ ഉപയോഗിച്ചതു്.

www.malankaralibrary.com

ഗീതാഞ്ജലിയിലെ കവിതകളുടെ പൊരുൾ പ്രകാശിപ്പിക്കുന്നതിന് സ്വാതന്ത്ര്യം ഉൾക്കൊണ്ട ശൈലിയാണു ഞാൻ അവലംബിച്ചത്. ഗീതാഞ്ജലിയുടെ വ്യാഖ്യാനത്തിന് എന്നെ സഹായിച്ച ഡോ. അഗസ്റ്റിൻ ഐസക്ക് എം. എ., എം എഡ്., ഡി. ലിററ്., ബി. ററി എച്ചിനു ഞാൻ കൃതജ്ഞത അർപ്പിക്കുന്നു. അവതാരിക എഴുതി ഈ ഗ്രന്ഥത്തെ ധന്യമാക്കിയ കേരള യൂണിവേഴ്സിററി വേദാന്ത സെൻറർ ഡയറക്ടർ, ഡോക്ടർ ജെ. കട്ടയ്ക്കൽ അവർകൾക്കും, ആശംസ വഴി ഇതിനെ അനുഗ്രഹിച്ച മോസ്ററ് റവ. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്കും ഭംഗിയായി മുദ്രണം ചെയ്തു തന്ന ബഥനി പ്രസിലെ ആളുകൾക്കും ഞാൻ നന്ദി പറയുന്നു.

നിറങ്ങളും താളങ്ങളും ഭംഗികളും നിറഞ്ഞ ഭൂമി. ആ ഭൂമിയിൽ നാം ജീവിക്കുന്നു. നിറങ്ങൾ നാം കാണുന്നു; നിറങ്ങളിൽ ഈശ്വരൻ നിറഞ്ഞുനിൽക്കുന്നു; താളങ്ങൾ മധുരം പകരുന്നു. താളങ്ങളിൽ ദൈവം സ്പന്ദിച്ചു നിൽക്കുന്നു. ഭംഗികൾ നമ്മെ രോമാഞ്ചം കൊള്ളിക്കുന്നു. ഭംഗികളിൽ ദൈവത്തിൻെറ പുഞ്ചിരി പടർന്നു നിൽക്കുന്നു. നിറങ്ങളുടേയും താളങ്ങളുടേയും ഭംഗികളുടേയും മുമ്പിൽ നാം നിർവൃതിയോടെ നില്ക്കുന്നു. ഹൃദയം ഒരു സ്വപ്നവീണയായി മാറുന്നു. ദൈവത്തിൻെറ കരങ്ങൾ വീണക്കമ്പികളിൽ തൊടുന്നു. ഹൃദയമാകെ ദിവ്യരോമാഞ്ചം നിറയുന്നു. നിങ്ങളിൽനിന്ന് ഒരു സംഗീതം ഒഴുകി പരക്കുന്നു. നിങ്ങളുടെ പാദം സ്പർശിക്കുന്ന മൺതരികൾ രോമാഞ്ചമണിയുന്നു. നമ്മെ ദിവ്യരാക്കുന്ന ഈ അനുഭൂതി നിങ്ങളിൽ നിറയ്ക്കുവാൻ ഈ കൊച്ചു പുസ്തകം സഹായിക്കട്ടെ.

''സ്വപ്നവീണ നിങ്ങളുടെ കൈകളിൽ ഞാൻ ഏല്പിക്കുന്നു.''

ഫാദർ ജോർജ്ജ് പ്ളാവിളയിൽ
സെൻറ് പോൾസ് കാതലിക് ചർച്ച്,
തുമ്പമൺ നോർത്ത്. പി. ഒ.
ഇലവുംതിട്ട.
നവംബർ 8, 1987.

www.malankaralibrary.com

# അവതാരിക

"ദാഹിച്ചുവലയുന്ന പേടമാൻ നീർച്ചാലുകൾ തേടുന്നതുപോലെ, കർത്താവേ, എന്റെ ഹൃദയം അങ്ങയെ അന്വേഷിക്കുന്നു" എന്നു് മൂന്നു സഹസ്രാബ്ദങ്ങൾക്കുമുമ്പ് ദാവീദു സങ്കീർത്തകൻ പ്രഘോഷിച്ചപ്പോൾ, മനുഷ്യഹൃദയത്തിന്റെ സഹജമായ ദൈവദർശനാഭിവാഞ്ഛയെയാണു് അദ്ദേഹം പ്രകാശിപ്പിച്ചതു്.

സഹസ്രാബ്ദങ്ങൾക്കു ശേഷം നമ്മുടെ ഭാരതഭൂമിയിൽ ജീവിച്ചിരുന്ന ടാഗോർ—നമ്മുടെ സമകാലീനനായിരുന്ന ആ വിശ്വകവി—പ്രസ്തുത ആശയം അദ്ദേഹത്തിനു സഹജമായ രീതിയിൽ പ്രകാശിപ്പിക്കുന്നതു കേൾക്കുക: "നിനക്കുവേണ്ടി ഞാൻ ദാഹിക്കുന്നു; നിന്നെ മാത്രം മതി എനിക്കു്" (ഗീതാഞ്ജലി 38). 'മനുഷ്യാത്മാവു് നൈസർഗ്ഗികമായി ദൈവപുത്രനെ തേടുന്നു' എന്നു് പ്രശ്രുത ലാററിൻ ചിന്തകനായ തെർത്തുല്യൻ പ്രഖ്യാപിച്ചപ്പോഴും ഈ സത്യം തന്നെയാണു് ആവിഷ്ക്കരിക്കപ്പെട്ടതു്.

മഹാകവി ടാഗോറിന്റെ നോബൽസമ്മാനാർഹമായ ഗീതാഞ്ജലിയിൽനിന്നു് മുപ്പത്തിയൊന്നു് ഗീതകങ്ങൾ അടർത്തിയെടുത്തു്, ബൈബിൾ ചിന്തയുമായി സമന്വയിപ്പിച്ചിരിക്കുകയാണു്, റവ. ഫാദർ ജോർജ്ജ് പ്ലാവിളയിൽ, ഈ സ്വപ്നവീണയിൽ. ഈ വിശിഷ്ടകൃതിയിലെ ഓരോ വാക്യവും മനുഷ്യനെ സ്വർഗ്ഗോന്മുഖനാക്കാൻ പര്യാപ്തമാണു്. "ജീവിതത്തിന്റെ ഉത്സവത്തിൽ തംബുരുമീട്ടുകയായിരുന്നു എന്റെ കർത്തവ്യം. അതു ഞാൻ ചെയ്തുതീർത്തു. നിന്റെ മുഖം കാണുവാനുള്ള സമയമായി. ഞാൻ വരട്ടെ. എന്റെ നിശ്ശബ്ദമായ കൂപ്പുകൈകൾ നിനക്കു ഞാൻ അർപ്പിക്കും." (ഗീതാഞ്ജലി. 16) പ്രസ്തുത ടാഗോർ വാക്യത്തെ ബ. അച്ചൻ വിശദീകരിക്കുന്നതു് സമുചിതമായിരിക്കുന്നു: "ഹൃദയം ഒരു തംബുരുവാണു്. ദൈവാത്മാവിന്റെ കരങ്ങൾ അതിനെ മീട്ടുവാൻ അനുവദിക്കൂ. ദൈവസ്തുതിയുടെ ഗാനം മാത്രമല്ല നാം പാടേണ്ടതു്. മനുഷ്യസ്നേഹത്തിന്റെയും ഗാനങ്ങൾ നാം ആലപിക്കണം. "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു." യേശുവിന്റെ ഹൃദയം പാടിയ

www.malankaralibrary.com

ഗാനമാണ് ഇത്.'' ഇതിലെ ചിന്തകൾ വൈവിധ്യമാർന്നവയും ഹൃദയഹാരികളുമാണ്. ഉദാഹരണമായി 'ജീവിതം സൗന്ദര്യ ലഹരിയോ?, പൂവിന്റെ ചിതയിൽ മലർമൊട്ടുകളുടെ നൃത്തം, ചങ്ങലകളുടെ തേങ്ങൽ, കണ്ണുനീർത്തുള്ളികളുടെ മുത്തുമാല, നിറങ്ങൾ, താളങ്ങൾ, തേനും ചോരയും തുടങ്ങിയവ.

ഗ്രന്ഥകർത്താവായ ഫാ. ജോർജ്ജ് പ്ലാവിളയുടെ പരിപക്വമായ ഈശ്വരചിന്തകളെയാണ് ഈ ഗ്രന്ഥതല്ലജത്തിൽ നാം കണ്ടുമുട്ടുന്നത്. അദ്ദേഹത്തിന്റെതന്നെ, 'പാടുന്ന പൂങ്കുയിൽ,' 'മലങ്കര ദീപം', 'ആത്മാവിന്റെ ചിറകുകൾ,' മുതലായവ ജനപ്രീതി ആർജ്ജിച്ചു കഴിഞ്ഞിരിക്കുന്നു. പുസ്തകരചയിതാവിന്റെ പ്രവർത്തനമണ്ഡലവും ജീവിതാനുഭവങ്ങളും ഉദാത്തമായ ഇത്തരം ചിന്താതന്തുക്കളെ കോർത്തിണക്കാൻ അദ്ദേഹത്തിനു പ്രചോദനം നൽകി. ജാതിമതഭേദമെന്യേ എല്ലാമനുഷ്യരിലും ഉത്കൃഷ്ടചിന്തകൾ അങ്കുരിപ്പിക്കാനും പരിപോഷിപ്പിക്കാനും ഈ ഗ്രന്ഥം സഹായിക്കും. സർവ്വ നന്മകളുടേയും ഉറവിടവും നിറകുടവുമായ ദൈവത്തിൻപക്കലേക്ക് അനേകായിരങ്ങളെ ആനയിക്കാൻ, സ്വർഗ്ഗീയ ചിന്തകൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം സഹായിക്കട്ടെ.

ഡോക്ടർ ജെ. കട്ടയ്ക്കൽ
വേദാന്തസെന്റർ,
കേരളയൂണിവേഴ്സിററി.

തിരുവനന്തപുരം
ലൂർദ്ദ് പള്ളി
ഒക്ടോബർ 25, 1987.

www.malankaralibrary.com

# ആശംസ

ബ. ജോർജ്ജ് പ്ലാവിളയിൽ അച്ചൻ രചിച്ച 'സ്വപ്നവീണ' എന്ന ഗ്രന്ഥം ഞാൻ വായിക്കുകയുണ്ടായി. വി. ബൈബിൾ വാക്യങ്ങളും മഹാകവി ടാഗോറിന്റെ ഗീതാഞ്ജലിയിലെ ചിന്താശകലങ്ങളും സരസമായി സമന്വയിപ്പിച്ചിരിക്കുന്നു ഈ കൃതിയിൽ. മുപ്പത്തിയൊന്ന് അദ്ധ്യായങ്ങളിലായി അനുദിനചിന്തകൾക്കായി അവതരിപ്പിച്ചിരിക്കുന്ന സുഭാഷിതങ്ങളാണിവയോരോന്നും.

സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് മനുഷ്യനെ അടുപ്പിക്കുന്ന ദിവ്യമായ സ്വപ്നമണികളാൽകോർക്കപ്പെട്ട ഈ സ്വപ്നവീണയിലെ സപ്തസ്വരങ്ങൾ മനുഷ്യമനസ്സിലെ അന്ധകാരം നീക്കി പ്രകാശമാനമായ ഒരു ദിവ്യാനുഭൂതിയുടെ ഉടമയാക്കാൻ പോരുന്നവയാണ്.

'യഹോവ എന്റെ ഇടയനാകുന്നു. എനിക്കു യാതൊന്നിനും മുട്ടുണ്ടാകയില്ല' എന്നുള്ള സങ്കീർത്തനഗാനം, മനുഷ്യമനസ്സിനു ശക്തി നൽകി ഊർജ്ജസ്വലമായ ജീവിതം നയിക്കാൻ ഉതകുന്നതുപോലെ, ഈശ്വരനിൽ ആശ്രയിച്ച ജീവിതം ധന്യമാക്കാൻ ഗീതാഞ്ജലിയിലെ കവിതകളും സഹായിക്കുന്നുണ്ട്. ഉദാഹരണമായി ഗീതാഞ്ജലിയിലെ നാലാം കവിതയിലെ സ്വരങ്ങൾ ശ്രവിക്കുക; ''പ്രവർത്തിക്കുവാനുള്ള ശക്തി നീയാണ് എനിക്കു നൽകിയത്. എന്റെ വിശുദ്ധമായ പ്രവർത്തനങ്ങളിലൂടെ നിന്നെ ഞാൻ വെളിപ്പെടുത്തും.''

സഹസ്രാബ്ദങ്ങൾക്കുമുൻപ് തത്വചിന്തകനായ പ്ലേറ്റോ പറഞ്ഞു; സംഗീതം മനുഷ്യനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നു. ബൈബിളിലെ കാവ്യസങ്കീർത്തനങ്ങൾ 'തപ്പുകൊട്ടി നൃത്തം ചെയ്തു ഗാനമാലപിച്ച് ദൈവത്തെ മഹത്വപ്പെടുത്താൻ ആഹ്വാനം ചെയ്യുന്നു: (സങ്കീർത്തനം 150:4). വിശുദ്ധ ബൈബിളിലെ കാവ്യഭാവനയും ഗീതാഞ്ജലിയിലെ ഗാനശില്പവും സമന്വയിപ്പിച്ച ഈ കൃതിയിലെ ആത്മീയസൂക്തങ്ങൾ, ധർമ്മച്യുതി ഭവിച്ച മനുഷ്യനെ പ്രവർത്തനോന്മുഖമാക്കി, സ്വർഗ്ഗീയാനന്ദം കൈവരുത്താതിരിക്കില്ല! അതിനു സഹായിക്കുന്ന ഈ സാഹിത്യകൃതി എല്ലാവരും വായിച്ചു ധന്യരാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയും ബ. അച്ചന് ആശംസകളും അഭിനന്ദനങ്ങളും അർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

പൗലോസ് മാർപീലക്സീനോസ് മെത്രാപ്പോലീത്താ

തോഴിയൂർ, കുന്നംകുളം.

30–10–87

1

# ഓടക്കുഴലിന്റെ സംഗീതം

ദൈവത്തിന്റെ അഗ്നിപടർന്നുനിന്ന ശൂന്യഭൂമി. മോസസ് ആ അഗ്നിയിലേക്കുകടന്നു ചെന്നു. ആ ദിവ്യ തേജസ്സിനു തന്റെ ആത്മാവിനെ അടിയറ വച്ചു. മോസസ് രൂപാന്തരപ്പെട്ടു. ആ ഹൃദയത്തിൽ അഗ്നി ആളിപ്പടർന്നു. അതു മോചനത്തിന്റെ ഗർജ്ജനമായി രൂപാന്തരപ്പെട്ടു. യുഗകോടികളെ സ്വാധീനിക്കാനിരുന്ന സന്മാർഗ്ഗസത്യങ്ങൾ. മോസസിന്റെ ഹൃദയം ഉരുവിട്ടു. മോസസ് ഒരു സത്യത്തിന്റെ കരുത്തുററ സംഗീതമായി മാറി. ഒരുകോടി കൽപ്രതിമകളെ അന്ധമായി ആരാധിച്ചിരുന്ന ചരിത്രത്തിന്റെ ഇരുട്ടിലേക്ക് ഒഴുകിവന്ന സംഗീതം; ''നിന്റെ ദൈവമായ കർത്താവ് ഞാൻ ആകുന്നു; മററാരുദൈവം നിനക്കുണ്ടാകരുത്.'' ''കണ്ണിനുകണ്ണ്, പല്ലിനുപല്ല്'', നഗരങ്ങളിന്റെഗർജ്ജനത്തെ നിശ്ചലമാക്കിക്കൊണ്ടു കടന്നുവന്നസംഗീതം. 'നീകൊല്ലരുത്''.

www.malankaralibrary.com



വിഗ്രഹങ്ങളുടെ മുമ്പിൽ വിലങ്ങുവിളിച്ചപ്പെട്ട സ്ത്രീത്വം! ജഡികതയുടെ കൂരിരുട്ടിലേക്ക് ഒഴുകിവന്ന വിശുദ്ധി യുടെ സംഗീതം. ''നീ വ്യഭിചാരം ചെയ്യരുത്.''

മനുഷ്യഹൃദയത്തിൽ സംഗീതമുണ്ടോ? എത്രനടുക്കുന്ന ചോദ്യമാണ്. മീററിലെ തെരുവിൽ കൊച്ചുകുഞ്ഞി ന്റെ കഴുത്തുവെട്ടിയെറിയുന്ന കിരാതൻ! അവന്റെ ഹൃദയത്തിൽ സംഗീതമുണ്ടോ? ലളിതാദേവി 18വയ സ്സുള്ള അമ്മയാണ്. അവരൊരു മുളകാട്ടിൽ ഒളിച്ചി രുന്നു. തന്റെ എട്ടുമാസം മാത്രം പ്രായമുള്ള കുഞ്ഞിന്റെ കഴുത്തിലേക്ക് ശത്രുക്കൾ വെട്ടിത്തിളങ്ങുന്ന കത്തിയി റക്കി. ആ ശരീരം അവർ തീയിലേക്ക് എറിഞ്ഞു. സാമഗാനം അലയടിച്ച ഭാരതത്തിൽ ഒരു ഭാരതീയ നാണ് ആ കിരാതപ്രവൃത്തിചെയ്തത്. ആ ഹൃദയ ത്തിൽ സംഗീതമുണ്ടോ? 27 വയസ്സുള്ള അനിൽ റിഷ്സിംഗിനു (Anilrish Singh) 5 വയസ്സുള്ള മകളുണ്ടായിരുന്നു 'ഗുഡിയാ'. കച്ചിത്തുറുവിൽ ഒളി ച്ചിരുന്നുകൊണ്ട് അയാൾ ആ കാഴ്ച കണ്ടു. തന്റെ ഗുഡിയയെ അവർ വെട്ടിനുറുക്കി, കഷണം കഷണ മാക്കി. എവിടെയാണു സംഗീതം? 7 വയസ്സുള്ള റിൻകുകുമാരി. അവർ കൊലക്കളത്തിലേക്കുവന്നു. എല്ലാം നഷ്ടപ്പെട്ട ആ കൊച്ചുഹൃദയം ചോദിച്ചു. ''എന്റെ അമ്മയേയും എന്റെ സഹോദരൻ സഞ്ജയ നേയും കൊന്നതാരാണ്''? ഒരു കൊച്ചുഹൃദയത്തെ നിരാ ലംബമാക്കിയ മനുഷ്യനിൽ സംഗീതമോ? സംഗീതം നിലച്ചുപോയഹൃദയങ്ങളുടെ കഥയാണിത്. നഷ്ടപ്പെട്ട സ്വർഗ്ഗത്തിന്റെ കഥ, കൊല്ലപ്പെട്ട ഈശ്വരന്റെ കഥ. കത്തിച്ചാമ്പലായ ദ്വീപിനുമീതെ, കറുത്തപുക ഉയർന്നു. നഷ്ടപ്പെട്ടപരിശുദ്ധിയെ ഓർത്തു, മനുഷ്യഹൃദയത്തിന്റെ

www.malankaralibrary.com



ഇരുട്ടിനെഓർത്തു റാൽഫ് കരഞ്ഞു: (Golding, Lord of the flies) തകർക്കുവാനല്ല നാം പിറന്നതു്, വളർത്തുവാനാണു്. നാം ജീവിക്കുന്ന ദ്വീപിനെ ചുട്ടുകരിക്കുവാനല്ല, പൂക്കളെകൊണ്ടു നിറയ്ക്കാനാണു് നാം ജനിച്ചതു്. ആദാം വിയർത്തു വീഴുന്ന ഭൂമിയിൽ ശക്തിയുടെ ഗാനം പാടുവാൻ, ഹവ്വാ നിലവിളിക്കുന്ന ഭൂമിയിൽ ആശ്വാസത്തിന്റെസംഗീതം പകരുവാൻ, കായേന്റെ വാളുയരുന്ന ഭൂമിയിൽ സ്നേഹത്തിന്റെ മധുചിന്തുവാൻ, മരണത്തിന്റെ മരുഭൂമിയിൽ ജീവന്റെ അരുവികളെ ഉണർത്താൻ നാം കടപ്പെട്ടവരാണു്.

എവിടെനിന്നാണു് ഈ ശക്തി ലഭിക്കുക. ടാഗോർ ഗീതാഞ്ജലിയിൽ മറുപടി നൽകുന്നു.

''നീ കൊച്ചു ഓടക്കുഴലിനെ മലകളിലേക്കും താഴ്വരകളിലേക്കും കൊണ്ടുപോയി അതിലൂടെ നിത്യനൂതനമായ സംഗീതം പാടി'' എത്ര മനോഹരമായ ദർശനമാണു്? അഗാധങ്ങളിൽ സത്യമെല്ലാം ഒന്നല്ലേ? ഭൂഖണ്ഡങ്ങളുടെ അകൽച്ചയുണ്ടായാലും നദികളുടെ സംഗീതം ഒന്നല്ലേ? യോർദ്ദാനും ഗംഗയും ഒരേഗാനം പാടുന്നു. ജീവിതം ദുർബലമായ ഒരു പാത്രമാണു്. ദൈവം എന്നും തന്റെ ജീവനെക്കൊണ്ടു അതുനിറയ്ക്കുന്നു. നമ്മുടെ കൊച്ചുഹൃദയത്തെ ദൈവം തൊടുന്നു. സ്പർശനമേററഹൃദയം അനശ്വരസത്യമായി, സംഗീതമായി ഒഴുകുന്നു. എന്നും ജീവനെക്കൊണ്ടു് ദൈവം നമ്മുടെ ഹൃദയം നിറക്കുന്നു. നിറഞ്ഞാലും പിന്നെയും സ്വീകരിക്കാനുള്ള വിശാലത ഹൃദയത്തിനുണ്ടാകുന്നു. ''എന്റെ കൊച്ചു കൈകളിലാണു് ദൈവം അനന്തമായ നന്മകൾ നൽകുന്നതു്. യുഗങ്ങൾ കടന്നു പോകുന്നു, എങ്കിലും നീ

www.malankaralibrary.com



പിന്നെയും നിന്റെ ജീവനെ ചൊരിഞ്ഞുതരുന്നു. എന്റെ ഹൃദയം പിന്നെയും നിറഞ്ഞുതുളുമ്പാൻ വേണ്ടി കാത്തിരിക്കുന്നു.''

''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഇവയേക്കാൾ വലിയ പ്രവൃത്തികൾ ചെയ്യും'' (Jn. 14:12)

''എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. എന്റെ പിതാവ് അയാളെ സ്നേഹിക്കും. ഞങ്ങൾ അയാളുടെ അടുക്കൽ വന്ന് അയാളിൽ വാസമുറപ്പിക്കും.'' (Jn. 14.24)

''ഞാൻ മുന്തിരിവള്ളിയാണ്; നിങ്ങൾ ചില്ലകളും ഒരാൾ എന്നിലും ഞാൻ അയാളിലും വസിക്കുന്നെങ്കിൽ അയാളാണു ധാരാളം ഫലം പുറപ്പെടുവിക്കുക.'' (Jn. 15.5)

യേശു ഒരിക്കൽ മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ വളരെലളിതമായി തന്റെ സ്നേഹിതർക്കു വിവരിച്ചുകൊടുത്തു. ''എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. എന്റെ പിതാവു് അയാളെ സ്നേഹിക്കും ഞങ്ങൾ അയാളുടെ അടുക്കൽ വന്ന് അയാളിൽ വാസമുറപ്പിക്കും.'' (Jn. 15.5) (Jn. 14.12)എന്ത് അത്ഭുതമാണ് അത്. നമ്മുടെ ഹൃദയത്തിൽ ദൈവം വാസമുറപ്പിക്കും. അന്നു നാം ധാരാളം ഫലം പുറപ്പെടുവിക്കും ദൈവം ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഇതു വിശ്വസനീയമോ? മറിയം നന്മനിറഞ്ഞവളായില്ലേ? നസ്രത്തിലെ ആ ഒരു കന്യകയുടെ ഗീതം മറിക്കാത്ത

www.malankaralibrary.com



സത്യങ്ങളുടെ സംഗീതമാണു്; നിങ്ങൾക്കു് ആ ഗാനം പാടാൻ കഴിയും. ദൈവം നിങ്ങളിൽ വാസമുറപ്പിക്കട്ടെ. ആട്ടിടയന്റെ കൈയിലെ വടി, ഈജിപ്തിന്റെ കരാളമായ വാളിനെ വെട്ടി മുറിച്ചില്ലേ? തിന്മയുടെ സിംഹാസനങ്ങളെ അടിച്ചുടയ്ക്കാൻ നിങ്ങൾക്ക കരുത്തുണ്ടു്, ദൈവം നിങ്ങളിൽ വാസമുറപ്പിക്കുമെങ്കിൽ. മൺതരികളിൽ ജീവനുണർന്നില്ലേ....ദൈവം നിങ്ങളിൽ വാസമുറപ്പിച്ചാൽ നിങ്ങളെന്ന മൺകുമ്പാരം അനശ്വരതയെ എത്തിപ്പിടിക്കും. ജീവിതത്തെ ദൈവകരങ്ങളിലെ ഓടക്കുഴലാക്കിമാററൂ. ദൈവം നിങ്ങളിലൂടെ പാടട്ടെ. അനശ്വരഗാനം നിങ്ങളിൽ നിന്നു് ഒഴുകും. ഭൂമിയെ നിങ്ങൾ പറുദീസയാക്കും.

---

ഗീതാഞ്ജലി;

# 2

## ഈശ്വരൻ എവിടെ?

കാളയോടൊപ്പം മനുഷ്യനേയും അവർ കലപ്പയിൽ ബന്ധിച്ചു. നിലം ഉഴുന്ന ഹരിജന്റെ മുറിവുകളിലെ രക്തം ചേറിൽ പുരളുമ്പോൾ അവർ ദേവന്റെ മുന്നിൽ ധൂപം അർപ്പിച്ചു.? .... അവർക്കു ദൈവം ധൂപാർച്ചന കൊണ്ടു് സംതൃപ്തിയടയുന്ന മൂർത്തിയായിരുന്നു. ഹരിജന്റെ രക്തം വീഴുന്നതു കണ്ടിട്ടു് കരയുവാൻ കഴിവില്ലാതെ പോയ ദൈവങ്ങൾ. ജീവനുവേണ്ടി നിലവിളിക്കുന്ന സ്ത്രീയെ മരിച്ച ഭർത്താവിന്റെ അഗ്നിയിലേക്കു വലിച്ചെറിയുന്ന സതി എന്ന ദുരാചാരം. ജീവനുള്ള ഹൃദയം കരിയുമ്പോൾ മന്ത്രങ്ങൾ ജപിച്ചു ദൈവത്തെ അവർ ആരാധിച്ചു. മന്ത്രങ്ങളിൽ മയങ്ങുന്ന ദൈവം. സ്ത്രീയുടെ കരച്ചിൽ കേൾക്കാൻ കഴിവില്ലാത്ത കൽപ്രതിമകൾ! ഹരിജന്റെ നിഴൽപോലും ജീവിതത്തെ അശുദ്ധമാക്കുമെന്നു് വിശ്വസിച്ചുകൊണ്ടു് അവന്റെ മുഖത്തുനോക്കുവാൻ

www.malankaralibrary.com

www.malankaralibrary.com



കഴിവില്ലാത്ത പൗരോഹിത്യം. ലക്ഷാർച്ചനകൾ നടത്തി ദൈവത്തെ പൂജിച്ചു. ഹരിജൻെറ കറുത്ത ശരീരത്തെ വെറുത്ത പൂജാരിയും ദേവനും. നൂററാണ്ടുകളുടെ ക്രൂരമായ മൂഢതയെ വെല്ലുവിളിച്ചുകൊണ്ടു് ടാഗോർ ക്ഷേത്രത്തിലകെ കയറി. ക്ഷേത്രത്തിൻെറ മൂലയിൽ ആരാധകൻ ഇരുന്നു പാടുകയായിരുന്നു; ജപിക്കുകയായിരുന്നു. ''കണ്ണുകൾ അടച്ചു നീ ആരെയാണു് ധ്യാനിക്കുന്നതു്. കണ്ണു തുറന്നു നോക്കു. ദൈവം നിൻെറ മുമ്പിലില്ല'' കവി അവനോടു പറഞ്ഞു: എവിടെയാണു് ഈശ്വരൻ.? ക്ഷേത്രത്തിലോ? ഗീതാഞ്ജലിയുടെ മറുപടി സുന്ദരമാണു്, വിപ്ലവകരമാണു്, സുവിശേഷമാണു്. കടുപ്പമേറിയ ഭൂമി കിളച്ചുമറിക്കുന്ന കർഷകർ; പാറപൊട്ടിച്ചു വഴിതെളിക്കുന്ന തൊഴിലാളികൾ, അവർ ചുട്ടുകരിയിക്കുന്ന ചൂടിലും, മരവിപ്പിക്കുന്ന തണുപ്പിലും പണിചെയ്യുന്നു. അവരുടെ വസ്ത്രങ്ങൾ പൊടിപുരണ്ടതാണു്. അവരിൽ ദൈവമുണ്ടു്. മനുഷ്യൻ ദൈവത്തെ കണ്ടുമുട്ടുകയോ? ടാഗോർ വിട്ടുവീഴ്ചയില്ലാത്ത തൻെറ സുവിശേഷം തുടരുന്നു. ദൈവത്തിൻെറ പാദങ്ങൾ തൊട്ടു ചുംബിക്കുവാൻ ആരും ക്ഷേത്രത്തിൽ കയറിയിട്ടാവശ്യമില്ല. ദൈവത്തിൻെറ പാദങ്ങൾ ഏററവും ദരിദ്രമായ, ഏററവും താഴ്ന്ന, അധ:സ്ഥിതരായ മനുഷ്യരുടെ പാദങ്ങളുടെ നടുവിലാണു്. കൂട്ടുകാരില്ലാത്ത ദരിദ്രൻേറയും താഴ്ന്നവൻേറയും അധ:സ്ഥിതൻേറയും മിത്രമാണു് ദൈവം.

ഗീതാഞ്ജലിയും സുവിശേഷവും എത്ര സമാന്തരമായി നീങ്ങുന്നുവെന്നു നോക്കുക. ദൈവസങ്കല്പങ്ങളെ കൊടുങ്കാററിൻെറ ശക്തിയോടെ അടിച്ചു വീഴ്ത്തിക്കൊണ്ടു് സുവിശേഷം മുഴങ്ങുന്നു. എവിടെയാണു് ഈശ്വരൻ?

www.malankaralibrary.com



പതിതരായ മനുഷ്യർ പുറം തള്ളപ്പെടുന്ന ഗോൽഗോത്തായുടെ പാഴ്ഭൂമിയിൽ, പൊടിയും രക്തവും പുരണ്ട രണ്ടു കാലുകൾ പിടയുന്നു, കള്ളന്മാരുടെ നടുവിൽ. അതാണു ദൈവത്തിന്റെ പാദങ്ങൾ. അപഭ്രംശം വന്ന പൗരോഹിത്യത്തിന്റെ ധൂപാർച്ചന ജറുസലേം ദൈവാലയത്തിൽ ഉയർന്നുകൊണ്ടിരിക്കെ സത്യത്തിനു സാക്ഷ്യം വഹിക്കാൻ വന്ന ദൈവം, ആണികളിൽ കിടന്നു പിടയുകയായിരുന്നു. നാം ദൈവത്തെ തേടി പലയിടങ്ങളിലും പോകാറുണ്ട്. എന്നാൽ, ദൈവം നിറഞ്ഞു നിൽക്കുന്ന ഒരു ദൈവാലയം ഉണ്ട്; മനുഷ്യൻ— അവനിൽ ദൈവത്തെ തിരയൂ. നിങ്ങൾ കണ്ടെത്തും. മാംസം ധരിച്ച ദൈവമാണ് ക്രിസ്തു.

'ക്രിസ്തു വിവരിക്കുന്നു. ''എനിക്കു വിശന്നു, നിങ്ങൾ എനിക്ക് ആഹാരം തന്നു; എനിക്കു ദാഹിച്ചു: നിങ്ങൾ എനിക്കു കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വാഗതം ചെയ്തു. ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എനിക്കു വസ്ത്രം നൽകി. ഞാൻ രോഗിയായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു.'' [1] ദൈവത്തിന്റെ ശബ്ദം വിശക്കുന്നവന്റെ കരച്ചിലിലുണ്ട്. കേൾക്കു; ദൈവത്തിന്റെ ശബ്ദം ദാഹിക്കുന്നവന്റെ ഗദ്ഗദത്തിലുണ്ട്. കേൾക്കു; ദൈവത്തിന്റെ മുഖം ദുഃഖം ഘനീഭവിച്ച പരദേശിയുടെ കണ്ണുകളിലുണ്ട്. നോക്കു; ദൈവത്തിന്റെ രൂപം കരിശിലെ നഗ്നശരീരത്തിലുണ്ട്; ആരാധനയോടെ കാണുക.

www.malankaralibrary.com



മനുഷ്യനിലാണു് ദൈവം. മനുഷ്യനെ മനസ്സിലാക്കു! അവനിൽ നിങ്ങൾ ദൈവത്തെ കാണും, ഭൂമിയിലെ ദൈവത്തിൻെറ വെളിപ്പെടുത്തൽ മനുഷ്യനാണു്; വേദപുസ്തകവുമാണു്. അവിടെ ദൈവത്തെ അനുഭവിക്കു. ദൈവത്തിൻെറ കണ്ണീരൊപ്പുവാൻ കാൽവരിയിൽ എത്തു; സ്നേഹം തുളുമ്പുന്ന ഹൃദയത്തോടെ അവനെകെട്ടിപ്പുണരൂ. നിങ്ങളുടെ നെഞ്ചിൽ ദൈവഹൃദയത്തിൻെറ മിടുപ്പുകൾ കേൾക്കും.

ഗീതാഞ്ജലി 11 1. മത്തായി. 25. 35—36

3

# ജീവിതം സൗന്ദര്യലഹരിയോ?

''സൗന്ദര്യം സത്യമാണ്, സത്യംസൗന്ദര്യവും ഇതാണ് ഭൂമിയിൽ നമുക്കറിയാവുന്നതും, അറിയേണ്ടതുമായസത്യം.'' പഞ്ചേന്ദ്രിയങ്ങളുടെ അനുഭവലഹരിയിൽ കീററ്സ് പാടി, അയാൾക്ക് ജീവിതം ഒരുസൗന്ദര്യലഹരിയായിരുന്നു. സാഫസിൽ പൂക്കൾ നൃത്തം ചെയ്യുമ്പോൾ, രാക്കയിലിന്റെ ഗാനം ഒഴുകുമ്പോൾ, കൊയ്ത്തുകാരിയുടെ ദുഃഖഗാനം കേൾക്കുമ്പോൾ, ജലപ്രവാഹത്തിന്റെ സംഗീതം മുഴങ്ങുമ്പോൾ വേർഡ്സ്വർത്ത് നിർവൃതിയിൽ ലയിക്കുമായിരുന്നു. കവികളുടെ അനുഭവങ്ങൾക്ക് ദിവ്യമായ ഒരുമാനമുണ്ടോ? ഗീതാഞ്ജലിയിലെ വരികൾ ലാളിത്യത്തിന്റെ അതീവഭംഗിയോടെ ഒരു ജീവിതാനുഭവം വിവരിക്കുന്നു. ''ഭൂമിയിലെ ഉത്സവത്തിനായി എനിക്കു ക്ഷണം ലഭിച്ചിരിക്കുന്നു. അങ്ങനെ എന്റെ ജീവിതം അനുഗൃഹീത

www.malankaralibrary.com



മാണ്. എന്റെ കണ്ണുകൾ കാണുകയും ചെവികൾ കേൾക്കുകയും ചെയ്യുന്നു.'' ഭൂമി പറുദീസയോ? ജീവിതം ഉത്സവമോ? ജീവിതമെന്ന നുരഞ്ഞു പതഞ്ഞ ആനന്ദമുണ്ടോ? ജീവിതമെന്ന ഉത്സവത്തിൽ നിത്യമായ ആനന്ദത്തിന്റെ മധു നിറഞ്ഞു നിൽക്കുന്നുവോ?

ത്യാഗത്തിന്റെ വ്യാഖ്യാനം സൗന്ദര്യാനുഭവത്തിന്റെ പരിശുദ്ധിയെ അംഗീകരിക്കുവാൻ ഇനിയും തയ്യാറാകേണ്ടിയിരിക്കുന്നു. സൗന്ദര്യാനുഭവത്തിന്റെ പവിത്രത വേദപുസ്തകത്തിൽ പ്രതിഷ്ഠിതമാണ്. സ്രഷ്ടാവിനെ വെളിപ്പെടുത്താത്ത സൃഷ്ടിയില്ല. [1]ദൈവം അരുളിചെയ്തു വെളിച്ചമുണ്ടാകട്ടെ. വെളിച്ചമുണ്ടായി വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. അവിടുന്നു വെളിച്ചത്തെ ഇരുളിൽ നിന്നു വേർതിരിച്ചു. വെളിച്ചത്തിനു പകലെന്നും ഇരുളിനെ രാത്രിയെന്നും പേരിട്ടു. സന്ധ്യയായി പ്രഭാതമായി ഒന്നാം ദിവസം........ .. ........... താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു.

ലില്ലിപൂക്കളുടെ ചാരുതയുള്ള ഭൂമി, പറവകളുടെ ചിറകടിയാലും, കളകൂജനത്താലും സുന്ദരമായ ആകാശം, പകലിന്റെ ജീവനായ സൂര്യൻ, രാവിന്റെ കുളിർമ്മയായ ചന്ദ്രൻ, ആകാശവിതാനത്തിലെ നക്ഷത്രങ്ങൾ, എല്ലാം ഈശ്വരന്റെ കരാംഗുലികളുടെ വേലയാണ്. റോസാപ്പൂവിന്റെ പാടലവർണ്ണത്തിൽ ദൈവത്തിന്റെ സൗന്ദര്യമുണ്ട്. പുലരിയുടെ വർണ്ണപ്പകിട്ടിൽ ദൈവത്തിന്റെ പ്രഭയുണ്ട്. തുള്ളിച്ചാടി പോകുന്ന കാട്ടാറുകളിൽ ദൈവത്തിന്റെ പുഞ്ചിരിയുണ്ട്. രാക്കുയിലിന്റെ കളഗാനങ്ങളിൽ സ്വർഗ്ഗത്തിന്റെ സംഗീതമുണ്ട്. കട

www.malankaralibrary.com



ലിലെ കൊടുങ്കാററിൽ ദൈവത്തിൻെറ ശക്തിയുണ്ട്, മുല്ലപ്പൂം മണ്ണിനും ദൈവത്തിൻെറ സുഗന്ധമുണ്ട്. സ്നേഹത്തിൻെറ ചുംബനത്തിൽ ദൈവത്തിൻെറ സ്പർശനമുണ്ട്. ഹൃദയത്തിൽ ദൈവത്തിൻെറ ക്ഷേത്രമുണ്ട്. കണ്ണുണ്ടെങ്കിലും നാം കാണാറില്ല. ചെവിയുണ്ടെങ്കിലും നാം കേൾക്കാറില്ല. ദൈവം ഒരിക്കൽ ഒരുപിടി മണ്ണു കൈയിലെടുത്തു അതിൻെറ സുഗന്ധം ആസ്വദിച്ചു. ഭൂമിയുടെ ഭംഗിയിൽ ലയിക്കമെങ്കിൽ, നിങ്ങൾ ദൈവത്തെ അനുഭവിക്കും.

പ്രപഞ്ച സൗന്ദര്യാനുഭവത്തിലൂടെ, ദൈവത്തെ അറിയുക മാത്രമല്ല നമ്മുടെ ധർമ്മം. ഈ ഭൂമിയിൽ നമുക്കു മറെറാരു കർത്തവ്യം കൂടിയുണ്ട്. ഗീതാഞ്ജലി ഈ കർത്തവ്യത്തെ കാവ്യഭംഗിയോടെ വരച്ചു കാട്ടുന്നു. ''ജീവിതത്തിൻെറ ഉത്സവത്തിൽ തംബുരുമീട്ടുകയായിരുന്നു എൻെറ കർത്തവ്യം. അതു ഞാൻ ചെയ്തു തീർത്തു. നിൻെറ മുഖം കാണുവാനുള്ള സമയമായി. ഞാൻ വരട്ടെ. എൻെറ നിശബ്ദമായ കൂപ്പുകൈകൾ നിനക്കു ഞാൻ അർപ്പിക്കും.'' നമുക്ക് എല്ലാവക്കും ഒരു കർത്തവ്യമുണ്ട്. ദൈവം കൈകളിൽ ഏല്പിച്ച തംബുരുവിൽ താളം ഉണർത്തുവാൻ. എന്തു താളമാണ് നാം ഉണർത്തേണ്ടതു്? ആരാധനയുടെ താളം.

''കിന്നരം കൊണ്ടു കർത്താവിനെ സ്തുതിക്കുവിൻ
പത്തുകമ്പിയുള്ള വീണമീട്ടി
അവിടുത്തേയ്ക്കു കീർത്തനമാലപിക്കുവിൻ
കർത്താവിനു് ഒരു പുതിയ കീർത്തനമാലപിക്കുവിൻ
ഉച്ചത്തിലുള്ള ആർപ്പുവിളികളോടെ''
വിദഗ്ധമായി തന്ത്രിമീട്ടുവിൻ.[1]

www.malankaralibrary.com



ഹൃദയം ഒരു തംബുരുവാണ്. ദൈവാത്മാവിന്റെ കരങ്ങൾ അതിനെ മീട്ടുവാൻ അനുവദിക്കു. ദൈവസ്തുതിയുടെ ഗാനം മാത്രമല്ല നാം പാടേണ്ടത്, മനുഷ്യസ്നേഹത്തിന്റെയും ഗാനങ്ങൾ നാം ആലപിക്കണം. "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു" യേശുവിന്റെ ഹൃദയം പാടിയ ഗാനമാണ് ഇത്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" ഇത് പ്രാവർത്തികമാക്കുമെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതന്മാരായിരിക്കും "അപ്പോൾ നാം പൂർണ്ണരായിത്തീരും."

ഭൂമി പറുദീസയാണ് സായംകാലത്തിൽ നിങ്ങൾ ദൈവത്തിന്റെ കാലൊച്ച കേൾക്കും. ഭൂമി ഉത്സവമാണ് അതിനെ ആഘോഷിക്കു. തംബുരുമീട്ടിക്കൊണ്ട്; ആരാധനയുടെ സംഗീതം ഉണർത്തിക്കൊണ്ട്, സ്നേഹത്തിന്റെ ഗാനം ആലപിച്ചുകൊണ്ട്!!!

---

ഗീതാഞ്ജലി 16     1. ഉല്പ 1;3-31; 2 സങ്കീ. 33:2,3

www.malankaralibrary.com

4

# പൂവിന്റെ ചിതയിൽ മലർമൊട്ടുകളുടെ നൃത്തം

നെന്മണി സ്വയം മണ്ണിനു സമർപ്പിക്കുന്നു. അതു് അഴുകുന്നു. ഇല്ലാതാകുന്നു. മരണത്തിൽ നിന്നു ജീവൻ മുളയ്ക്കുന്നു! ഏകസന്തതിയെ ബലിയർപ്പിക്കുവാൻ അബ്രഹാം പാളേങ്ങി. ആ ബലിവേദിക്കു മീതെ ദൈവത്തിന്റെ അനുഗ്രഹവചസ്സുകൾ മുഴങ്ങി "നിന്റെ സന്തതിയെ ഞാൻ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും, കടൽക്കരയിലെ മണൽത്തരികൾ പോലെയും വർദ്ധിപ്പിക്കും" പൂവുകൾ വാടിവീണു മരിക്കുന്ന ഭൂമിയിൽ പുതിയ പൂക്കൾ വിടരുന്നു. പ്രകൃതിയിലെ ഈ പ്രതിഭാസം ആദ്ധ്യാത്മികതയുടെ അടിസ്ഥാനതത്വങ്ങളിലൊന്നാണു്. സ്വന്തം ജീവനേയും സ്വന്തമായിട്ടുള്ളതിനെയും സമർപ്പിക്കുന്നവനാണു്, വളരുന്നതു്, ധന്യനാകുന്നതു്. ഗീതാഞ്ജലിയിൽ അർപ്പണത്തിന്റെ അത്ഭുതശക്തിയെ വെളിപ്പെടുത്തുന്ന ഒരു കവിതയുണ്ടു്,

www.malankaralibrary.com



''ഗ്രാമവീഥികളിലൂടെ നടന്നു വീടുകൾ തോറും
ഞാൻ യാചിക്കുകയായിരുന്നു.
അപ്പോഴാണു് നിന്റെ സ്വർണ്ണരഥം
പ്രത്യക്ഷമായതു്,
ഒരു മനോഹര സ്വപ്നം പോലെ,
''ഈ രാജാക്കന്മാരുടെ രാജാവു് ആരാണു്?''
ഞാൻ സ്വയം ചോദിച്ചു.
എന്റെ പ്രതീക്ഷകൾ ഉയർന്നു
എന്റെ ദാരിദ്ര്യത്തിന്റെ ദിനങ്ങൾ എന്നേക്കു
മായി അവസാനിക്കുമെന്നു് ഞാൻ ഭാവനചെയ്തു.
ഞാൻ ചോദിക്കാതെ അദ്ദേഹം ദാനം തരുമെന്നു്
ഞാൻ പ്രതീക്ഷിച്ചു.
സമ്പത്തുകൾ അദ്ദേഹം മണ്ണിൽ വാരിവിതറു
മെന്നു് ഞാൻ കരുതി.
ഞാൻ നിന്നിടത്തുതന്നെ രഥം വന്നു നിന്നു;
എന്നെ നോക്കി പുഞ്ചിരിച്ചു.
എന്റെ ജീവിതസൗഭാഗ്യമെല്ലാം എനിക്കു
കൈവന്നതായി തോന്നി.
പെട്ടെന്നാണു് വലത്തു കൈ നീട്ടിക്കൊണ്ടു്
നീ ചോദിച്ചതു്.
''എനിക്കു തരുവാൻ നിന്റെ കൈയിലെ
ന്തുണ്ടു്?
യാചകനിൽ നിന്നും യാചിക്കുന്ന നിന്റെ രാജ്
കീയത്വം എന്തെന്നു് എനിക്കു മനസ്സിലായില്ല.
എന്തുചെയ്യണമെന്നറിയാതെ ഞാൻ കുഴങ്ങി
ഞാൻ എന്റെ സഞ്ചിയിൽ നിന്നും ഏററവും

www.malankaralibrary.com



ചെറിയ ധാന്യം എടുത്തു നിനക്കു നൽകി.
സന്ധ്യക്കു ഞാൻ എൻെറ സഞ്ചി ചൊരിഞ്ഞിട്ടു.
ആ ധാന്യങ്ങളുടെയിടയിൽ ഒരു സ്വർണ്ണമണി,
''എല്ലാം കൊടുത്തിരുന്നെങ്കിൽ'' ഞാൻ
ആശിച്ചു.
അതിനു കഴിവില്ലാത്ത എൻെറ ഹൃദയത്തെ
ഓർത്തു ഞാൻ കരഞ്ഞു''

അർപ്പിക്കപ്പെടുന്നതെല്ലാം രൂപാന്തരപ്പെടുന്നു.
അർപ്പിക്കപ്പെടാത്തതു ചിതലെടുക്കുന്നു.
തുരുമ്പെടുക്കുന്നു, കള്ളൻ കവരുന്നു.
അർപ്പിക്കപ്പെട്ട ധാന്യം സ്വർണ്ണമാകുന്നു,
അർപ്പിക്കപ്പെടുന്ന ഹൃദയം സ്വർഗ്ഗമാകുന്നു,
ജീവൻെറ സമ്പൂർണ്ണമായ സമർപ്പണം
ജീവൻെറ സമ്പൂർണ്ണമായ തികവായി
രൂപാന്തരപ്പെടുന്നു.

സമ്പൂർണ്ണമായ അർച്ചനയുടെ പരിശുദ്ധിയെ യേശു വ്യക്തമാക്കുന്നതു നോക്കുക.

''അവൻ കണ്ണുകൾ ഉയർത്തിനോക്കിയപ്പോൾ ധനികർ ദേവാലയഭണ്ഡാരത്തിൽ നേർച്ചയിടുന്നതുകണ്ടു! വാരിക്കോരി. ദരിദ്രയായ ഒരു വിധവ രണ്ടു ചെമ്പു തുട്ടുകൾ ഇടുന്നതും അവൻ കണ്ടു. അവൻ പറഞ്ഞു, ദരിദ്രയായ ഈ വിധവ മററെല്ലാവരേയുംകാൾ കൂടുതൽ നിക്ഷേപിച്ചിരിക്കുന്നു. എന്നു സത്യമായി ഞാൻ നിങ്ങളോടുപറയുന്നു, എന്തെന്നാൽ അവരെല്ലാവരും തങ്ങളുടെ സമൃദ്ധിയിൽ നിന്നു് സംഭാവന ചെയ്തു. ഇവളാകട്ടെ തൻെറ ദാരിദ്ര്യത്തിൽനിന്നു് ഉപജീവനത്തിനുള്ള വക മുഴുവനും നിക്ഷേപിച്ചിരിക്കുന്നു,''

www.malankaralibrary.com



സമ്പൂർണ്ണമായ അർപ്പണത്തിൽ സമ്പൂർണ്ണമായ ജീവനെ നാം കണ്ടെത്തുന്നു.

ദുഃഖവെള്ളിയുടെ കൂരിരുട്ടിൽ കെട്ടണഞ്ഞ പ്രകാശം യുഗങ്ങളുടെ പ്രകാശവും ജീവനും പുനരുത്ഥാനവുമായി ഉയിർത്തെഴുന്നേററു.

നമ്മേയും നമ്മുടേതായ എല്ലാററിനേയും അടിയറവെയ്ക്കുമെങ്കിൽ നമ്മുടെ ജീവിതം ഉയിർത്തെഴുന്നേല്പിന്റെ ഉജ്ജ്വലഗാനമായി ഒഴുകും.

ഗീതാഞ്ജലി 50; 1. ലൂക്കോസ് 21 1—4

www.malankaralibrary.com

5

# ദാസിയുടെ സ്തോത്രഗീതം

'അവിടുന്ന തന്റെ ദാസിയുടെ താഴ്മയെ
കടാക്ഷിച്ചു.
ഇപ്പോഠം മുതൽ സകല തലമുറകളും എന്നെ
ഭാഗ്യവതിയെന്ന പ്രകീർത്തിക്കും
ശക്തനായവൻ എനിക്കുവലിയ
കാര്യങ്ങഠം ചെയ്തിരിക്കുന്നു.
അവിടുത്തെ നാമം പരിശുദ്ധമാണ്
അവിടുത്തെ ഭക്തന്മാരുടെമേൽ
തലമുറകഠം തോറും അവിടുന്ന കരുണ വർഷിക്കും.
അവിടുന്ന തന്റെ ഭുജംകൊണ്ടു ശക്തി പ്രകടിപ്പിച്ചു
ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ
ചിതറിച്ചു.
ശക്തന്മാരെ സിംഹാസനത്തിൽ നിന്ന മറിച്ചിട്ടു.
എളിയവരെ ഉയർത്തി.

www.malankaralibrary.com



വിശക്കുന്നവരെ വിശിഷ്ടവിഭങ്ങൾകൊണ്ട്
സംതൃപ്തരാക്കി;
സമ്പന്നരെ വെറും കൈയോടെ പറഞ്ഞയച്ചു." [1]

മറിയത്തിന്റെ സ്തോത്രഗീതം നടുക്കുന്ന ഒരു വെളിപാടാണ്. ശക്തന്മാരെ സിംഹാസനത്തിൽനിന്നും ബഹിഷ്ക്കരിക്കുന്ന ദൈവം, എളിയവരെ ഉയർത്തുന്ന ദൈവം, വിശക്കുന്നവനെ വിശിഷ്ടവിഭവങ്ങൾകൊണ്ട് സംതൃപ്തനാക്കുന്ന ദൈവം. മനുഷ്യന്റെ സങ്കല്പങ്ങളും ധാരണങ്ങളും ഇവിടെ തകർന്നു വീഴുന്നു. മനുഷ്യൻ വലിയവനെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കുന്നു. ചെറിയവനെ പീഡകൾ കൊണ്ടു ഞെരുക്കുന്നു, മനുഷ്യൻ വലിയവനു സേവചെയ്യുന്നു: ചെറിയവനെ അധിക്ഷേപിച്ചു തള്ളുന്നു. സീസറും, അലക്സാണ്ടറും, നെപ്പോളിയനും വലിയവരാണ്: ചരിത്രത്തിൽ അവർക്കു സ്ഥാനമുണ്ട്. റോമിലും മാസിഡോണിയായിലും, പാരീസിലും ജീവിച്ചു മരിച്ച ചെറിയവരുടെ കഥ ആരും പറയാറില്ല. ചെറിയവരെ ആരും ശ്രദ്ധിക്കാറില്ല. ചെറിയവനെ ശ്രദ്ധിക്കുകയും, ആദരിക്കുകയും അവന്റെ ചെറിയ പ്രവൃത്തികൾക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നവനാണ് ദൈവം. ചെററക്കുടിലിൽ നിന്നു ഉയരുന്ന ചെറിയവന്റെ ഗാനം കേൾക്കുവാൻ ദൈവം കുടിലിന്റെ വാതില്ക്കലെത്തുന്നു.

"നീ നിന്റെ സിംഹാസനത്തിൽ നിന്നും ഇറങ്ങിവന്നു
എന്റെ കുടിലിന്റെ വാതിൽക്കൽനിന്നും.
ഞാൻ കുടിലിന്റെ ഒരു മൂലയിലിരുന്നു പാടുകയായിരുന്നു.

എന്റെ പാട്ടു നിന്നെ ആകർഷിച്ചു നീ ഇറങ്ങിവന്നു.

www.malankaralibrary.com



എൻെറ കുടിലിൻെറ വാതിൽക്കൽനിന്നു.
നിൻെറ മന്ദിരത്തിൽ വിശ്രഗായകർ പാടുന്നുണ്ട്,
രാവിലും പകലിലും
സംഗീതജ്ഞനല്ലാത്ത എൻെറ ലളിതഗാനം
നിൻെറ ഹൃദയത്തെ ഉണർത്തി.
ഒരു ദുഃഖഹൃദയത്തിൻെറ ഈരടി
വിശ്രഗായകരുടെ ഗാനവുമായിഅലിഞ്ഞുചേർന്നു.
നീ ഒരു പുഷ്പവുമായി
എൻെറ കുടിലിൻെറ വാതിൽക്കൽവന്നുനിന്നു''.

പ്രപഞ്ചകർത്താവ്, ഉന്നതനായവൻ ഏററവും ചെറിയവൻെറ കുടിലിൻെറ വാതിൽക്കൽ വന്നുനിന്നു. കവി അത്ര മൂന്നു പ്രാവശ്യം ആവർത്തിക്കുന്നു. ചെറിയവൻെറ പാട്ട് ദൈവം ഇഷ്ടപ്പെടുന്നു. അവനു സമ്മാനവുമായി ദൈവം എത്തുന്നു.

നാമെല്ലാം ചെറിയവരാണ്; അനന്തമായ സമയത്തിലെ ഒരു നിമിഷം അതാണു ജീവിതദൈർഘ്യം. പ്രപഞ്ചത്തിലെ അളക്കാനാവാത്ത വിശാലതയിൽ ഒരു ബിന്ദു; തീയിൽ ചാമ്പലാകുന്ന ശരീരം; മണ്ണിൽ മണ്ണാകുന്ന ശരീരം; തണുപ്പിൽ വിറക്കുന്ന ശരീരം: ചൂടിൽ കരിയുന്ന ശരീരം. നാം ചെറിയവരല്ലേ? ഈ ചെറിയവനെ ദൈവം പാലിക്കുന്നു; ഇഷ്ടപ്പെടുന്നു .നാം ദൈവത്തിൻെറ മുമ്പിൽ കൊച്ചുകുട്ടികളാണ്. നമ്മുടെ ഏററവും ചെറുതായ പ്രവൃത്തികളും ദൈവത്തിനു് ഇഷ്ടമാണ്. മൊസാർട്ടിൻെറ സംഗീതം മാത്രല്ല: അർത്ഥമില്ലാത്ത കിളികൊഞ്ചലും ഭൂമിക്കു ഭൂഷണമല്ലേ? ലിയോനാർഡ് ഡാർവിൻചിയുടെ ചിത്രം മാത്രമല്ല, ഒരു പിഞ്ചുകുഞ്ഞിൻെറ സ്ലേററിലെ ആദ്യത്തെ അക്ഷരവും സൃഷ്ടിയുടെ

www.malankaralibrary.com



അത്ഭുതമാണ്. ചെങ്കടലിനെ രണ്ടായി വേർതിരിച്ച മോസസ് വലിയവനാണ്! തിരഞ്ഞെടുക്കപ്പെട്ട പ്രവാചകനായ മോസസ് ചെങ്കടലിനെ വിഭജിച്ചു. അതുവലിയ പ്രവൃത്തിയാണ്. കുട്ടിയെ പാലൂട്ടുന്ന ഒരു അമ്മയുടെ പ്രവൃത്തിയും ഒട്ടും ചെറുതല്ല.

ആരാണ് വലിയവൻ? "ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏററവും വലിയവൻ" [2] യേശു ഒരുശിശുവിനെവിളിച്ചു അവരുടെ മദ്ധ്യേ നിറുത്തിക്കൊണ്ട് അരുളിച്ചെയ്തു!

നിങ്ങളുടെ ജീവിതത്തിന്റെ കുടിലിൽ, ഹൃദയത്തിന്റെ ചെറിയ ഗാനം പാടുമെങ്കിൽ സ്വർഗ്ഗപുഷ്പവുമായി ദൈവം നിങ്ങളുടെ മുമ്പിൽ ഉണ്ടായിരിക്കും.

---

ഗീതാഞ്ജലി 49; ലൂക്കാ. 1:46–53; 1, മത്താ. 18:2–3.

www.malankaralibrary.com

# 6

# വെളിച്ചമില്ലാത്ത വിളക്കുകൾ

രക്ഷ രണ്ടു തെരച്ചിലുകളുടെ സംഗമമാണ്; ദൈവം മനുഷ്യനെ തെരയുന്നു; മനുഷ്യൻ ദൈവത്തേയും. മനുഷ്യൻ ദൈവത്തെ തെരയുംമുമ്പ് ദൈവം മനുഷ്യനെ തെരയുന്നു. തെരഞ്ഞുവരുന്ന ദൈവത്തെ സ്വീകരിക്കാൻ നമ്മുടെ ഹൃദയം പലപ്പോഴും സന്നദ്ധമല്ല. രാത്രിയുടെ ഇരുട്ടിലൂടെയും പകലിന്റെ വെളിച്ചത്തിലൂടെയും പിന്തുടരുന്ന ദൈവത്തിൽനിന്ന് നാം ഓടി അകലാൻ ശ്രമിക്കുന്നു. ദൈവം ഹൃദയം തേടി വരുമ്പോൾ ദൈവത്തെ സ്വീകരിക്കാൻ സന്നദ്ധമല്ലാത്ത ഹൃദയത്തിന്റെ കഥയാണ് ഫ്രാൻസിസ് തോംസൺ തന്റെ കവിതയിൽ വിവരിക്കുന്നത്. ഗീതാഞ്ജലിയും സുവിശേഷവും ഈ കഥ രണ്ടും വ്യത്യസ്ത ഭാഷകളിൽ വിവരിക്കുന്നതു കേൾക്കുക.

www.malankaralibrary.com



''രാത്രി ഇരുട്ട പരന്നു.
പകലിലെ പണിയൊക്കെ തീർന്നു
കഴിഞ്ഞിരുന്നു.
ഞങ്ങളുടെ അവസാനത്തെ അതിഥിയും വന്നു
കഴിഞ്ഞു.
ഗ്രാമത്തിന്റെ വാതിലുകൾ ഞങ്ങൾ അടച്ചു.
ഒരാൾമാത്രം പറഞ്ഞു.
''ഒരതിഥികൂടിയുണ്ട്. ''നമ്മുടെ രാജാവു്''.
ഞങ്ങൾ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു.
''ഇല്ല, രാജാവു്, വരില്ല.''
രാത്രിയിൽ വാതിലിൽ ആരോ മുട്ടി.
''കാററായിരിക്കും'' ഞങ്ങൾ പറഞ്ഞു.
ഞങ്ങൾ ഉറങ്ങുവാൻ പോയി
ഒരാൾ പറഞ്ഞു. ''രാജാവിന്റെ സന്ദേശ
വാഹകനാണു്''
ഞങ്ങൾ ചിരിച്ചുകൊണ്ടുപറഞ്ഞു.
''കാററു കതകിൽ മുട്ടുകയാണു്''
രാത്രിയുടെ നിശ്ശബ്ദതയിൽ ഒരു ശബ്ദം കേട്ടു.
''അകലത്തെവിടെയോ ഇടി മുഴങ്ങുന്നു.''
''ഉറക്കത്തിൽ ഞങ്ങൾ ചിന്തിച്ചു.
ഭൂമി കുലുങ്ങി, ഭിത്തികൾ വിറച്ചു. ഞങ്ങളുടെ
ഉറക്കം അസ്വസ്ഥമായി.
ആരോ പറഞ്ഞു. ''ചക്രങ്ങളുടെ ശബ്ദമാണു്''
ഉറക്കത്തിന്റെ ആലസ്യത്തിൽ ഞങ്ങൾ പറഞ്ഞു.
''മേഘങ്ങളുടെ മുഴക്കമാണു്,''
അപ്പോഴും ഇരുട്ടായിരുന്നു.
വാദ്യം മുഴങ്ങി.
ഒരു ശബ്ദം ഞങ്ങൾ കേട്ടു.
''ഉണരൂ, വേഗം എഴുന്നേൽക്കൂ.''

www.malankaralibrary.com



ഞങ്ങൾ നെഞ്ചിൽ കൈകൾ അമർത്തി.
ഭീതികൊണ്ടു ഞങ്ങൾ നടുങ്ങി.
ആരോ വിളിച്ചു പറഞ്ഞു.
''നോക്കൂ, രാജകീയ പതാക.
ഞങ്ങൾ എഴുന്നേററു ഉറക്കെ വിളിച്ചുപറഞ്ഞു.
''ഇനി ഒട്ടും താമസിച്ചു കൂടാ.''
രാജാവു് വന്നു കഴിഞ്ഞു.
പക്ഷേ, വിളക്കുകളെവിടെ
പൂച്ചെണ്ടുകളെവിടെ
അവൻെറ സിംഹാസനമെവിടെ
എത്ര ലജ്ജാകരം
അവനുവേണ്ടി നാം മന്ദിരമൊരുക്കിയില്ല.
അലങ്കാരങ്ങൾ ഒരുക്കിയില്ല.
ആരോ വിളിച്ചു പറഞ്ഞു. വെറുതെയാണു്
നിങ്ങൾ നിലവിളിക്കുന്നതു്.
ശൂന്യമായ കൈകളോടെ അവനെ അഭിവാദ്യം
ചെയ്യുക.
അലങ്കാരങ്ങളില്ലാത്ത മുറിയിലേക്കു നയിക്കൂ,
വാതിലുകൾ തുറക്കൂ
ശംഖനാദം മുഴങ്ങട്ടെ.
ഇരുണ്ടു മൂകമായ നമ്മുടെ ഭവനത്തിൻെറ രാജാവു്
രാത്രിയുടെ നിശ്ശബ്ദതയിൽ എത്തിക്കഴിഞ്ഞു.
ആകാശത്തിൽ ഇടിനാദം മുഴങ്ങുന്നു.
ഇരുട്ടു മിന്നലേററു വിറയ്ക്കുന്നു.
നിൻെറ കീറിയ പായു്
മുററത്തു വിരിയ്ക്കൂ
ഭീകരമായ രാത്രിയുടെ രാജാവു് പെട്ടെന്നു
വന്നു കഴിഞ്ഞു.''

www.malankaralibrary.com



ഹൃദയത്തിന്റെ വാതിലുകൾ അടച്ചുകൊണ്ടു് നാം ഉറങ്ങാൻ പോകുന്നു. ഉറക്കത്തിൽ മലഞ്ചെരുവിൽ ഗാനം പടരുന്നു. മാലാഖമാരുടെ ഗാനം! അതു കേൾക്കാൻ നമ്മുടെ ഹൃദയം കാത്തിരിക്കുന്നില്ല. മലഞ്ചെരുവിലൂടെ കടന്നു പോകുന്ന കാററിൽ ദൈവത്തിന്റെ ശബ്ദം മുഴങ്ങുന്നു. 'ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം, നിങ്ങൾക്കുവേണ്ടി രക്ഷകൻ പിറന്നിരിക്കുന്നു.'' [1] രക്ഷയുടെ ശബ്ദം കേൾക്കാൻ നമുക്കു കഴിയാതെ പോകുന്നു. വാതിലിൽ മുട്ടുന്ന ശബ്ദത്തിൽ ദൈവത്തിന്റെ സ്വരമുണ്ടു്. ഭൂമിയെ കുലുക്കുന്ന, ഭിത്തികളെ വിറപ്പിക്കുന്ന ഇടിമുഴക്കത്തിൽ ദൈവം സംസാരിക്കുന്നു. കവിതയിലെ ആലങ്കാരിക ഭാഷ ഒരു നിത്യസത്യത്തെ വെളിപ്പെടുത്തുകയാണു്. വെളിച്ചവും വിശുദ്ധിയും ഹൃദയത്തിൽ ചൊരിയാൻ, നമ്മെ ധന്യമാക്കാൻ ദൈവം വരുന്നു. ജാഗരൂകരായിരിക്കുവിൻ. യേശു പറഞ്ഞ സുന്ദരസത്യത്തെ വി. മത്തായി രേഖപ്പെടുത്തുന്നു.

''സ്വർഗ്ഗരാജ്യം, വിളക്കുമെടുത്തു് മണവാളനെ എതിരേൽക്കാൻ പുറപ്പെട്ട പത്തു കന്യകമാർക്കു സദൃശം. അവരിൽ അഞ്ചുപേർ വിവേക ശൂന്യരും അഞ്ചുപേർ വിവേകവതികളുമായിരുന്നു. വിവേകശൂന്യകൾ വിളക്കെടുത്തപ്പോൾ എണ്ണ കരുതിയില്ല. വിവേകവതികളാകട്ടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്തിരുന്നു. മണവാളൻ വരാൻ വൈകി, ഉറക്കം വരികയാൽ കന്യകമാർ കിടന്നുറങ്ങി. അർദ്ധരാത്രിയിൽ ഇതാ മണവാളൻ പുറത്തുവന്നു. അവനെ എതിരേൽക്കുവിൻ എന്നു് ആർപ്പുവിളിയുണ്ടായി. ആ കന്യകമാരെല്ലാം ഉണർന്നു് വിളക്കുകൾ തെളിച്ചു. വിവേകശൂന്യകൾ വിവേകവതികളോടു പറഞ്ഞു. ഞങ്ങളുടെ വിളക്കുകൾ അണഞ്ഞുപോകുന്നതിനാൽ നിങ്ങളുടെ

www.malankaralibrary.com



എണ്ണയിൽ കുറെ ഞങ്ങൾക്കു തരിക. വിവേകവതികൾ മറുപടി പറഞ്ഞു. ഞങ്ങൾക്കും നിങ്ങൾക്കും മതിയാകാതെ വരുമെന്നതിനാൽ നിങ്ങൾ വില്പനക്കാരുടെ അടുത്തുപോയി വാങ്ങിക്കൊള്ളുവിൻ. അവർ വാങ്ങാൻ പോയപ്പോൾ മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടൊത്തു വിവാഹവിരുന്നിന് അകത്തു പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. പിന്നീട് മററു കന്യകമാർ വന്ന്, കർത്താവേ, കർത്താവേ, ഞങ്ങൾക്കു തുറന്നു തരേണമെ എന്ന് അപേക്ഷിച്ചു. അവൻ പ്രതിവചിച്ചു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ നിങ്ങളെ അറിയുകയില്ല. അതുകൊണ്ട് ജാഗ്രതയുള്ളവരായിരിക്കുവിൻ.'' [2]

അതിനാൽ ഉണർന്നിരിക്കുക. ദൈവത്തോടൊപ്പം നിങ്ങൾക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം ലഭിക്കും. കാത്തിരിക്കാത്തവർ വെളിച്ചമില്ലാത്ത വിളക്കുകളുമായി വെളിയിൽ നിൽക്കേണ്ടിയിരിക്കും. കാത്തിരിക്കുന്നവർ വെളിച്ചമുള്ള വിളക്കുകളുമായി നിത്യമായ കല്യാണവിരുന്നിൽ പങ്കു ചേരും.

''സ്വർഗ്ഗരാജ്യം മണവാളനെ
എതിരേററാർ കന്യകമാർപോൽ
നിദ്രാഭാരം ചേർന്നവരിൽ
രാവിൽ കേട്ടാർ ആർപ്പുവിളിയേവം
മണവാളൻ വന്നീടുന്നു
ജ്ഞാനികളവനെയെതിരേററാർ
ഭോഷികളായോരക്കന്യകമാരവർ വാതിൽ
പ്പുറമേ നിന്നു കരഞ്ഞല്ലോ;
അവരുടെ വ്യഥയോ വാക്കാൽ
വർണ്ണ്യമതാ—വില്ലാ,''

ശ്ഹീമോ നമസ്ക്കാരം.

---

ഗീതാഞ്ജലി 51. 1. ലൂക്കോ. 2: 14; 2 മത്താ. 25; 1–13

www.malankaralibrary.com

7

# ചങ്ങലകളുടെ തേങ്ങൽ

ഡോക്ടർ ഫോസ്ററസ് തന്റെ ആത്മാവിനെ പിശാചിനു് അടിയറവച്ചു. സമ്പത്തും ശക്തിയും വിജ്ഞാനവും അളവില്ലാത്തരീതിയിൽ തനിക്കു ലഭിക്കുമെന്നു് അദ്ദേഹം വിശ്വസിച്ചു. മരണ സമയമായപ്പോൾ ഡോക്ടർ ഫോസ്ററസ് നിലവിളിച്ചു. ''ക്രിസ്തുവിന്റെ ഒരു തുള്ളിരക്തത്തിനു ലോകത്തെ മുഴുവൻ രക്ഷിക്കാനാവും പക്ഷേ, എന്നെമാത്രം രക്ഷിക്കാനാവില്ല'' പ്രതാപങ്ങളുടെ നടുവിൽ ഫോസ്റ്റസ് ഒരു തടവുകാരനായിമാറിയിരുന്നു. പാപത്തിന്റെ അടിമത്വം. (Dr. Faustus Marlawe) യേശുക്രിസ്തു പാപിനിയായ മഗ്ദലനമറിയത്തോടു് നീതിയെപ്പററിയും ആത്മാവിനെ സംബന്ധിച്ചും സംസാരിച്ചതിനുമുമ്പു് അവളുടെ വിശ്വാസപ്രമാണമിതായിരുന്നു. ''സ്ത്രീക്കു ആത്മാവില്ല, ശരീരം മാത്രം, അവൾ ആരാധി

www.malankaralibrary.com



കുവാൻ പോകുന്ന ആലയം ഒന്നു മാത്രമാണ്. അവളുടെ ശരീരം. എനിക്കു പ്രിയം ചേറാണ്''. പാപത്തിൽ മുങ്ങിപ്പോയ വേശ്യയുടെ കഥയാണത്.

നാം പാപത്തിന്റെ അടിമകളല്ലേ? നാം നമുക്കു വേണ്ടി ചങ്ങലകൾ നിർമ്മിക്കുന്നു. ടാഗോർ ഈ അടിമത്വത്തിന്റെ കഥയെ കരുത്തുററ ഭാഷയോടെ വിവരിക്കുന്നു.

''തടവുകാരാ നിന്നെ ബന്ധിച്ചതാരാണ്?''

''എന്റെ യജമാനൻ'' തടവുകാരൻ മറുപടി നൽകി

സമ്പത്തിലും ശക്തിയിലും എല്ലാവരെയും വെല്ലുവാൻ കഴിയുമെന്നു ഞാൻ വിശ്വസിച്ചു. എന്റെ രാജാവിനു അവകാശപ്പെട്ട സമ്പത്തു ഞാൻ എന്റെ ഭവനത്തിൽ സംഭരിച്ചു. എന്റെ രാജാവിന്റെ കിടക്കയിൽ ഞാൻ കിടന്നുറങ്ങി. ഉണർന്നപ്പോൾ ഞാൻ എന്റെ ഭണ്ഡാരത്തിലെ തടവുകാരനായിരുന്നു.

'തടവുകാരാ തകർക്കാനാവാത്ത ഈ ചങ്ങല നിർമ്മിച്ചതാരാണ്?''

''ഞാൻ തന്നെയാണ്''

വളരെ ജാഗ്രതയോടെയാണ് ഞാൻ ഇതിനെ നിർമ്മിച്ചത്, എന്റെ ശക്തി അജയ്യമായിരിക്കുമെന്ന് ഞാൻ ധരിച്ചു.

ലോകം എനിക്ക് അധീനമായിരിക്കുമെന്നു ഞാൻ ചിന്തിച്ചു.

എനിക്കു സമ്പൂർണ്ണ സ്വാതന്ത്ര്യവും!

www.malankaralibrary.com



രാവിലും പകലിലും ഞാൻ പണി ചെയ്തു.
ആലയിലെ വലിയതീയും ചുററികയും ഞാൻ
ഉപയോഗിച്ചു.
തകർക്കാനാവാത്ത ചങ്ങലയെ ഞാൻ നിർമ്മിച്ചു.
ഞാൻ ചങ്ങലയ്ക്കുള്ളിൽ ഞെരിഞ്ഞു''.

അത്യുദാത്തമായ ഈ കവിഭാവന ആഴമേറിയ മനശ്ശാസ്ത്രവും അത്യഗാധമായ ദൈവശാസ്ത്രവുമാണ്. മനുഷ്യൻ ദൈവസേവനത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. ആത്മാവിന്റെ പൂർത്തീകരണമാണ് അവന്റെ ജീവിതലക്ഷ്യം. ആത്മാവിനെ നിഷേധിച്ചുകൊണ്ടു ജഡീകതയിൽ മുങ്ങുമ്പോൾ നാം തടവുകാരായിമാറുന്നു. ദൈവത്തെ നിഷേധിച്ചുകൊണ്ട് സമ്പത്തിനെ സേവിക്കുമ്പോൾ നാം നമുക്കുവേണ്ടി ചങ്ങലകൾ നിർമ്മിക്കുന്നു.

ജഡികമായി ജീവിക്കുന്നവരുടെ മനസ്സ്
ജഡികമായവയിലാണ്.
ആദ്ധ്യാത്മികമായി ജീവിക്കുന്നവരുടെ മനസ്സ്.
ആദ്ധ്യാത്മികമായവയിലാണ്.
ജഡത്തിൽ മനസ്സു വച്ചാൽ മരണമാണ്.
ആത്മാവിൽ മനസ്സു വച്ചാൽ ജീവനും സമാധാനവുമാണ്.
ജഡത്തിൽ ഊന്നിയ മനസ്സ് ദൈവത്തിനു വിരുദ്ധമാകുന്നു.
അതു ദൈവ നിയമത്തിനു കീഴ്പ്പെടുന്നില്ല,
കീഴ്പ്പെടാൻ അതിനു സാധ്യവുമല്ല.

ടാഗോറും വിശുദ്ധ പൗലോസും ഒരേ സത്യം ആവർ

www.malankaralibrary.com



ത്തിക്കുന്നു. സമ്പത്തിനെ പൂജിക്കുന്ന മനസ്സ് മരിക്കുന്നു. (ടാഗോർ) ജഡത്തെ പൂജിക്കുന്നവൻമരിക്കുന്നു. (വി. പൗലോസ്)

മനസ്സു ദൈവത്തിൽ ഊന്നുക. നിങ്ങളുടെ ഹൃദയം തേടുന്ന സ്വാതന്ത്ര്യവും ജീവനും നിങ്ങൾക്ക് അപ്പോൾ ലഭിക്കും. വി. അഗസ്റ്റിൻെറ വാക്കുകൾ എത്ര അത്ഥവത്താണ്. ''ഞങ്ങളുടെ ഹൃദയങ്ങൾ നിനക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്, നിന്നെ കണ്ടെത്തുവോളം ഞങ്ങളുടെ ഹൃദയം അസ്വസ്ഥമാണ്.''[2] സക്കേവൂസ് സമ്പത്തുകളുടെ നടുവിൽ അസ്വസ്ഥനായിരുന്നു. യേശു ഒരിക്കൽ ആ ഭവനത്തിൽ വന്നു. സമ്പത്ത് രാജാവിനും ദരിദ്രനും ഒരുപോലെയുള്ളതാണെന്ന് അയാൾ മനസ്സിലാക്കി. അത് അയാൾ പങ്കുവെച്ചു. അന്ന് അവൻെറ കുടുംബത്തിന് രക്ഷ കൈവന്നു. സമ്പത്തിൽ ലയിച്ചാൽ നാം തകരുന്നു. ഈശ്വരനിൽ ലയിച്ചാൽ നാം വളരുന്നു.

---

ഗീതാഞ്ജലി, 13, 1, റോമ. 8;5–9; 2. ലൂക്കാ. 19; 8–9

www.malankaralibrary.com

# 8

# നിശ്ശബ്ദസംഗീതം

ഉദയത്തിന്റെ നിറങ്ങളിൽ അലിയുമ്പോൾ ഹൃദയം നിറയെ സംഗീതമാണ്; നിശ്ശബ്ദമായ സംഗീതം.

അസ്തമയത്തിന്റെ ശോഭയിൽ അലിയുമ്പോൾ ഹൃദയംനിറയെ നിറങ്ങളാണ്. നിശ്ചലമായ നിറങ്ങൾ. ദിവ്യമായ മനുഷ്യമുഖത്തെ ധ്യാനിക്കുമ്പോൾ ഹൃദയമാകെ സൗന്ദര്യമാണ്. നിശ്ശബ്ദമായ സൗന്ദര്യം. സമ്പൂർണ്ണമായ സത്യത്തിന്റേയും നന്മയുടേയും മുമ്പിൽ മനുഷ്യഹൃദയം നിശ്ശബ്ദമാകുന്നു.

മരുഭൂമിയിലെ താപസ്സന്റെ നിശബ്ദത ദൈവവിശുദ്ധിയുടെ മുമ്പിലുള്ള നിശ്ശബ്ദതയാണ്; വനാന്തരത്തിൽ സന്യാസാശ്രമങ്ങളിൽ നിറഞ്ഞുപതയുന്ന നിശ

www.malankaralibrary.com


ബ്ദത ദൈവസൗന്ദര്യത്തിന്റെ മുമ്പിലുള്ള നിശ്ശബ്ദത യാണ്; വി. കുർബാനയുടെ മുമ്പിലുള്ള ആരാധക ന്റെ നിശബ്ദത അനന്തമായ സ്നേഹത്തിന്റെ മുമ്പിലുള്ള നിശബ്ദതയാണ്. സംഗീതത്തിന്റെ തരംഗങ്ങൾ നമ്മെ സ്തബ്ധരാക്കാറില്ലേ; നൃത്തത്തിന്റെ വശ്യത നമ്മുടെ ആത്മാവുകളെ കോരിത്തരിപ്പിക്കാറില്ലേ? ഏററവും അഗാധമായ ബന്ധങ്ങളുടെ ഭാഷയാണ് നിശബ്ദത. മനുഷ്യഹൃദയം ദൈവഹൃദയത്തിൽ അലിയുമ്പോൾ നിശ്ശ ബ്ദതനിറയുന്നു. മൗനത്തിന്റെ മാധുര്യത്തിൽ മനുഷ്യ ഹൃദയം ദൈവഹൃദയത്തെ അറിയുന്നു.

''അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്ന തിനു് യേശുവിനെ ആത്മാവു് മരുഭൂമിയിലേക്കു നയി ച്ചു. യേശു നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു.''[1] എന്തിനാണ് യേശു മരുഭൂമിയിലേക്കു പോയതു്. മരു ഭൂമി ദൈവസാന്നിദ്ധ്യം നിറഞ്ഞ വിശുദ്ധഭൂമിയാണ്. അവിടെ മനുഷ്യൻ ദൈവത്തെ അനുഭവിച്ചറിയുന്നു. അനുഭവത്തിന്റെ മൂർദ്ധന്യത്തിൽ ഹൃദയം നിറയുന്നു. ഹൃദയം നിറഞ്ഞു കവിയുമ്പോൾ നാം പാടാറുണ്ട്. പാട്ടു കളോടെയാണു നാം പ്രാർത്ഥന ആരംഭിക്കാറുള്ളതു്.

''നമ്മുടെ ശക്തികേന്ദ്രമായ ദൈവത്തെ
ഉച്ചത്തിൽ പാടിപ്പുകഴ്ത്തുവിൻ
യാക്കോബിന്റെ ദൈവത്തിനു
ആനന്ദത്തോടെ ആർപ്പുവിളിക്കുവിൻ.
തപ്പുകൊട്ടിയും, കിന്നരവും, വീണയും
ഇമ്പമായി മീട്ടിയും
ഗാനമുതിർക്കുവിൻ.''[2]

www.malankaralibrary.com



കിന്നരവും വീണയുമായി ദൈവസന്നിധിയിൽ നിൽക്കുന്ന ആരാധകൻ ദൈവഹൃദയത്തിൽ ലയിക്കു മ്പോൾ സ്വരങ്ങൾ നിലയ്ക്കുന്നു; സ്വർഗ്ഗം ഉണരുന്നു; ഒരു നിശ്ശബ്ദസ്വർഗ്ഗം.

''എനിക്കു ശബ്ദിക്കുവാൻ മോഹമുണ്ട്.
പക്ഷേ, എന്റെ ശബ്ദം സംഗീതമായി
ഒഴുകുന്നില്ല.

ഞാൻ അസ്വസ്ഥതയോടെ കരയുന്നു.
എന്റെ ഹൃദയത്തിന്റെ സംഗീതത്തിനു
അടിമയാക്കി....എനിക്കുസ്വരമില്ല.''

എല്ലാം മറന്ന് ദൈവത്തിന്റെ സംഗീതത്തിൽ ലയിക്കുക. അതിൽ ഉറങ്ങുക, മയങ്ങുക. സ്വന്തം ശബ്ദങ്ങളെ മറക്കുക. അതാണു നമ്മുടെ ശബ്ദത്തേക്കാൾ മഹത്വമേറിയ ആരാധന. എവിടെയാണീ സംഗീതം? പ്രപഞ്ചമാകെ അതു നിറഞ്ഞുതുളുമ്പുന്നു. ആകാശങ്ങ ളിൽ അത് ഒഴുകിപ്പരക്കുന്നു. പ്രതിബന്ധങ്ങളെ തകർ ത്തുകൊണ്ടു അതു കുത്തിയൊഴുകുന്നു. നിശ്ശബ്ദമായ, നിഷ് കളങ്കമായ അത്ഭുതത്തോടെ ഈ സംഗീതത്തെ കേൾക്കുക. നിങ്ങൾ നിശ്ശബ്ദരാകും. ആ നിശ്ശബ്ദതയിൽ ദൈവ ത്തിന്റെ മധുരമുള്ള സ്വരം നിങ്ങൾ കേൾക്കും.

ഗീതാഞ്ജലി–3. 1. മത്തായി 4: 1, 2; 2 സങ്കീ. 81: 1, 2

www.malankaralibrary.com

9

# മതിലുകൾക്കുള്ളിലെ ചത്ത ഹൃദയങ്ങൾ

നാം സഹോദരങ്ങളല്ലേ? പിന്നെ നാം എന്തിനാണ് വേർതിരിക്കുന്ന മതിലുകൾ കെട്ടിപ്പൊക്കുന്നത്. അമേരിക്കൻ കവി റോബർട്ട് ഫ്രോസ്റ്റ് എഴുതി. ''ഈ ഭിത്തി നിൽക്കുന്നിടത്തു ഭിത്തി ആവശ്യമില്ല.... മതിൽ പണിതുയർത്തുമ്പോൾ ഒരു കാര്യം ചിന്തിക്കണം. ആരെ വെളിയിൽ തള്ളുന്നുവെന്നും ആരെ ഉള്ളിൽ സ്വീകരിക്കുന്നുവെന്നും.'' ഭിത്തിക്കു വെളിയിൽ നാം തള്ളുന്നത് നമ്മുടെ സഹോദരരെയല്ലേ? ദൈവം മനുഷ്യരെ മക്കളെന്നു വിളിച്ചു, മനുഷ്യനോട്, സഹജീവിയെ സഹോദരാ എന്നു വിളിക്കുവാൻ കല്പിച്ചു. പക്ഷേ, നാം അതിനു തയ്യാറായില്ല. നാം മനുഷ്യനു മറെറാരു പേരു കൊടുത്തു: ശത്രു. ശത്രുവിനെ നാം യുദ്ധഭൂമിയിൽ കൊല്ലുന്നു. സാംസ്കാരിക വിപ്ലവകാ

www.malankaralibrary.com



ലത്തു് നിശ്ശബ്ദതപാലിച്ചതുകൊണ്ടു് അറസ്റ്റു ചെയ്യപ്പെട്ട നിയൻ ചെങ്ങ എന്ന സ്ത്രീ തന്റെ കഥ "Life and Health in Shangai" എന്ന പുസ്തകത്തിൽ രേഖപ്പെടുത്തി. അവർ ആ പുസ്തകത്തിൽ ഒരു കോടതി വിചാരണ വിവരിക്കുന്നു:

"നിങ്ങൾ കുററം ഏററുപറയില്ലേ"? ഒരാൾ പിന്നെയും ചോദിച്ചു. ഞാൻ നിശബ്ദമായി 23—ാം സങ്കീർത്തനം ചൊല്ലുകയായിരുന്നു.

"ദൈവം എന്റെ ഇടയനാണു്

എനിക്കു ഒന്നിനും മുട്ടുണ്ടാവുകയില്ല."

"നിങ്ങൾക്കു നാവില്ലേ? കുററം ഏററു പറയൂ."

അവർ ഉറക്കെ വിളിച്ചു പറഞ്ഞു.

ഞാൻ ശിരസ്സു് ഉയർത്തി ഉറച്ചസ്വരത്തിൽ പറഞ്ഞു:

"ഞാൻ കുററം ചെയ്തിട്ടില്ല. അതുകൊണ്ടു് ഏററു പറയാനും ഒന്നുമില്ല"

ഒരു യുവാവു് എന്റെ കൈകൾ പിറകിൽ കെട്ടി ബന്ധിച്ചു. എന്റെ കൈകളിൽ ചങ്ങലയിട്ടു. അപരൻ എന്നിൽനിന്നും വ്യത്യസ്ഥമായ വിശ്വാസങ്ങൾ വച്ചു പുലർത്തുന്നതുകൊണ്ടു് വെറുപ്പിന്റെ മതിലുകൾ പണിതു. നാം സഹജീവിയെ പുറന്തള്ളുന്നു. അവന്റെ കൈകളിൽ ചങ്ങലയിടുന്നു.

പഞ്ചാബിൽ ലാൻറുമിൽ 40 ബസ്സ് യാത്രക്കാരെ ഭീകരർ വെടിവച്ചു കൊന്നു. 24 മണിക്കൂർ കഴിയും മുമ്പു് ഹരിയാനയിൽ 36 യാത്രക്കാരേയും അവർ വെടിയുണ്ടക്കിരയാക്കി. കാരണം കൊല്ലപ്പെട്ടവരെ അവർ ശത്രു

www.malankaralibrary.com



ക്കളെന്ന കണ്ടെത്തി. വെറുപ്പിന്റെ മതിലുകൾ ഉയർത്തി സ്വന്തം സഹജീവിയെ നാം നിഷേധിക്കുമ്പോൾ നമ്മിലെ മനുഷ്യത്വം മരിക്കുന്നു. മതിലുകൾക്കു ള്ളിലെ ചത്തഹൃദയവുമായി നാം ജീവിക്കുന്നു. ടാഗോർ ഗീതാഞ്ജലിയിൽ പ്രാർത്ഥിക്കുന്നു:

ഇടുങ്ങിയ ചിന്താഗതിയുടെ മതിലുകൾ
അത്, ഒന്നായലോകത്തെ
വെട്ടി മുറിച്ചു വേർതിരിക്കുന്നു.
അങ്ങനെ സംഭവിക്കാത്ത
സ്വർഗ്ഗസ്വാതന്ത്ര്യത്തിലേക്കു
പിതാവേ, എന്റെ രാഷ്ട്രത്തെ ഉണർത്തേണമേ!

''ഞാൻ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ,'' യേശു പഠിപ്പിച്ചു. സ്നേഹം ഒന്നി പ്പിക്കുന്നു, ഹൃദയങ്ങൾ ഒന്നായിത്തീരുന്നു. മതിലുകൾ ഇടിയുന്നു, കൈകൾ കോർത്തു മനുഷ്യച്ചങ്ങല ഉണ്ടാക്കി, വെറുപ്പിന്റെ വെട്ടേററു ഛിന്നഭിന്നമാകാത്ത ഒരു ലോക ത്തെ സൃഷ്ടിക്കാൻ നമുക്കു കർത്തവ്യമുണ്ട്. സ്നേഹ ത്തിന്റെ ഊഷ്മളവികാരത്തോടെ ലോകത്തെ മുഴുവൻ വാരിപ്പുണരുവാൻ യേശുക്രിസ്തു നമ്മോടു കല്പിക്കുന്നു. മതത്തിന്റെ, ജാതിയുടെ, ഭാഷയുടെ, വർഗ്ഗത്തിന്റെ, സംസ്കാരത്തിന്റെ വേർതിരിക്കുന്ന മതിലുകൾ നമുക്കു ആവശ്യമില്ല. അവയെ തകർക്കുന്ന സ്നേഹ ത്തിന്റെ അഗ്നി, ഹൃദയത്തിൽ നിറഞ്ഞു തുളുമ്പട്ടെ!!!

---

ഗീതാഞ്ജലി-35

# 10

# കണ്ണീർത്തുള്ളികളുടെ മുത്തുമാല

ഏററവും സ്വന്തമായതു ദുഃഖമല്ലേ? അതുകൊണ്ടു് ഏററവും വിലപിടിപ്പുള്ള അർച്ചന രക്തമല്ലേ? ഏററവും ആഴമേറിയ ദുഃഖങ്ങൾ ആർക്കും തൊടാനാവാത്തവിധം അഗാധമാണു്. നാം അതു് ഒററക്കു സഹിക്കുന്നു. തികച്ചും സ്വന്തമായതിൻെറ അർച്ചനയാണു് ഏററവും വിലയേറിയ അർച്ചന. ദുഃഖങ്ങൾ തീയായി മനസ്സിൽ ആളിപ്പടർന്നു് രാത്രിയിൽ യേശു രക്തം വിയർത്തു. ആ രക്തത്തുള്ളികളെ പിതാവിനു് അർപ്പിച്ചു.

"പിതാവേ, എൻെറ ഇഷ്ടമല്ല, നിൻെറ ഇഷ്ടം നിറവേറട്ടെ"[1] ആത്മാവു പോലും ചോരയിൽ കുതിർന്ന ഇരുണ്ട നിമിഷങ്ങൾ! യേശു വേദനയിൽ പുളഞ്ഞു. "പിതാവേ, നീ എന്നെ എന്തുകൊണ്ടു കൈവിട്ടു."

www.malankaralibrary.com



യേശു കരഞ്ഞു. ദുഃഖത്തിന്റെ നിലവിളി പെട്ടെന്ന അച്ച്നയുടെ സങ്കീർത്തനമാക്കി യേശു മാററുന്നു. ''പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു''[2] ക്രൈസ്തവപാരമ്പര്യം ദുഃഖത്തെ എന്നും അച്ച്നയാക്കിയിട്ടുണ്ട്.

''ദുഃഖത്തിന്റെ പാനപാത്രം
കർത്താവെന്റെ കൈയിൽ തന്നാൽ
സന്തോഷത്തോടതു വാങ്ങി
ഹല്ലേലുയ്യാ പാടീടും ഞാൻ''

ചിലപ്പോൾ ജീവിതം അടിമുതൽ മുടിവരെ വ്രണങ്ങൾ കൊണ്ടു നിറയുന്നു. അപ്പോൾ ദുഃഖത്തിന് അതിരുകളില്ല. ''ജോബ് ചാരത്തിൽ ഇരുന്നു ഓട്ടു കഷണം കൊണ്ടു ശരീരം ചുരണ്ടിക്കൊണ്ടിരുന്നു.
അദ്ദേഹം നിലവിളിച്ചു.

''ജനിച്ചയുടൻ ഞാൻ മരിക്കാഞ്ഞതെന്ത്?
അമ്മയുടെ ഉദരത്തിൽ നിന്നു പുറത്തു വന്നയുടനേ
എന്റെ ജീവിതം അവസാനിച്ചില്ല?
എന്റെ അമ്മ എന്തിന് എന്നെ മടിയിൽ
കിടത്തി ഓമനിച്ചു?
എന്തിന് എന്നെ പാലൂട്ടി വളർത്തി?
ഞാൻ നിദ്രയണഞ്ഞു ശാന്തി അനുഭവിക്കുമായിരുന്നല്ലോ![3]

ദുഃഖങ്ങൾ നമ്മെ നിരാശയിൽ ആഴ്ത്താറുണ്ട്. ആ നിരാശ തികച്ചും മാനുഷികവുമാണ്. നിരാശയിൽ നിന്നും ഉണർന്നെണീററു ദുഃഖം നിറഞ്ഞ ഹൃദയത്തെ ദൈവത്തിന് അർപ്പിക്കുവാനുള്ള ശക്തി നമുക്കുണ്ടാവണം

www.malankaralibrary.com



ജീവിതം ദുഃഖത്തിന്റെ വെറും നെടുവീർപ്പായി മാറരുത്. അച്ചനയുടെ ഗാനാലാപമായി അതിനെ ഉയർത്തണം.

ടാഗോർ പാടുന്നു.

''അമ്മേ കണ്ണീരിന്റെ മുത്തുമണികൾകൊണ്ടു്
ഞാൻ ഒരു മാല കൊരുക്കും.
അമ്മയുടെ കഴുത്തിൽ ഞാൻ അതു് അണിയിക്കും.
നിന്റെ കാലുകളിൽ നക്ഷത്രങ്ങളുടെ
ചിലങ്കകൾ തിളങ്ങുന്നു.
നിന്റെ കഴുത്തിൽ ഞാൻ കോർത്ത മാലയും.
സമ്പത്തും പ്രശസ്തിയും
നിന്റെ ദാനങ്ങളാണു്.
എന്റേതല്ല.
ദുഃഖങ്ങൾ മാത്രമാണു്,
എന്റെ സ്വന്തമായതു്.
അവ നിനക്കു ഞാൻ അർപ്പിക്കും
അപ്പോൾ നിന്റെ കൃപ എന്നെ
ധന്യനാക്കും''

ഗീതാഞ്ജലി—83; 1. ലൂക്കോ. 22:4; 2. ലൂക്കോ. 23:46;
3. ജോബ്. 3:9—13

www.malankaralibrary.com

11

# ഇതാണ് എന്റെ പ്രിയൻ

[1] എന്റെ പ്രിയൻ സൂര്യനെപ്പോലെ തേജസ്സുററവൻ,
പതിനായിരങ്ങളിൽ അതിശ്രേഷ്ഠൻ.
അവന്റെ ശിരസ്സ് തനിത്തങ്കമാണ്.
കാക്ക കറുപ്പുള്ള അവന്റെ
അളകാവലി തിരമാലയ്ക്കു തുല്യം
അവന്റെ കണ്ണുകൾ അരുവിക്കരയിലെ
പ്രാവുകളെപ്പോലെയാണ്.
പാലിൽ കുളിച്ചു തൂവലൊതുക്കിയ
അരിപ്രാവുകളെപ്പോലെ തന്നെ.
അവന്റെ കവിളുകൾ സുഗന്ധദ്രവ്യങ്ങളുടെ
തടങ്ങൾ പോലെയാണ്.
അവിടെ നിന്ന് പരിമളം പൊഴിയുന്നു.
അവന്റെ അധരം ലില്ലിപ്പൂക്കളാണ്
അവിടെ നിന്നു നറുംപശദ്രവ്യം
ഇററു വീഴുന്നു.

www.malankaralibrary.com



അവന്റെ ഭുജങ്ങൾ രത്നം പതിച്ച
സുവർണ്ണ ദണ്ഡുകൾ.
അവന്റെ ശരീരം ഇന്ദ്രനീലം പതിച്ച
ദന്ത നിർമ്മിതിയാണു്.
അവന്റെ കാലുകൾ സുവർണ്ണതലത്തിൽ
ഉറപ്പിച്ച വെണ്ണക്കൽ സ്തംഭങ്ങൾ
അവന്റെ ആകാരം ലബനോനിലെ
വിശിഷ്ടമായ ദേവദാരു പോലെയാണു്.
അവന്റെ മൊഴികൾ അതിമധുരമാണു്.
അവൻ എല്ലാം കൊണ്ടും അഭികാമ്യനാണു്.
ജറുസലേം പുത്രിമാരേ,
ഇതാണു് എന്റെ പ്രിയൻ,
ഇതാണെന്റെ തോഴൻ.

ദൈവത്തെതിരയുന്ന മനുഷ്യാത്മാവിന്റെ കഥ. സ്ത്രീ പുരുഷബന്ധങ്ങളുടെ ഭാഷ ഉപയോഗിച്ചു് വേദ പുസ്തകം വിവരിക്കുകയാണു്. ജീവിതത്തിലെ ഏററവും തീവ്രമായ സ്നേഹാനുഭവം, സ്ത്രീ പുരുഷ സംഗമത്തിലാണു്. സ്ത്രീ പുരുഷനിൽ അനുരക്തയാകുന്നു. തന്റെ കാമുകനിൽ അവൾ അളവില്ലാത്ത സൗന്ദര്യത്തെ കാണുന്നു. അവളുടെ ഹൃദയം എന്നും അയാളെ തിരയുന്നു. കൃപയാൽ നിറയപ്പെട്ട ഹൃദയങ്ങൾ ദൈവത്തിൽ അനന്ത സൗന്ദര്യത്തെ കാണുന്നു, ദൈവത്തിൽ മനുഷ്യൻ അനുരക്തനാകുന്നു. അസാധാരണമെന്നു് നാം ചിന്തിക്കാറുള്ള ഈ പ്രതിഭാസം വിശുദ്ധരുടേയും മിസ്റ്റിക്കുകളുടേയും അനുഭവമാണു്. ആധുനിക മനശ്ശാസ്ത്രം. തുംഗാനുഭവങ്ങളുടെ (peak—experience)— മേഖലയിൽ ഇതിനു സ്ഥാനം നൽകിയിട്ടുണ്ടു്. അനന്തതയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അനന്തതയെ തിര

www.malankaralibrary.com



യുകയും അനുഭവിക്കുകയും ചെയ്യുക എന്നതു് അവന്റെ പ്രകൃതിയുടെ ഭാവമാണു്. ഈ അനുഭവം ഒരു മിഥ്യ യല്ല, മനുഷ്യപ്രകൃതിയെ സമ്പൂർണ്ണമാക്കുന്ന സത്യമാണു്. കവി ചോദിക്കുന്നു:

നിങ്ങളറിഞ്ഞില്ലേ
മുള്ളുകൾക്കു നടുവിൽ
പൂവു് ഭംഗിയോടെ വിരിഞ്ഞു നിൽക്കുന്നു.
എഴുന്നേൽക്കുക
നമുക്കു് അവിടേക്കു വേഗം പോകാം.
.............................................
കല്ലുകൾ നിറഞ്ഞ ഈ വഴിയുടെ അന്ത്യത്തിൽ
കളങ്കമേൽക്കാത്ത ഏകാന്തതയുടെ രൂപമുണ്ടു്.
അവിടെ എന്റെ സ്നേഹിതൻ
ഒററയ്ക്കിരിക്കുന്നു.
എഴുന്നേൽക്കുക, നമുക്കു അവിടേക്കു പോകാം.
.............................................
മദ്ധ്യാഹ്ന സൂര്യൻ കത്തിയെരിയുന്നുണ്ടു്.
ചൂടിൽ ആകാശം വിറയ്ക്കുന്നു.
ചുട്ടു പഴുത്ത മണൽത്തരികൾ ദാഹിക്കുന്നു.
എങ്കിലും എഴുന്നേൽക്കുക.
നമുക്കു് അവിടേക്കു വേഗം പോകാം.
.............................................
ഇതു ദിവ്യതീർത്ഥാടനമാണു്.
ഹൃദയത്തിന്റെ ആഴങ്ങളിൽ ആനന്ദമില്ലേ.
തിരച്ചിലിന്റെ നിർവൃതിയുള്ള
നിങ്ങളുടെ പാദങ്ങൾ
നടപ്പാതയെ തൊടുമ്പോൾ
വേദനയുടെ മധുരസംഗീതം ഉണരുന്നില്ലേ?''!

www.malankaralibrary.com



ചൂടിൽ പഴുത്ത മണൽപ്പരപ്പു്, കല്ലുകൾ നിറഞ്ഞ വഴി ഇവയൊന്നും തിരച്ചിലിനു തടസ്സമല്ല. കാരണം ഹൃദയത്തിന്റെ നാഥനെ കണ്ടെത്താനുള്ള തിരച്ചിലാണു്

''ഞാൻ എഴുന്നേററു നഗരത്തിൽ
തേടി നടക്കും.
തെരുവീഥികളിലും തുറസ്സായ സ്ഥലങ്ങളിലും
എന്റെ പ്രാണപ്രിയനെ
ഞാൻ തിരക്കും.''[2]

തിരയൂ. തേനിനേയും തേൻകട്ടയേയുംകാൾ മാധുര്യമുള്ള വചനം നിങ്ങൾ നിങ്ങളുടെ ദൈവത്തിന്റെ നാവിൽ നിന്നു കേൾക്കും.

---

ഗീതാഞ്ജലി 55; 1.ഉത്തമഗീതം 5: 10,16; ഉത്തമഗീതം 3: 2,3

www.malankaralibrary.com

# 12

# നീ എൻെറ വെളിച്ചം

ചിലപ്പോഴൊക്കെ മനുഷ്യൻെറ മനസ്സ് ചക്രവാള സീമകൾക്ക പുറത്തേക്ക എത്തിനോക്കാറുണ്ട്; അനന്തതയെ ഉററു നോക്കാറുണ്ട്: കളങ്കങ്ങളെ തുടച്ചുനീക്കി പരിശുദ്ധമായി ജീവിക്കുവാൻ ആഗ്രഹിക്കാറുണ്ട്! കറ പുരളാത്ത ജീവിതത്തിനുവേണ്ടിയുള്ള ദാഹം ടാഗോർ പ്രകടിപ്പിക്കുന്നു:

''എൻെറ ജീവൻ നിൻെറ ദാനമാണ്.
നിൻെറ സ്പർശനത്താൽ പവിത്രമാക്കപ്പെട്ട
എൻെറ ശരീരത്തെ ഞാൻ നിർമ്മലമായി
കാത്തു സൂക്ഷിക്കും.

.............................................

എൻെറ ബുദ്ധിക്ക പ്രകാശം നൽകിയ
സത്യം നീ ആണ്.
എൻെറ ചിന്തകളിലെ എല്ലാ അസത്യങ്ങളേയും

www.malankaralibrary.com



ഞാൻ നീക്കം ചെയ്യും.

..............................................

എൻെറ ഹൃദയത്തിൻെറ അന്തരാരയിൽ
നീ വസിക്കുന്നു.
എല്ലാ തിന്മകളും എൻെറ ഹൃദയം ഉപേക്ഷിക്കും.
സ്നേഹം പൂത്തു നിൽക്കുന്ന ഹൃദയമായിരിക്കും,
എൻേറതു്.

..............................................

പ്രവർത്തിക്കുവാനുള്ള ശക്തി
നീയാണെനിക്കു നൽകിയതു്.
എൻെറ വിശുദ്ധമായ പ്രവർത്തനങ്ങളിലൂടെ
ഞാൻ നിന്നെ വെളിപ്പെടുത്തും.''

ദൈവം നൽകിയ ജീവനെ പവിത്രമായി സൂക്ഷിക്കുവാൻ, ശരീരത്തെ നിർമ്മലമായി കാത്തുകൊള്ളാൻ നമുക്കു കടമയുണ്ടു്. അതിനെ കളങ്കരഹിതമായി സൂക്ഷിക്കുന്നവൻ പരിശുദ്ധനാണു്. അസത്യം മനുഷ്യപ്രകൃതിയുടെ നിഷേധമാണു്. ദൈവം എന്ന സത്യത്തിലുള്ള പങ്കു ചേരലാണു് ബുദ്ധി. അങ്ങനെ അസത്യം ദൈവനിഷേധവും,. മനുഷ്യപ്രകൃതിയുടെ നിഷേധവുമാണു്. അസത്യത്തിൻെറ ലവലേശം പോലും ഹൃദയത്തിൽ ഉണ്ടാവരുതു്. ''നിങ്ങളുടെ വാക്കു് അതേ, അതേ എന്നോ, അല്ല എന്നോ ആയിരിക്കട്ടെ.'' സത്യസന്ധമാണെങ്കിൽ നിങ്ങൾ ദൈവത്തെ വെളിപ്പെടുത്തുന്ന വിശുദ്ധനായ ഒരു വ്യക്തി ആയിരിക്കും. ദൈവം വസിക്കുന്ന ദൈവാലയമാണു് നമ്മുടെ ഹൃദയം. ആ വിശുദ്ധ ആലയത്തിൽ കളങ്കം പാടില്ല.

---

ഗീതാഞ്ജലി 4

www.malankaralibrary.com

# 13

## ഒന്നു മാത്രമേ ആവശ്യമുള്ളു

"അവർ പോകുന്നവഴി അവർ ഒരു ഗ്രാമത്തിൽ പ്രവേശിച്ചു. മാർത്താ എന്നു പേരുള്ള ഒരുവൾ അവനെ സ്വഭവനത്തിൽ സ്വീകരിച്ചു. അവൾക്കു മറിയം എന്നു പേരായ ഒരു സഹോദരിയുണ്ടായിരുന്നു. അവൾ കർത്താവിന്റെ വചനങ്ങൾ കേട്ടുകൊണ്ട് അവന്റെ പാദത്തിങ്കൽ ഇരുന്നു. മാർത്തായാകട്ടെ പലവിധ ശുശ്രൂഷകളിൽ മുഴുകി വ്യഗ്രചിത്തയായിരുന്നു. അവൾ അവന്റെ അടുത്തുചെന്നു പറഞ്ഞു: കർത്താവേ, ശുശ്രൂഷയ്ക്കായി എന്റെ സഹോദരി എന്നെ തനിയെ വിട്ടിരിക്കുന്നത് നീ ശ്രദ്ധിക്കുന്നില്ലേ? എന്നെ സഹായിക്കാൻ അവളോടു പറയുക. കർത്താവ് അവളോടു പറഞ്ഞു: മാർത്താ, മാർത്താ, നീ പലതിനെക്കുറിച്ചും ഉൽക്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ഒന്നുമാത്രമേ ആവശ്യമുള്ളു. മറിയം നല്ലഭാഗം തിരഞ്ഞെടുത്തിരിക്കുന്നു, അത് അവ

www.malankaralibrary.com



ളിൽ നിന്നു എടുക്കപ്പെടുകയില്ല.'' ദൈവത്തിൻെറ സന്നിധിയിൽ ഇരിക്കുക ധന്യമായ ഒരു അനുഭവമാണ്. ആ നിമിഷങ്ങളിൽ നമ്മുടെ ആത്മാവു സത്യവും സൗന്ദര്യവും നന്മയും അറിയുന്നു. അവയിൽ ലയിക്കുന്നു. ആ സാന്നിദ്ധ്യത്തിൽ നാം രൂപാന്തരപ്പെടുന്നു. മോസ്സസ് മലയുടെ മുകളിലേക്കു പോയി, ദൈവത്തിൻെറ സന്നിധിയിലേക്ക്. അത്യുഗ്രശക്തിയായി അദ്ദേഹം തിരിച്ചു വന്നു. യേശു രാത്രിയുടെ നിശ്ശബ്ദതയിൽ പിതാവിൻെറ സന്നിധി പ്രാപിച്ചു. അത്യുഗ്രസ്നേഹമായി അദ്ദേഹം തിരിച്ചുവന്നു. ഫ്രാൻസിസ് അസീസി നീണ്ട ദിനങ്ങൾ ദൈവത്തിൻെറ സന്നിധിയിൽ ചിലവഴിച്ചു. പുതിയൊരു ക്രിസ്തുവായി അദ്ദേഹം തെരുവിലേക്കു വന്നു. ദൈവത്തിൻെറ സന്നിധിയിൽ രൂപാന്തരപ്പെടാതിരിക്കുക അസാധ്യമാണ്. ദൈവത്തിൻെറ തിരുസന്നിധാനത്തിലിരിക്കാനുള്ള മനുഷ്യൻെറ ആഗ്രഹത്തെ ടാഗോർ അതീവ ഭംഗിയോടെ വിവരിക്കുന്നു:

ഞാൻ നിൻെറ സന്നിധിയിൽ
ഒരു നിമിഷം ഇരുന്നോട്ടെ
എനിക്കു ചെയ്യുവാനുള്ളതു
ഞാൻ പിന്നെ ചെയ്തു തീർത്തുകൊള്ളാം

..........................................

നീ അടുത്തില്ലെങ്കിൽ
എൻെറ ഹൃദയം അസ്വസ്ഥമാണ്
എൻെറ ജോലികൾ ഒരിക്കലും
തീരാത്ത കഠിനപ്രയത്നമായി മാറുന്നു

..........................................

ഇന്ന് എൻെറ ജനാലയ്ക്കരികിൽ
വേനൽ വന്നു കഴിഞ്ഞു,

www.malankaralibrary.com



നെടുവീർപ്പും മർമ്മരവും ഞാൻ കേൾക്കുന്നു.
പൂന്തോട്ടത്തിലെ രാജമന്ദിരത്തിൽ
തേനീച്ചകൾ സംഗീതം ഉണർത്തുന്നു.
.........................................
നിന്റെ മുഖം ദർശിച്ചുകൊണ്ട്
നിശ്ശബ്ദമായിരിക്കാനുള്ള സമയമാണിത്.
ജീവിതത്തിന്റെഅർപ്പണഗാനം
പാടുവാനുള്ള നിശ്ശബ്ദധന്യമായവിശ്രമവേള!

വീണമീട്ടിക്കൊണ്ട മീറാബായി ഈ സന്നിധാനത്തിലി രുന്നു പാടി. അമ്മ ത്രേസ്യ നിശ്ശബ്ദതയിൽ ലയിച്ചു കൊണ്ട ഹൃദയത്തിന്റെ ആരാധനാഗാനം പാടി. ദാവീദ് ദൈവത്തിന്റെ സന്നിധിയിൽ സങ്കീർത്തനം ആലപിച്ചു. ടാഗോർ ഗീതാഞ്ജലിയുമായി ദൈവത്തി ന്റെ സന്നിധിയിൽ നിലകൊള്ളുന്നു. ആ തിരുസന്നി ധാനം മനുഷ്യനെ ദിവ്യനാക്കുന്നു. ഒന്നു മാത്രമേ ആവശ്യമുള്ളൂ: ദൈവം. അതു ലഭിക്കുമ്പോൾ എല്ലാം ലഭിക്കുന്നു. ജീവിതം പുഷ്പിക്കുന്നു: ഫലമണിയുന്നു.

---

ഗീതാഞ്ജലി 5; ലൂക്കാ 10.38–42

www.malankaralibrary.com

14

# വെളിച്ചമേ, വരൂ

ദീപങ്ങരം കെടുത്തിക്കൊണ്ടു് ഇരുട്ടിൽ ഒളിക്കു ന്നവർ ഉണ്ടു്. 'വെളിച്ചം കെടുത്തു, വെളിച്ചം കെടുത്തു' ഒഥല്ലോ ഭാര്യയെ ഞെരിച്ചുകൊല്ലുംമുമ്പു് ആക്രോശിച്ചു. ഇരുട്ടിൽ ഇരുന്നുകൊണ്ടു വെളിച്ചത്തിനുവേണ്ടി തിര യുന്നവർ ഉണ്ടു്. ''വെളിച്ചമേ നയിച്ചാലും''—കാർഡി നൽ ന്യൂമൻ പ്രാത്ഥിച്ചു. പരിമിതനായ മനുഷ്യൻ അപ രിമേയതയെ തൊടാൻ ദൈവകൃപയ്ക്കായി യാചിക്കുന്നു. പാപിയായ മനുഷ്യൻ പൂണ്ണത നേടുവാൻ ദൈവത്തിൻെറ വരത്തിനായി പ്രാത്ഥിക്കുന്നു. വ്യക്തിത്വത്തിൻെറ പൂണ്ണ തയ്ക്കുവേണ്ടിയുള്ള ദാഹം ദൈവകൃപ സ്പർശിച്ച മനുഷ്യ പ്രകൃതിയിൽ ഉരംചേന്നു നിൽക്കുന്നു. ഹിന്ദുവും ക്രിസ്ത്യാ നിയും ഒരു പോലെ പൂണ്ണതയ്ക്കുവേണ്ടി പ്രാത്ഥിക്കുന്നു.

[1] ''നാഥാ എൻെറ ഹൃദയത്തിൻെറ ശൂന്യതയെ നീ

www.malankaralibrary.com



തകർക്കു.'' [1]ശൂന്യത നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. ആകാശങ്ങൾക്കുവേണ്ടിയുള്ള അഗാധതയുടെ നിലവിളിയാണു മനുഷ്യൻ; ഇരുട്ടിന്റെ ദുരൂഹതയാണു മനുഷ്യൻ. മരണത്തിന്റെ വേദനയാണു മനുഷ്യൻ. സ്വർഗ്ഗത്തിലേക്കു കണ്ണുകൾ ഉയർത്തുവാൻപോലും മനുഷ്യൻ യോഗ്യനല്ല. ''എന്നാൽ ചുങ്കക്കാരൻ വളരെ അകലെ നിന്നു തന്റെ കണ്ണുകൾ സ്വർഗ്ഗത്തിലേക്കു ഉയർത്തുകപോലും ചെയ്യാതെ മാറത്തടിച്ചു പ്രാർത്ഥിച്ചു ''ദൈവമെ, പാപിയായ എന്റെ മേൽ കനിയണമെ.'' [2]ശൂന്യതയെ തകർക്കുന്നവനാണു ദൈവം. മരുഭൂമിയിൽ മന്നപൊഴിച്ച ദൈവം; അവിടുത്തെ പാറക്കെട്ടുകളിൽ അരുവികളെ ഉണർത്തിയവനാണു ദൈവം; തകർന്ന ദാവീദിന്റെ ഹൃദയത്തിൽ സംഗീതം നൽകിയ ദൈവം; പ്രാർത്ഥിക്കു; ദൈവം നമ്മുടെ ഹൃദയത്തിന്റെ ശൂന്യതയെ തകർക്കും. മരുഭൂമിയിൽ നീർച്ചാലുകളുണരും.

ആനന്ദത്തിന്റെ ലഹരിയിൽ സത്യത്തെ മറക്കാതിരിക്കാൻ, ദുഃഖങ്ങളിൽ സത്യത്തെ നിഷേധിക്കാതിരിക്കാൻ ദൈവത്തിന്റെ കൃപാവരം നമുക്കാവശ്യമാണ്.

''ആനന്ദങ്ങളെ സമചിത്തതയോടെ അനുഭവിക്കാനും, ദുഃഖങ്ങളെ സമചിതയോടെ സഹിക്കാനും എനിക്കു ശക്തിതരു'' [3]ജീവിതത്തിന്റെ ആനന്ദങ്ങൾ ഭ്രാന്തു പിടിപ്പിക്കാറുണ്ടു. അപ്പോൾ നാം യാഥാർത്ഥ്യങ്ങളെ മറക്കുന്നു. ധനവാൻ സമ്പത്തുക്കളും ധാന്യങ്ങളും വാരിക്കൂട്ടി. സമൃദ്ധിയുടെ ലഹരിയിൽ അയാൾ പറഞ്ഞു: ''അല്ലയൊ, ആത്മാവേ, നിനക്കു അനേകവത്സരങ്ങളിലേക്കു 'വേണ്ടത്ര' വിഭവങ്ങൾ സൂക്ഷിച്ചിട്ടുണ്ട്; നീ വിശ്രമിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക. എന്നാൽ ദൈവം അയാളോടു പറഞ്ഞു: ''മൂഢാ, ഇന്നു

www.malankaralibrary.com



രാത്രി നിൻെറ ആത്മാവിനെ നിന്നിൽനിന്ന എടുക്കും. അപ്പോഠം നീ ഒരുക്കിയ വിഭവങ്ങഠം ആരുടേതായി തീരും?'' സമൃദ്ധിയുടെ നടുവിൽ നാം സത്യങ്ങളെ മറക്കുന്നു. നാം അന്ധരായി മാറുന്നു. നിമിഷത്തെ നിത്യതയായി കാണുന്നു; സമ്പത്തിനെ സ്വർഗ്ഗമായി കാണുന്നു. സമചിത്തതയോടെ ആനന്ദങ്ങളെ അനുഭവിക്കാനുള്ള കൃപാവരം നമുക്കാവശ്യമാണ്. ദുഃഖം തീയും കൊടുങ്കാററുമാണ്. ജീവിതം തീയിൽ കരിയുന്നു; കൊടുങ്കാററിൽ പൊഴിഞ്ഞു വീഴുന്നു. ചാമ്പലിൽ ജീവിതം കരിയുമ്പോഠം ജീവൽസത്യങ്ങളും മരിക്കുന്നു. അതിനാൽ വെളിച്ചത്തിൻെറ മക്കളായി ജീവിതം നയിക്കൂ; അപ്പോഠം നിങ്ങഠം പ്രഭ വിതറും.

---

2 ലൂക്കാ 18: 9-4 13 ഗീതാഞ്ജലി 36;

www.malankaralibrary.com

15

# സത്യവും പാരമ്പര്യവും

പാരമ്പര്യം സോക്രട്ടീസിനു വിഷം കൊടുത്തു. സത്യം പിടഞ്ഞു മരിച്ചു. പാരമ്പര്യം ഹൈന്ദവസ്ത്രീയെ ഭർത്താവിന്റെ ചിതയിലെറിഞ്ഞു കൊന്നു. അവളുടെ ശരീരം കരിഞ്ഞു ചാമ്പലായി:—1987 സെപ്തംബർ 4 നു് ജയ്പൂരിൽ രൂപകൻവാർ എന്ന 18 കാരി ഭർത്താവിന്റെ ചിതയിൽ സതി അനുഷ്ഠിച്ചു! പാരമ്പര്യം യേശുവിനെ ക്രൂശിച്ചു. സത്യം കുരിശിൽ കിടന്നു പിടഞ്ഞു. പാരമ്പര്യവും സത്യവും പലപ്പോഴും സംഘട്ടനത്തിലാണു്. ആ സംഘട്ടനത്തിൽ സത്യം വിജയിക്കണം. പാരമ്പര്യം തോൽക്കുകയും ആവശ്യമാണു്. സത്യം ദൈവം മനസ്സാക്ഷിക്കു നൽകിയ വെളിച്ചമാണു്. അതിനു തെററു വരില്ല. പാരമ്പര്യം സ്വാർത്ഥതാല്പര്യങ്ങളെ നിലനിർത്താനുള്ള നേതാക്കന്മാരുടെ അടവാണു്, പലപ്പോഴും.

www.malankaralibrary.com



പാരമ്പര്യം പൂജകളും ബലികളും ആചാരങ്ങൾക്കും ക്ഷേത്രവിളക്കുകൾക്കും അമിതപ്രാധാന്യം നൽകി. പക്ഷേ, ദൈവത്തിനാവശ്യം പൂജാവിളക്കുകളല്ല; കരുണയും നീതിയും ആണ്. നൂറ്റാണ്ടുകൾക്ക് മുൻപ് യെശയ്യാ പ്രവാചകൻ ആത്മാർത്ഥതയില്ലാത്ത ആചാരങ്ങളെ നിശിതമായി വിമർശിച്ചു.

''നിങ്ങൾ അർപ്പിക്കുന്ന അനേകം യാഗങ്ങൾ
എനിക്കെന്തിന്?
ആണാടുകളെ ഹോമിക്കുന്ന ബലികളും
വളർത്തു മൃഗങ്ങളുടെ മേദസ്സും എനിക്കു
വേണ്ടുവോളമായി.
കാളകളുടേയോ ചെമ്മരിയാടുകളുടേയോ
ആൺ കോലാടുകളുടേയോ രക്തത്തിൽ
ഞാൻ പ്രസാദിക്കുന്നില്ല.
വ്യർത്ഥമായ വഴിപാടുകൾ ഇനി കൊണ്ടു വരരുത്
ധൂപം എനിക്കു മ്ലേച്ഛതയാണ്........
നിങ്ങൾ എത്രയധികം പ്രാർത്ഥന നടത്തിയാലും
ഞാൻ ശ്രദ്ധിക്കയില്ല.
നിങ്ങളുടെ കൈകളിൽ നിറയെ രക്തമാണ്.''

പവിത്രമെന്നു നാം സങ്കല്പിക്കുന്ന പലതും ദൈവം വെറുക്കുന്നു. കാരണം പല ആചാരങ്ങളും മനുഷ്യനിഷേധം ഉൾക്കൊള്ളുന്നതാണ്. മനുഷ്യനെ നിഷേധിക്കുമ്പോൾ നാം ദൈവത്തെ നിഷേധിക്കുന്നു.

ഗീതാഞ്ജലിയിലെ പ്രവാചകത്വം കവിതാത്മകമാണ്. അർത്ഥമില്ലാത്ത ആചാരങ്ങൾക്കെതിരെയുള്ള ടാഗോറിന്റെ ശബ്ദം ശ്രദ്ധാർഹമാണ്:

തഴച്ചുവളർന്ന പുൽക്കൊടികൾ നിറഞ്ഞ
നിശ്ശബ്ദ നദീതീരം.
ഞാൻ അവളോടു ചോദിച്ചു:

www.malankaralibrary.com



''കന്യകേ മേലങ്കികൊണ്ടു മറച്ചു
ഈ വിളക്കുമായി
നീ എവിടേക്കാണു്? എന്റെ വീടു് ഇരുണ്ടതാ
ണു്. നിന്റെ വിളക്കു് എനിക്കു തരുമോ?''
അവരം തന്റെ കറുത്ത കണ്ണുകരം ഉയർത്തി
സായംസന്ധ്യയുടെ അരണ്ടവെളിച്ചത്തിലൂടെ
എന്നെ നോക്കി.
പടിഞ്ഞാറു പ്രകാശം കെട്ടടങ്ങുമ്പോരം
എന്റെ വിളക്കു ഞാൻ നദിയിൽ ഒഴുക്കും.
അതിനാണു് ഞാൻ ഇവിടെ വന്നതു്.
ഉയർന്ന പുൽക്കൊടികളുടെ
നടുവിൽനിന്നുകൊണ്ടു്
ഒഴുക്കിൽപ്പെട്ട വിളക്കിനെ ഞാൻ നോക്കി.
വ്യർത്ഥമായി ഒഴുകുന്ന വിറയ്ക്കുന്ന പ്രകാശം.''

വിശുദ്ധമായ ഗംഗയുടെ ജലപ്പരപ്പിലൊഴുകുന്ന വിളക്കിന്റെ വെളിച്ചം കണ്ടു് ദൈവം സന്തോഷിക്കുമോ? ദരിദ്രന്റെ കുടിലിൽ എണ്ണയില്ലാത്ത വിളക്കുകളുണ്ടു്. ആ കുടിലിനു പ്രകാശം കൊടുക്കാൻ എണ്ണയുമായെത്തുന്ന ഹൃദയത്തിന്റെ മാധുര്യമാണു് ദൈവത്തിനിഷ്ടം. 'ദൈവമേ, വെടിപ്പുള്ള ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ' എന്ന സങ്കീർത്തകന്റെ ഗാനം നമുക്കു് ആലപിക്കാം. കുന്തിരിക്കത്തിന്റെ സുഗന്ധം സുന്ദരമാണു്. ഹൃദയമാകുന്ന ധൂപക്കുററിയിൽനിന്നു് അതും ഉയരുമ്പോരം ആ സുഗന്ധം നുകരാൻ ദൈവത്തിനിഷ്ടമാണു് ....ജീവിതമെന്ന കല്യാണ വിരുന്നിനു വെളിയിൽ ഒരു ''പിടിച്ചോററിനായു് കാത്തു നില്ക്കുന്ന'' മനുഷ്യനെ ഉള്ളിലേക്കു ക്ഷണിച്ചു് സ്നേഹത്തിന്റെ വിരുന്നു നൽകുന്ന ഹൃദയത്തെയാണു് ദൈവത്തിനിഷ്ടം.

---

ഗീതാഞ്ജലി 64

www.malankaralibrary.com

16

# നിറങ്ങൾ, താളങ്ങൾ, ആഴങ്ങൾ

സ്നേഹത്തിൻെറ നിറങ്ങളെ ചിത്രീകരിക്കുവാൻ കഴിവുള്ള ചായങ്ങളില്ല, സ്നേഹത്തിൻെറ താളങ്ങളെ പ്രതിബിംബിപ്പിക്കുവാൻ കഴിവുള്ള സ്വരങ്ങളില്ല, സ്നേഹത്തിൻെറ ആഴങ്ങളെ അളക്കുവാൻ കഴിവുള്ള അളവുകോലുമില്ല. സ്നേഹമെന്ന ഈ അത്ഭുത സൗന്ദര്യത്തെ യേശു വിവരിക്കുന്നു.

''ആകാശത്തിലെ പറവകളെ നോക്കു
അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല
പത്തായപ്പുരകളിൽ കൂട്ടിവെയ്ക്കുന്നുമില്ല
എങ്കിലും നിങ്ങളുടെ സ്വർഗ്ഗീയ പിതാവ്
അവയെ തീററിപ്പോററുന്നു...
..............................................
വയലിലെ ലില്ലിച്ചെടികളെ നോക്കുക
അവ അദ്ധ്വാനിക്കുന്നില്ല

www.malankaralibrary.com



ന്നൽ നൽകുന്നമില്ല
സർവ്വപ്രതാപങ്ങളും നിറഞ്ഞ സോളമൻ പോലും
ഇവയിൽ ഒന്നിനെപ്പോലെ
വിഭൂഷിതനായിരുന്നില്ല.

കണക്കു കൂട്ടാത്ത ഒരു അനർഗ്ഗള പ്രവാഹമാണു ദൈവത്തിൻെറ സ്നേഹം. അതു പറവകളെ തീററിപ്പോററുന്നു. ഇന്നു ജീവനുള്ളതും, നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ വയൽ പുല്ലുകളെ അണിയിച്ചൊരുക്കുന്നു. ആ സ്നേഹം നമ്മെ പുൽത്തകിടികളിലേക്കും, ജലാശയത്തിലേക്കും നയിക്കുന്നു. ആ സ്നേഹം നിറഞ്ഞൊഴുകുന്ന പാനപാത്രം നമുക്കു നൽകുന്നു. (സങ്കീ. 23) ഭൂമി ഇളകുമ്പോഴും, സമുദ്രത്തിലെ വെള്ളം അലറിപ്പതയുമ്പോഴും ആ സ്നേഹം നമുക്കു അഭയകേന്ദ്രവും ശക്തിയുമാണ്. (സങ്കീ. 46). ആ സ്നേഹം നമുക്കുവേണ്ടി രക്തം ചിന്തുന്നു, നമുക്കുവേണ്ടി മരിക്കുന്നു, നമ്മെ സ്വതന്ത്രരാക്കുന്നു.

ദൈവത്തിൻെറ സ്നേഹത്തെ ഗീതാഞ്ജലി ഇങ്ങനെ വിവരിക്കുന്നു.

ഭൂമിയിൽ എന്നെ സ്നേഹിക്കുന്നവർ
എന്നെ സ്വന്തമാക്കുവാൻ ശ്രമിക്കുന്നു.
നിൻെറ സ്നേഹം അവരുടേതിനേക്കാൾ വലുതാണ്
പക്ഷേ നീ എന്നെ സ്വതന്ത്രനാക്കുന്നു.

..........................................

അവരെ ഞാൻ മറക്കുമെന്നു അവർ ഭയപ്പെടുന്നു.
അതുകൊണ്ട് എന്നെ അവർ എൻെറ വഴിയെ
വിടാറില്ല.
നിന്നെ ഞാൻ കാണാത്തദിനങ്ങൾ നിരവധിയാണ്
എങ്കിലും നിൻെറ ഹൃദയം അസ്വസ്ഥമല്ല.

..........................................

www.malankaralibrary.com



ഞാൻ പ്രാർത്ഥിക്കാത്ത ദിനങ്ങളുണ്ട്
നിന്നെ ഓർമ്മിക്കാത്ത ദിനങ്ങളുണ്ട്.
എങ്കിലും നിൻെറ സ്നേഹം
എനിക്കു വേണ്ടി കാത്തിരിക്കുന്നു.''

....................................

ടാഗോറിൻെറ ദർശനം അതീവ സുന്ദരമാണ്, ആഴമേറിയതാണ്. ദൈവത്തിൻെറ സ്നേഹം നമ്മെ ബന്ധിച്ചിടുന്ന ചങ്ങലയല്ല, സ്വാതന്ത്ര്യം നൽകുന്ന കൃപയാണു. നിയമത്തിൽ നിന്നും പാപത്തിൽ നിന്നും ദൈവസ്നേഹം നമ്മെ സ്വതന്ത്രരാക്കുന്നു. മനുഷ്യപ്രകൃതി സമ്പൂർണ്ണമായി വികസിക്കത്തക്കവിധം ദൈവത്തിൻെറ സ്നേഹം നമ്മിൽ പ്രവർത്തിക്കുന്നു.

മനുഷ്യൻെറ സ്നേഹം ചഞ്ചലമാണ്, അതിൻെറ അടിസ്ഥാനങ്ങൾക്കു ആഴമില്ല. അതു് എപ്പോഴും ഭയാശങ്കകൾ നിറഞ്ഞതാണ്. സ്നേഹത്തിനു ആഴമില്ലാത്തതുകൊണ്ടു് അതു തിരസ്ക്കാരത്തെ ഭയപ്പെടുന്നു. പക്ഷെ ദൈവത്തിൻെറ സ്നേഹം അചഞ്ചലമാണ്. അമ്മ കുഞ്ഞിനെ ഉപേക്ഷിച്ചാലും, ദൈവം നമ്മെ ഉപേക്ഷിക്കില്ല. ഈ സ്നേഹത്തിൻെറ ധാരാളിത്വവും ആഴവും അചഞ്ചലതയും സ്നേഹിക്കപ്പെടുന്ന മനുഷ്യനെ സ്നേഹത്താൽ നിറയ്ക്കുന്നു. അവൻെറ സ്നേഹവും അചഞ്ചലമായി മാറുന്നു. അതുകൊണ്ടു നമ്മുടെ സ്നേഹത്തെപ്പററി ദൈവത്തിനു് ആശങ്കകളില്ല. ഞാൻ പ്രാർത്ഥിക്കാത്ത ദിനങ്ങളിലും, ദൈവത്തെ ഓർമ്മിക്കാത്ത ദിനങ്ങളിലും ദൈവം എനിക്കു വേണ്ടി കാത്തിരിക്കുന്നു.

മനുഷ്യ വ്യക്തിത്വത്തെ സമ്പൂർണ്ണമാക്കുന്നതു് വ്യവസ്ഥകളില്ലാത്ത സ്നേഹം മാത്രമാണ്. ഈ സ്നേഹത്തെ

www.malankaralibrary.com


ദൈവം നമുക്ക നൽകുന്നു. ആ സ്നേഹത്തിൽ നാം വളരുന്നു, വികസിക്കുന്നു, പൂർണ്ണത നേടുന്നു.

സ്നേഹം എന്തു വലിയ അത്ഭുതമാണ്, യേശുവിൻെറ സ്നേഹം വേശ്യയെ തലോടി. അന്നവരം വിശുദ്ധയായി. യേശുവിൻെറ സ്നേഹം കള്ളനെ സ്പർശിച്ചു, അന്നവൻ പറുദീസയുടെ പുത്രനായി. യേശുവിൻെറ സ്നേഹം കുഷ്ഠരോഗിയുടെ വ്രണങ്ങളെ തഴുകി, അന്നവൻെറ ശരീരം സുന്ദരമായി, അത്ഭുതം സൃഷ്ടിക്കുന്ന ഒരു സ്നേഹം നമുക്കു വേണ്ടി പ്രവഹിക്കുന്നു. ആ സ്നേഹത്തിൽ വിലയം പ്രാപിക്കുക. അതു നിങ്ങരംക്ക സ്വർഗ്ഗാനുഭൂതിയായിരിക്കും.

---

ഗീതാഞ്ജലി 32.

www.malankaralibrary.com

# 17

# പാതിരാവിന്റെ ക്ഷേത്രത്തിലെ സ്വർണ്ണവീണകൾ

പ്രപഞ്ച സൃഷ്ടികൾക്കെല്ലാം അവയുടേതായ ധർമ്മമുണ്ട്. ആ ധർമ്മം നിറവേററുന്നതിലൂടെയാണ് അവയെല്ലാം സ്വയം പൂർത്തീകരിക്കുന്നതു്. പൂക്കളുടെ ധർമ്മം ഭൂമിയെ നിറങ്ങൾകൊണ്ടു നിറയ്ക്കുകയാണ്; സുഗന്ധംകൊണ്ടു പവിത്രമാക്കുകയാണ്. രാക്കുയിലിന്റെ ധർമ്മം രാവിന്റെ ഇരുട്ടിൽ മധുരം പെയ്യുകയാണ്; കടലിന്റെ ധർമ്മം ആർത്തിരമ്പലാണ്. മഴവില്ലിന്റെ ധർമ്മം ആകാശത്തെ രോമാഞ്ചമണിയിക്കുകയാണ്. ഓരോ മനുഷ്യനും അവന്റേതായ കർത്തവ്യം പൂർത്തീകരിക്കുവാനുണ്ട്. ഭാവിയുടെ ഒരു വാഗ്ദാനവും പ്രതീക്ഷിച്ചുകൊണ്ട് അജ്ഞാതമായ വഴികളിലൂടെ നടക്കുക. അതാകുന്നു അബ്രഹാമിന്റെ ധർമ്മം. അടിമത്തത്തിന്റെ വിലങ്ങുകളെ പൊട്ടിച്ചുമോചിപ്പിക്കുക; അതായിരുന്നു

www.malankaralibrary.com



മോസസിന്റെ ധർമ്മം. യേശുവിന്റെ പാദത്തിങ്കലിരുന്നു വചനം കേൾക്കുകയായിരുന്നു മറിയത്തിന്റെ ധർമ്മം. ''ആടുകളെ, കുഞ്ഞാടുകളെ മേയിക്കുക'' അതായിരുന്നു പത്രോസിന്റെ ധർമ്മം. കർത്തവ്യങ്ങളെ നിറവേററിക്കൊണ്ടു് അവർ ജീവിതത്തെ പൂർത്തീകരിച്ചു.

അസത്യത്തിന്റെ സ്വസ്ഥതയെ തകർത്തു കൊണ്ടു് ചോദ്യങ്ങൾ ചോദിക്കുകയായിരുന്നു സോക്രട്ടീസിന്റെ ധർമ്മം. മൈക്കിൾ ആൻജലോയും, ലിയാനാർഡു് ദെ വിൻചിയും ചായങ്ങൾകൊണ്ടു് അനശ്വരസൗന്ദര്യത്തെ സൃഷ്ടിച്ചു. അങ്ങനെ അവർ അവരുടെ ജീവിതത്തെ പൂർത്തീകരിച്ചു. ലോകത്തിലെ ഏററവും വലിയ ശക്തികളിലൊന്നായ ഇംഗ്ലണ്ടിനെ വിറപ്പിച്ചു കൊണ്ടു് ''ഇൻഡ്യവിട്ടുപോകൂ'' എന്നു വിളിച്ചു പറയുകയായിരുന്നു ഗാന്ധിജിയുടെ ധർമ്മം. നമ്മുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾക്കു് അനുസൃതമായി നമുക്കു് ഓരോരുത്തർക്കും നമ്മുടെ കർത്തവ്യങ്ങൾ ചെയ്തുതീർക്കുവാനുണ്ടു്. ടാഗോർ തന്റെ ജീവിതധർമ്മത്തെ വിവരിക്കുന്നതു കേൾക്കൂ:

ഞാൻ ജീവിക്കുന്നതു നിനക്കുവേണ്ടി
ഗാനങ്ങൾ പാടുവാനാണു്.
നിന്റെ മന്ദിരത്തിന്റെ ഒരു മൂലയിലിരുന്നു
ഞാൻ പാടട്ടെ.
നിന്റെ ഈ ലോകത്തിൽ
എനിക്കു ജോലികളൊന്നുമില്ല.
എന്റെ ഈ പാഴപ്പെട്ടു ഹൃദയം
ലക്ഷ്യമില്ലാത്ത ഗാനമായി
ചിലപ്പോഴൊക്കെ ഒഴുകുന്നു.

www.malankaralibrary.com



പാതിരാവിന്റെ ഇരുണ്ടക്ഷേത്രത്തിൽ
നിശബ്ദമായ ആരാധനക്കായി
മണി ഴങ്ങുമ്പോൾ
നിന്റെ തിരുമുമ്പിൽ നിന്നുപാടുവാൻ
എന്നോടു കല്പിക്കൂ.
എനിക്കു പാടുവാൻ കൊതിയാണ്.
പ്രഭാതത്തിൽ
സ്വർണ്ണവീണകൾ ഗാനം ഉതിർക്കുമ്പോൾ
നിന്റെ തിരുസാന്നിദ്ധ്യത്തിൽ നിന്നു പാടുവാൻ
എന്നോട് ആജ്ഞാപിക്കൂ
എനിക്കു പാടുവാൻ കൊതിയാണ്.''

ടാഗോർ തന്റെ ജീവിതധർമ്മത്തെ ദൈവത്തിന്റെ തിരുസന്നിധാനത്തിലുള്ള ഒരു ഗാനമായി ചിത്രീകരിച്ചു. ലില്ലിപ്പൂക്കൾ ദൈവത്തിന്റെ ക്ഷേത്രത്തിൽ വിടർന്നു പുഞ്ചിരിക്കുന്നു; നക്ഷത്രങ്ങൾ ദൈവത്തിന്റെ ക്ഷേത്രത്തിൽ കത്തിജ്ജ്വലിക്കുന്നു. ലില്ലിപ്പൂവിന്റെ പുഞ്ചിരിയും നക്ഷത്രങ്ങളുടെ പ്രകാശവും ലോകത്തെ പുളകമണിയിക്കുന്നു. നിങ്ങൾക്കു സ്നേഹം ചൊരിഞ്ഞു കൊണ്ടു് ലോകത്തെ പുളകമണിയിക്കണം. ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. അതാണു നിങ്ങളുടെ ജീവിതധർമ്മം, ഭൂമിയിൽ നിന്നു് ഉയരുന്ന ഏററവും മധുരമുള്ള സ്വർണ്ണവീണയുടെ ശബ്ദം.

---

ഗീതാഞ്ജലി

www.malankaralibrary.com

# 18

# വ്യക്തിത്വത്തിന്റെ പൂർണ്ണിമ

ദുഃഖത്തിന്റെ നടുവിൽ സമചിത്തതയോടെ സത്യത്തെ മുറുകെപ്പിടിക്കാൻ ദൈവത്തിന്റെ കൃപാവരം നമുക്കാവശ്യമുണ്ട്.

ദുഃഖിതരും ഭാരം വഹിക്കുന്നവരും ഉയരങ്ങളിലേക്കുനോക്കാൻ കഴിവില്ലാതെ തകർന്നു പോകും. മുഖം കാണിക്കാത്ത ദൈവത്തെ ശപിച്ചുകൊണ്ട് അവർ മരിക്കും. പിളർക്കപ്പെട്ട അവരുടെ ഹൃദയങ്ങൾ പ്രാർത്ഥനയിൽ ഉയരുന്നുവെങ്കിൽ ഭാരം നീക്കുന്ന ദൈവത്തെ അവർ കണ്ടുമുട്ടും. ''ദുഃഖിതരും ഭാരം വഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ, നിങ്ങളെ ഞാൻ ആശ്വസിപ്പിക്കാം.'' സമചിത്തതയോടെ ആനന്ദങ്ങളെയും ദുഃഖങ്ങളേയും അഭിമുഖീകരിക്കുന്നവനാണ് പൂർണ്ണനായ മനുഷ്യൻ

www.malankaralibrary.com



സ്നേഹിക്കുവാൻ നമുക്കു കഴിവുണ്ടോ? സ്നേഹത്തെ സേവനമാക്കാൻ നമുക്കു ശക്തിയുണ്ടോ? ഈ ശക്തിക്കുവേണ്ടി ടാഗോർ പ്രാർത്ഥിക്കുന്നു. ''എന്റെ സ്നേഹത്തെ സേവനത്തിൽ പ്രകടമാക്കാൻ എനിക്കു'' ശക്തിതരൂ. ''ഞാൻ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ.'' യേശു കല്പിച്ചു ശിഷ്യരുടെ പാദങ്ങൾ കഴുകിയ ശേഷം യേശു അവരോടു പറഞ്ഞു: ''ഞാൻ എന്താണു നിങ്ങൾക്കു ചെയ്തതെന്നു നിങ്ങൾ അറിയുന്നുവോ...........

നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.'' [2] ഇതു സാധ്യമോ? സ്നേഹത്തെ സേവനമാക്കിമാററുവാൻ ദൈവകൃപ ആവശ്യമാണ്. സ്നേഹം ഒരു ദാനമാണ്. അതു നമ്മുടെ ഹൃദയത്തിൽ ദൈവം ചൊരിയുന്നു. യാചിക്കുമെങ്കിൽ ഈ ദാനം ദൈവം നമുക്കു ധാരാളമായിത്തരും.

''ദരിദ്രനെ ഒരിക്കലും നിഷേധിക്കാതിരിക്കാൻ,
അവഹേളിക്കുന്ന ശക്തിയുടെ മുമ്പിൽ ഒരിക്കലും മുട്ടുമടക്കാതിരിക്കാൻ ദൈവമേ, ശക്തിതരൂ.''

ദരിദ്രനെ ആദരിക്കുവാൻ ദൈവികശക്തി ആവശ്യമാണ്. അല്ലെങ്കിൽ, അപ്പത്തിനായി യാചിക്കുന്നവനെ ശ്രദ്ധിക്കാതെ നാം കടന്നുപോകും.

പ്രപഞ്ച പ്രതിഭാസങ്ങളുടെ മുമ്പിൽ പ്രാകൃതമനുഷ്യർ ഭയവിഹ്വലനായി. അവർ അവയെ പൂജിച്ചു. എന്നാൽ എല്ലാശക്തികളുടേയും അതിനാഥനായ ദൈവത്തെയാണു പൂജിക്കേണ്ടതു്. അവിടുത്തെയാണു ഭയ

www.malankaralibrary.com



പ്പെടേണ്ടതു്. അതിനുള്ള ശക്തിയും പ്രാർത്ഥനയിൽ നമുക്കു ലഭിക്കുന്നു. സീസറിന്റെ മുമ്പിൽ ധൂപാർച്ചന നടത്താനോ, ഹിററ്ലറിന്റെ മുമ്പിൽ ഇഴയാനോ നാം കടപ്പെട്ടവരല്ല. ദൈവം നമുക്കു തന്നിട്ടുള്ള മഹത്വം ഇത്തിരിപോലും ബലികഴിക്കാതെ തല ഉയർത്തിപ്പിടിക്കുകയാണു് നമ്മുടെ ധർമ്മം.

പൂർണ്ണതയിൽ പൂർണ്ണത കണ്ടെത്തുക—അതാണു നമ്മുടെ ലക്ഷ്യം, അതിനുവേണ്ടി ടാഗോർ പ്രാർത്ഥിക്കുകയാണു്.

''നിങ്ങൾ നിരന്തരം പ്രാർത്ഥിക്കുവിൻ.'' യേശു ഉപദേശിച്ചു. യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ സുന്ദരമായ ഒരു യാചനയുണ്ടു്: ''നിന്റെ രാജ്യം വരണമേ''! സ്വർഗ്ഗം ഹൃദയത്തിൽ നിറയുവാൻ വേണ്ടിയുള്ള പ്രാർത്ഥന.

''എന്റെ ശക്തിയെ നിന്റെ തിരുവിഷ്ടത്തിനു സ്നേഹപൂർവ്വം സമർപ്പിക്കുവാൻ എനിക്കുശക്തിതരൂ'' ഗീതാഞ്ജലിയിലെ വരികളാണിതു്.

''നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണം.'' ദൈവവചനമാണിതു്.
ഒരേസത്യം! ഒരേ താളം! ഒരേ രാഗം!

---

ഗീതാഞ്ജലി 34. യോഹ. 15: 12: 13: 12-14: 3: മത്താ. 6:9-15

www.malankaralibrary.com

# 19

# അപരിചിതരും സഹോദരരും

മെർസോംട്ട് അമ്മയെ വൃദ്ധമന്ദിരത്തിൽ താമസി പ്പിച്ചു. അമ്മയോട് അയാൾക്ക യാതൊരു സ്നേഹവും ഇല്ലായിരുന്നു. അമ്മയുടെ ശവസംസ്ക്കാരചടങ്ങിൽ പങ്കെടുത്തു. ഒരു ദുഃഖവും തോന്നിയില്ല. ആ വാരാന്ത്യം തന്റെ കാമുകിയുമൊത്തു ചിലവഴിച്ചു. കടൽത്തീരത്തു വച്ച് ഒരു അറബിയെ കണ്ടുമുട്ടി. അതിരൂക്ഷമായ വെയി ലിൽ മെർസോംട്ട തളർന്നു. നിഴൽ തേടി അറബിയുടെ അടുത്തേക്ക നടന്നു. അയാൾ തന്റെ കഠാര ഊരി. അതു സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങി. ആ പ്രകാശം തന്റെ കണ്ണഞ്ചിപ്പിച്ചു. തന്റെ കൈത്തോക്കെടുത്തു മെർ സോംട്ട വെടിവച്ചു. അയാൾ നിലത്തു വീണു നിശ്ചല മായ ശരീരത്തിൽ മെർസോംട്ട പിന്നേയും നാലു പ്രാവ ശ്യം വെടിവച്ചു. കോടതി അദ്ദേഹത്തെ മരണത്തിനു വി ധിച്ചു. വികാരങ്ങളൊന്നും കൂടാതെ അയാൾ മരണത്തെ

www.malankaralibrary.com



സ്വീകരിച്ചു. മെർസോൾട്ടിനു താൻ ജീവിച്ച ഭൂമിയും തന്നോടൊത്തു ജീവിച്ചമനുഷ്യരും— അമ്മയും കാമുകിയും അറബിയും എല്ലാം—അപരിചിതരായിരുന്നു. മരണത്തിന്റെ നിഴലുള്ള ജീവിതത്തിനു് അദ്ദേഹം ഒരു അർത്ഥവും കണ്ടില്ല.

അസ്തിത്വവാദം ജന്മംനൽകിയ അർത്ഥശൂന്യതയുടെ വേദാന്തം ജീവിതത്തെ നിഷേധിക്കുന്നു. കാരണം ഭൂമിയേയും മനുഷ്യനേയും സൃഷ്ടിച്ച ദൈവത്തെ അവർ ആദ്യം നിഷേധിച്ചു. ഭൂമിയും മനുഷ്യനും ദൈവത്തിന്റേതാണു്. എങ്കിൽ ജീവിതം ബന്ധങ്ങളുടെ ആനന്ദം ആയിരിക്കണം.

ടാഗോർ ഗീതാഞ്ജലിയിൽ പാടുന്നു:
'എനിക്കു് അറിഞ്ഞു കൂടാത്ത മനുഷ്യരെ
നീ എനിക്കു സ്നേഹിതരായി തന്നു.
എന്റേതല്ലാത്ത വീടുകൾ
അവിടെ നീ എനിക്കു് ഇരിപ്പിടം നൽകി
അകലങ്ങളിലെ ലോകം
അതു് നീ എന്റെ ഹൃദയത്തിലാക്കി
അപരിചിതനെ നീ സഹോദരനാക്കി
..........................................
പരിചിതമായ ഭവനം വിടുമ്പോൾ
എന്റെ ഹൃദയം അസ്വസ്ഥമാണു്.
പരിചിതമല്ലാത്ത പുതിയ ഭൂമിയിലും
നീ ഉണ്ടെന്നു ഞാൻ മനസ്സിലാക്കുന്നില്ല.
..........................................
ജനനത്തിലും മരണത്തിലും
ഈ ലോകത്തിലും അദൃശ്യലോകങ്ങളിലും
ഞാൻ നയിക്കപ്പെടുന്നിടത്തെല്ലാം

www.malankaralibrary.com



അന്തമില്ലാത്ത എന്റെ ജീവിതത്തിന്റെ
കൂട്ടുകാരൻ നീയാണ്
അങ്ങനെ എന്റെ ഹൃദയം!
അപരിചിതമായതിൽ ആനന്ദം കണ്ടെത്തുന്നു''!

ലോകത്തെ നാം പലപ്പോഴും മരുഭൂമിയായി കാണാറുണ്ട്. പക്ഷേ ദൈവത്തെ അറിയുവാൻ തുടങ്ങുമ്പോൾ മരുഭൂമിയിലും ദൈവത്തിന്റെ മന്നാ പൊഴിയുന്നു; പാറക്കഷണങ്ങളിൽ നിന്നു ജലം പ്രവഹിക്കുന്നു. ദൈവത്തെ അറിയുമ്പോൾ, ദൈവത്തിന്റെ ഭൂമിയേയും നാം അറിയുവാൻ തുടങ്ങുന്നു. ഭൂമി പറുദീസാ ആയി നാം അനുഭവിക്കുന്നു. ദൈവത്തെ അറിയുമ്പോൾ നമുക്കു ശത്രുക്കൾ ഉണ്ടാവുകയില്ല; അപരിചിതരും ഉണ്ടാവില്ല. എല്ലാവരും നമുക്കു സഹോദരരായിരിക്കും. വേശ്യയെ നാം കൈപിടിച്ചുയർത്തും. അന്ധനെ നാം തലോടിഉണർത്തും. കള്ളനെ പറുദീസായുടെ പുത്രാ എന്നുവിളിക്കും. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഭൂമിയെ പറുദീസയായും, മനുഷ്യനെ സഹോദരനായും നൽകുന്നു. ആനന്ദം നിറഞ്ഞു തുളുമ്പുന്ന വിശുദ്ധി നിങ്ങൾക്കു ലഭിക്കും.

---

ഗീതാഞ്ജലി 63

www.malankaralibrary.com

# 20

# നിന്നെ, നിന്നെ മാത്രം

മനുഷ്യന്റെ ഹൃദയം ദൈവത്തിനു വേണ്ടിയുള്ള തെരച്ചിലിലാണ്. അകലുവാൻവേണ്ടി ഒളിച്ചോടു മ്പോഴും ദൈവത്തിങ്കലേക്കാണ് നാം അടുക്കുന്നത്. നിനിവേനഗരം വിട്ടുപോകാൻ ശ്രമിച്ച യോനാ പ്രവാചകൻ നിനിവേനഗരത്തിൽ ചെന്നെത്തി— ദൈവത്തോടു പൊരുതുമ്പോഴും ഹൃദയം ദൈവത്തെ തേടുന്നു. സങ്കീർത്തകൻ പാടി:

''മാൻപേട നീർച്ചാലുകരം തേടുന്നതുപോലെ
എന്റെ ആത്മാവു നിന്നെ തേടുന്നു.''

ജീവിതം ദാഹമാണ്. ദാഹം നീർച്ചാലുകളിലേക്കു നമ്മെ നയിക്കുന്നു. ജീവന്റെ ഓരോ അണുവും ഈശ്വ രനെന്ന നീർച്ചാലിനുവേണ്ടി തിരയുന്നു. ആ ദാഹത്തെ നിഷേധിക്കുമ്പോഠം നാം നമ്മുടെ പ്രകൃതിയെ നിഷേ ധിക്കുകയാണ്. ദാഹത്തെ അംഗീകരിച്ചുകൊണ്ടു തിര

www.malankaralibrary.com



ച്ചിൽ ആരംഭിക്കുമ്പോൾ നാം നമ്മുടെ മനുഷ്യനെ പൂർത്തീകരിക്കുന്നു. ദൈവത്തെ കൂടാതെ ഹൃദയം ശൂന്യമാണ്. പൂർണ്ണതയ്ക്കു വേണ്ടിയുള്ള അപൂർണ്ണതയുടെ നിലവിളിയാണ്.

''നിനക്കുവേണ്ടി ഞാൻ ദാഹിക്കുന്നു
നിന്നെ, മാത്രം മതി എനിക്ക്.''
''എന്റെ ഹൃദയം നിരന്തരമായി ഒന്നുമില്ലാതെ
ഇതാവർത്തിക്കട്ടെ എന്റെ ഹൃദയം തേടുന്നു,
നിന്നെ മാത്രം.''

നിന്നിൽ നിന്നു ശ്രദ്ധ അകററുന്ന എല്ലാ ആഗ്രഹങ്ങളും വ്യർത്ഥമാണ്, ശൂന്യമാണ്.

രാവിന്റെ ഇരുട്ടിൽ പ്രകാശത്തിനുവേണ്ടിയുള്ള പ്രാർത്ഥനയല്ലേ? എന്റെ അബോധ മനസ്സു പോലും മന്ത്രിക്കുന്നു.

''എന്റെ ഹൃദയം നിന്നെ തേടുന്നു
നിന്നെ, നിന്നെ മാത്രം.''
കൊടുങ്കാററിന്റെ അലർച്ച ശാന്തി തകർക്കുന്നു.
എങ്കിലും കൊടുങ്കാററു ശാന്തി തേടുന്നു.
ഞാൻ നിന്റെ സ്നേഹത്തെ പൊരുതുന്നു.
പക്ഷേ, അപ്പോഴും ഹൃദയം മന്ത്രിക്കുന്നു.
''എന്റെ ഹൃദയം നിന്നെ തേടുന്നു.
നിന്നെ, നിന്നെ മാത്രം.''

നമ്മുടെ ഹൃദയം ദൈവത്തിനു വേണ്ടിയുള്ള തിരച്ചിലിലാണ്. ദൈവത്തിൽ വിലയം പ്രാപിക്കാനുള്ള അനന്തദാഹം. ആ തിരച്ചിൽ പ്രകൃതിയുടെ പൂർത്തീകരണമാണ്; ആത്മദാഹത്തിന്റെ നിർവൃതിയാണ്. ദൈവത്തെ മുഖത്തോടു മുഖം കാണുവോളം ഈ തെരച്ചിൽ തുടരണം. എങ്കിൽ നാം നമ്മുടെ ദിവ്യപ്രകൃതിയെ പൂർത്തീകരിച്ച് വിശുദ്ധരാവും.

---

ഗീതാഞ്ജലി 38

www.malankaralibrary.com

21

# അകൽച്ചയുടെ വേദന

ഏററവും ഉറച്ചവിശ്വാസത്തിൽ പോലും ഇത്തിരി അവിശ്വാസം ഉണ്ടായിരിക്കും. ഏററവും ഉറച്ച അവിശ്വാസത്തിൽപോലും ഇത്തിരി വിശ്വാസം ഉണ്ടായിരിക്കും. ദൈവം പലപ്പോഴും നമ്മുടെ ജീവിതത്തിൽ നിന്നു വളരെ വളരെ അകലെയാണു്. നിരീശ്വരവാദിയെ സംബന്ധിച്ചിടത്തോളം അകൽച്ച ദൈവാസ്തിത്വത്തിലുള്ള അവിശ്വാസമായി രൂപാന്തരപ്പെടുന്നു. വിശുദ്ധനെ സംബന്ധിച്ചിടത്തോളം അകൽച്ച വേദനയായി അനുഭവപ്പെടുന്നു. വിശുദ്ധമായ വേദനയാണതു്. സ്നേഹിക്കുന്ന ഹൃദയത്തിന്റെ ദാഹാത്മമായ വേദന. ഈ അകൽച്ചയുടെ വേദനയെ അംഗീകരിച്ചുകൊണ്ടു സങ്കീർത്തകൻ പാടുന്നു:

‘‘കർത്താവേ, എത്രനാൾ അങ്ങെന്നെ മറക്കും?
എന്നേക്കുമായി എന്നെ വിസ്മരിക്കുമോ?

www.malankaralibrary.com



എത്ര നാരം അങ്ങയുടെ മുഖം
എന്നിൽനിന്നു മറച്ചുപിടിക്കും?
എത്രനാരം ഞാൻ വേദന സഹിക്കണം?
എത്രനാരം രാപകൽ ഹൃദയവ്യഥ അനുഭവി
ക്കണം?''

''കർത്താവേ എന്തുകൊണ്ടാണു് അങ്ങു് അകന്നു
നിൽക്കുന്നതു്?
ഞങ്ങളുടെ കഷ്ടകാലത്തു്
അവിടുന്നു മറഞ്ഞിരിക്കുന്നതെന്തു്?''

''എന്റെ ദൈവമേ, എന്റെ ദൈവമേ,
എന്തുകൊണ്ടു് അങ്ങു് എന്നെ ഉപേക്ഷിച്ചു?
എന്നെ സഹായിക്കാതെയും
എന്റെ രോദനം കേൾക്കാതെയും
അകന്നു നിൽക്കുന്നതെന്തു കൊണ്ടു്
എന്റെ ദൈവമെ, പകൽ മുഴുവൻ
ഞാൻ അങ്ങയെ വിളിക്കുന്നു;
അങ്ങു കേൾക്കുന്നില്ല.''

''കൊട്ടാരം'' (Castle) എന്ന കാഫകയുടെ നോവൽ ഈ മനുഷ്യാനുഭവത്തിന്റെ ശക്തിയുററ അവതരണമാണു്. കെ (K) എന്ന കഥാപാത്രം രഹസ്യങ്ങളിൽ പൊതിഞ്ഞ കൊട്ടാരത്തിലെത്തുവാൻ ശ്രമിക്കുന്നു. എത്ര ശ്രമിച്ചിട്ടും കൊട്ടാരത്തിലെത്താൻ കഴിയാതെ 'കെ' മരിക്കുന്നു. മനുഷ്യനെത്താനാവാത്ത അപരിമേയതയായിട്ടാണു് ഇവിടെ ദൈവം ചിത്രീകരിക്കപ്പെടുന്നതു്. വി. പൗലോസും, അഗസ്റ്റിനും, കീർക്കഗാഡും, ബാർത്തും ദൈവത്തിന്റെ അപരിമേയതയെ ഊന്നിപ്പറയുന്നു. ഈ അപരിമേയതയെ സത്യസന്ധത

www.malankaralibrary.com



യോടെ അംഗീകരിച്ചുകൊണ്ടു് സ്നേഹത്തിൻെറ വേദന യോടെ കാത്തിരിക്കുക വിശുദ്ധിയുടെ അവിഭാജ്യ ഘടകമാണു്. ടാഗോർ വിദൂരസ്ഥനായ ദൈവത്തെപ്പററി മനോഹരമായി പാടുന്നു. അകൽച്ചയുടെ വേദന ഗീതാഞ്ജലിയിൽ സ്നേഹത്തിൻെറ ഗാനമായി രൂപാന്തരപ്പെടുന്നു:

'കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നു
ഇരുട്ടുപടരുന്നു
സ്നേഹനാഥാ,
ഈ വാതിൽക്കൽ ഞാൻ ഒററയ്ക്കു
കാത്തുനിൽക്കുകയാണു്.
നീ എന്നെ വിളിക്കില്ലേ?
..........................................................
മദ്ധ്യാഹ്നത്തിൽ ജനക്കൂട്ടത്തോടൊത്തു്
എനിക്കു ചിലവഴിക്കാം.
പക്ഷെ, ഈ ഏകാന്തരാത്രിയിൽ
നീ മാത്രമാണു്, എൻെറ അഭയം.
..........................................................
നിൻെറ മുഖം കാണാൻ
എനിക്കു സാധിക്കുന്നില്ലെങ്കിൽ
നീ എന്നെ കരുതാതിരുന്നാൽ
ഈ ഇരുണ്ട, മഴയുള്ള മണിക്കൂറുകൾ
ഞാൻ എങ്ങനെ ചിലവഴിക്കും?
..........................................................
വിദൂരതയിലെ ഇരുട്ടിൽ
കണ്ണുംനട്ടു് ഞാൻ ഇരിക്കയാണു്.
അസ്വസ്ഥമായ കാററിനോടൊപ്പം
എൻെറ ഹൃദയവും കരയുന്നു.

www.malankaralibrary.com



ദൈവത്തിൻെറ അകൽച്ച എന്തു വേദനയാണ്! ദുഃഖത്തിൻെറ ഇരുണ്ടകാർമേഘങ്ങൾ ഉരുണ്ടുകൂടുമ്പോൾ ഈ അകൽച്ച അസഹനീയമാണ്. ഈ വേദന വിശുദ്ധമാണ്. കാരണം, ഇതു്, സ്നേഹിക്കുന്ന ഹൃദയത്തിൻെറ വേദനയാണ്. ഈ വേദനയെ സ്നേഹത്തിൻെറ ആരാധനാഗാനമാക്കി മാററുക'.

ഗീതാഞ്ജലി–18 1. സങ്കീ. 13; 10; 22

www.malankaralibrary.com

# 22

# ഹൃദയത്തിലേക്കുള്ള തീര്‍ത്ഥാടനം

താമരപ്പൂ വിടര്‍ന്നു.
അതിന്റെ സുഗന്ധം പരന്നു.
തെക്കന്‍കാററില്‍ അതു് ഒഴുകിവന്നു.
മധുരം പെയ്യുന്ന സുഗന്ധം.
താമരപ്പൂവിനെ തേടി ഞാന്‍ അലഞ്ഞു.
സുഗന്ധം ചൊരിയുന്ന പുഷ്പം എവിടെയാണു്?
എല്ലായിടത്തും ഞാന്‍ തിരഞ്ഞു.
അവസാനം ഞാന്‍ ഹൃദയത്തിലേക്ക നോക്കി.
താമര വിടര്‍ന്നു നില്‍ക്കുന്നു!
സുഗന്ധം അവിടെ നിറഞ്ഞു പതയുന്നു!

ദൈവത്തെ തേടി മനുഷ്യന്‍ പലയിടങ്ങളിലും പോകുന്നു. ജറുസലേമും, മെക്കയും, കാശിയും, സാര്‍നാത്തും, ശബരിമലയും, കുരിശുമലയും, തീര്‍ത്ഥാടനസ്ഥലങ്ങളാണു്. ദൈവത്തെ കണ്ടെത്തുവാന്‍ നാം അവിടെ

www.malankaralibrary.com



യൊക്കെ പോകാറുണ്ട്. പലർക്കും വ്യർത്ഥമായ തിരച്ചിലാണ് അവയെല്ലാം. "ദൈവം ആത്മാവാണ്; അവിടത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആണ് ആരാധിക്കേണ്ടത്".[1]

ഈശ്വരൻ നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. താമര ഹൃദയത്തിൽ വിടരുന്നു; സുഗന്ധം ഹൃദയത്തിൽ പതയുന്നു. ദൈവത്തെ സ്വീകരിക്കാൻ സന്മനസ്സു പ്രദർശിപ്പിക്കുന്ന എല്ലാ ഹൃദയങ്ങളിലും ദൈവം വസിക്കും. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു."[2] ഏററവും വിശുദ്ധമായ ക്ഷേത്രം ഹൃദയക്ഷേത്രമാണ്. ആ ആലയത്തെ വിശുദ്ധമാക്കുക. നന്മകളുടെ തിരികൾ കത്തിക്കുക. ഏററവും വിശുദ്ധമായ തീർത്ഥാടനം ഹൃദയത്തിലേക്കുള്ള തീർത്ഥാടനമാണ്. നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്ന ദൈവത്തെ നിങ്ങൾ കണ്ടെത്തും.

നരകത്തിലേക്കു തള്ളപ്പെട്ട മാലാഖ അഗ്നിക്കടലിനെ കണ്ടു നടുങ്ങി. നരകത്തിലെ തീ നാലു ചുററും അദ്ദേഹം കണ്ടു. നരകം വെളിയിലാണെന്ന് അദ്ദേഹം ധരിച്ചു. സത്യം ഇത്തിരി കഴിഞ്ഞപ്പോൾ പിശാചിനു മനസ്സിലായി. "ഞാൻ എവിടെയാണോ, അവിടെയാണു നരകം." നരകം ഹൃദയത്തിലായിരുന്നു. വേദനിപ്പിക്കുന്ന സത്യം പിശാചു മനസ്സിലാക്കി. പ്രതീക്ഷയുടേയും ആനന്ദത്തിന്റേയും സത്യം കൂടെ മനസ്സിലാക്കണം. സ്വർഗ്ഗവും സ്വർഗ്ഗസ്ഥ പിതാവും ദൈവവും ഹൃദയത്തിലാണ്. ഈ പ്രത്യാശയിലും ശരണത്തിലും ജീവിക്കുന്നുവെങ്കിൽ ദൈവം നിങ്ങളോടൊത്തു വസിക്കുന്നു.

ഗീതാഞ്ജലി: 20. 1 യോഹ. 4:24; 2 യോഹ. 6:56

www.malankaralibrary.com

# 23

# അസ്തമയത്തിനുശേഷം സൂര്യൻ

അസ്തമയഭംഗികൾ ഇരുട്ടിൽ മറയുമ്പോൾ ഒരു കോടി നക്ഷത്രങ്ങൾ മിന്നുന്നു. വേനലിൽ പൂക്കൾ കരിഞ്ഞു കഴിയുമ്പോൾ, വസന്തത്തിലെ പൂക്കൾ വിടരുന്നു. പാടാൻ അറിയാവുന്ന പാട്ടുകൾ പാടിക്കഴിയുമ്പോൾ പുതിയ പാട്ടുകൾ ഹൃദയത്തിൽ ഉണരുന്നു. നാം നടക്കുന്ന വഴിയുടെ അന്ത്യത്തിലെത്തുമ്പോൾ പുതിയ വഴികൾ നമ്മുടെ മുമ്പിൽ തുറക്കപ്പെടുന്നു.

നേട്ടങ്ങളും സാദ്ധ്യതകളും തമ്മിൽ വലിയ അന്തരമുണ്ട്. സാദ്ധ്യതകൾ അനന്തമാണ്. അബ്രഹാം യാത്ര ആരംഭിച്ചപ്പോൾ ഭാവിയുടെ ഇരുണ്ട അവ്യക്തത മാത്രമാണു കണ്ടത്. പക്ഷേ സാദ്ധ്യതകൾ എത്രയോ വലുതായിരുന്നു. ''നിന്നെ ഞാൻ ഒരു വലിയ ജനതയാക്കും.. ഞാൻ നിന്നെ അനുഗ്രഹിക്കുകയും, നിന്റെ

www.malankaralibrary.com



നാമം മഹനീയമാക്കുകയും ചെയ്യും. അങ്ങനെ നീ ഒരു അനുഗ്രഹമായിത്തീരും........നീ നിമിത്തം ഭൂമിയിലെ എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും.'' അബ്രഹാമിനു തന്നെപ്പററി വളരെ പരിമിതമായ ചില ധാരണകളാണുണ്ടായിരുന്നതു്. പക്ഷേ അദ്ദേഹത്തെ ഭൂമിക്കു മുഴുവനും അനുഗ്രഹമാക്കി മാററി. മോസസ്സ് ഒളിച്ചോടുന്ന ഒരു കുററവാളിയായിരുന്നു. നിസ്സഹായനാണെന്നു മോസസ്സ് ധരിച്ചു. മിദിയാനിൽ യെത്രോയുടെ ആടുകളെ മേയിച്ചു കൊണ്ടു് ജീവിതം ചിലവഴിക്കുക, അതായിരുന്നു മോസസിനു ഭാവിയെപ്പററിയുണ്ടായിരുന്ന ഭാവന. പക്ഷേ, മോസസ്സ് സ്വപ്നം കാണാത്ത സാദ്ധ്യതകളെ ദൈവം അവൻെറ മുമ്പിൽ തുറന്നു. ''ഇതാ ഇസ്രായേൽ ജനത്തിൻെറനിലവിളി എൻെറ അടുത്തെത്തിയിരിക്കുന്നു. ഈജിപ്ററുകാർ അവരെ പീഡിപ്പിക്കുന്നതു ഞാൻ കണ്ടിരിക്കുന്നു. വരുക, എൻെറ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽ നിന്നു് ആനയിക്കാൻ നിന്നെ ഫറവോൻെറ അടുക്കൽ ഞാൻ അയക്കും.''

''ആട്ടിടയനെ ദൈവം മോചകനാക്കി മാററി.

ദൈവത്തിൻെറ കൃപയ്ക്കു അളവില്ല. അതു നിർല്ലോഭം നൽകപ്പെടുന്നു. ഇരുട്ടു പടരുന്നുവെന്നു നാം ധരിക്കുമ്പോഴും ദൈവം നമുക്കുവേണ്ടി നക്ഷത്രങ്ങളും ഒരുക്കുന്നു.

ടാഗോർ പാടുന്നു:

''എൻെറ യാത്ര അവസാനിച്ചു.
എൻെറ കഴിവുകളെല്ലാം അസ്തമിച്ചു.
എൻെറ വഴി അടഞ്ഞു.
യാത്രക്കുവേണ്ടി ഞാൻ ഒരുക്കിയ ആഹാരവും
തീർന്നു.

www.malankaralibrary.com



നിശബ്ദതയിൽ അഭയം തേടുവാൻ
ഞാൻ ആഗ്രഹിച്ചു.
പക്ഷേ നീ, എന്നെ ഉണർത്തി.
പഴയ വാക്കുകൾ നാവിൽ മരിക്കുമ്പോൾ
പുതിയ സംഗീതം ഹൃദയത്തിൽ ഉണരുന്നു.
പഴയ വഴികൾ നഷ്ടപ്പെടുമ്പോൾ
അത്ഭുതങ്ങൾ നിറഞ്ഞ പുതിയ ഭൂമി
ഞാൻ കണ്ടെത്തുന്നു.''

പരിമിതിയെ പൂജിക്കരുത്. നിങ്ങൾക്ക് അസാധ്യമായി ഒന്നുമില്ല. ശൂന്യതയിൽ നിന്നു പ്രപഞ്ചം സൃഷ്ടിച്ച ദൈവം നിങ്ങളിൽ ജീവിക്കുന്നു. ആ ദൈവം നിങ്ങളെക്കൊണ്ടു വലിയ കാര്യങ്ങൾ ചെയ്യിക്കും.

---

ഗീതാഞ്ജലി 37. I. പുറ. 9. 10.

# 24

## ചിരിച്ചുമരിക്കുന്ന കൈത്തിരി

**കാ**ർട്ടൻ ലൂസിയെ സ്നേഹിച്ചു. അവൾ മറ്റൊരു പുരുഷനെ വിവാഹം കഴിക്കാൻ നിശ്ചയിച്ചപ്പോൾ കാർട്ടൻ അവളോടുപറഞ്ഞു. ''നിനക്കുവേണ്ടിയും നീ സ്നേഹിക്കുന്ന ആർക്കുവേണ്ടിയും ജീവൻ വെടിയാൻ ഞാൻ തയ്യാറായിരിക്കും'' ലൂസി സാർത്തെയെ വിവാഹം കഴിച്ചു. അവൾക്കു കുഞ്ഞുങ്ങൾ ഉണ്ടായി....കാർട്ടൻ അവളുടെ ഭർത്താവിനുവേണ്ടി തന്റെ ജീവനെ ഹോമിച്ചു. ഗില്ലറ്റീൻ കാർട്ടന്റെ കഴുത്തു ഛേദിച്ചു..... ''(Tale of two cities'' by Charles Dickens) സ്നേഹം പ്രതിഫലം ആഗ്രഹിക്കുന്നില്ല. എല്ലാംനൽകുന്നു. ജീവനെപ്പോലും നൽകുന്നു. സ്നേഹം പ്രതിസ്നേഹം പോലും ആവശ്യപ്പെടുന്നില്ല. അളക്കാനാവാത്തവിധം നിസ്വാർത്ഥമാണു സ്നേഹം. ഈ സ്നേഹമാണ് യേശു തന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തിയതു്. ദുഷ്ടന്റേയും ശിഷ്ട

www.malankaralibrary.com



ൻേറയും മേൽ ധാരാളമായി സൂര്യപ്രഭ ചൊരിയുന്ന ദൈവം!, പറവയ്ക്കു ചിറകും, പൂവിനു ഭംഗിയും നൽകിയ ദൈവം!, നൽകുന്നതിൽ നിർവൃതി കണ്ടെത്തുന്നവനാണു ദൈവം. തളർവാതരോഗിയെ സുഖപ്പെടുത്തി, അവൻ കട്ടിലുമെടുത്തു നടന്നു. യേശു അതു കണ്ടു് ആനന്ദിച്ചു. തൻെറ ശക്തിയെ നൽകികൊണ്ടു് യേശു ആഹ്ലാദിക്കുകയായിരുന്നു. പ്രതിഫലം ഇച്ഛിക്കാത്ത സ്നേഹം. ലോകം മുഴുവൻ എതിരു നിൽക്കവേ, വേശ്യക്കു വേണ്ടി നിലകൊണ്ടു. കല്ലുകൾ താഴെ വീഴുന്നതുകണ്ടു് വേശ്യയുടെ മുഖത്തേക്കു യേശു കരുണയോടെ നോക്കി. പ്രതിഫലം തേടാത്ത സ്നേഹം. കള്ളനു പറുദീസാ വാഗ്ദാനം ചെയ്തു. ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിച്ചു. പ്രതിഫലം അല്പം പോലും ആഗ്രഹിക്കാത്ത സമ്പൂർണ്ണമായ അർച്ചനയായിരുന്നു യേശുവിൻെറ സ്നേഹം. യേശു സ്നേഹം നൽകികൊണ്ടു സ്നേഹത്തിൻെറ മാധുര്യം അനുഭവിച്ചു. വിലയ്ക്കു വാങ്ങാനാവാത്ത ജീവിതമാധുര്യം, ഹൃദയത്തിൽ നിന്നു് ഉണരുന്ന മാധുര്യം!

ടാഗോർ ഗീതാഞ്ജലിയിൽ ഈ സ്നേഹത്തെ വിവരിക്കുന്നു.

'കിണററുകരയിലേക്കു നീ വന്നപ്പോൾ
നിൻെറ കാലൊച്ച ഞാൻ കേട്ടില്ല.
നിൻെറ കണ്ണുകളിൽ ദുഃഖമുണ്ടായിരുന്നു.
നിൻെറ ശബ്ദം വിറയ്ക്കുന്നുണ്ടായിരുന്നു.
നീ പതുക്കെ പറഞ്ഞു.
''ഞാൻ ഒരു യാത്രക്കാരനാണു്, എനിക്കു ദാഹിക്കുന്നു''.
ഞാൻ ദിവാസ്വപ്നങ്ങളിൽ നിന്നു് ഉണർന്നു.
എൻെറ കുടത്തിലെ വെള്ളം

www.malankaralibrary.com



നിൻെറ കൈക്കുമ്പിളിലേക്ക ഞാൻ പകന്നു.
മുകളിൽ ഇലകഠം കാററിൽ ഇളകി.
വിദൂരതയിൽ ഇരുന്ന കുയിൽ പാടി.
ബേബിഠം പൂക്കളുടെ സുഗന്ധം നിറഞ്ഞു നിന്നു.
ഞാൻ നിന്നോട്ട് ഒന്നും ചോദിച്ചില്ല.
എൻെറ പേരു പോലും നിൻെറ ചെവികളിൽ
ഞാൻ മന്ത്രിച്ചില്ല.
നീ എന്നോട്ട യാത്ര ചോദിച്ചപ്പോഠം
ഞാൻ നിശബ്ദനായി നിന്നു''.

സ്നേഹം ഒന്നും ആവശ്യപ്പെടുന്നില്ല. സ്നേഹിതനോട്ട താൻ ആരാണെന്നുപോലും വെളിപ്പെടുത്തുന്നില്ല. എല്ലാം നൽകിക്കൊണ്ട് നിർവൃതി അടയുന്നു. രാവിൻെറ മുത്തു കളെ ചോദിക്കാതെ പാടുന്ന രാക്കുയിൽ, കരയെ സ്വന്ത മാക്കാതെ തഴുകുന്ന കടൽ, ഭൂമിയിലെ പൂക്കളെ ആവശ്യ പ്പെടാതെ പ്രകാശം പെയ്യുന്ന സൂര്യൻ; മുഖം കാണും മുമ്പേ സ്നേഹിക്കുന്ന അമ്മ; മർത്ത്യകനു വേണ്ടി മരിക്കുന്ന ദൈവം! സ്വന്തമായതെല്ലാം നൽകുന്ന ഈ നിസ്വാർത്ഥ മായ സ്നേഹം നമ്മിലുണ്ടെങ്കിൽ നാം സംതൃപ്തരാകും.

നിസ്വാർത്ഥമായ ഈ സ്നേഹമാണ് ജീവിതത്തിലെ ഏററവും വലിയനിർവൃതി. കാർട്ടൻ ലൂസിക്കു വേണ്ടി മരിക്കുമ്പോഠം പറയുന്ന വാക്കുകഠം ഈ നിർവൃതിയെ സൂചിപ്പിക്കുന്നു: ''ഞാൻ ജീവിതത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഏററവും മനോഹരമാണിത്. എനിക്ക് ഇതുവരെ ലഭിക്കാത്ത വിശ്രമത്തിനായി ഞാൻ പോവുകയാണ്.'' സ്നേഹം മധുരമുള്ളതാണ്.

www.malankaralibrary.com


ടാഗോർ ഈസ്നേഹത്തിന്റെ നിവൃത്തിയെ ഇങ്ങനെ വിവരിക്കുന്നു:

''നിന്റെ ദാഹം തീർക്കാൻ
ജലം നൽകിയതു്
എന്റെ ഹൃദയത്തിലെ മായാത്ത ഓർമ്മയായിരിക്കും
ആ ഓർമ്മ എന്നെ പുളകിതനാക്കുന്നു.''

സ്നേഹം നൽകുക; ഒന്നും പ്രതിഫലമായി
പ്രതീക്ഷിക്കാതെ; ജീവിതം മധുരിക്കും.

---

ഗീതാഞ്ജലി 54

www.malankaralibrary.com

# 25

# സ്വപ്നങ്ങളെ തലോടുന്ന സംഗീതം

കിഴക്ക് അവൻെറ നക്ഷത്രം ഉദിച്ചു. ലോകം ഉറക്കത്തിലായിരുന്നു. നക്ഷത്രവെളിച്ചം അവരെ തലോടി. പക്ഷേ, അവർ ഉണർന്നില്ല. പുൽത്തൊട്ടിയിൽ പിള്ളക്കച്ചയിൽ പൊതിയപ്പെട്ട കുഞ്ഞു് ലോകത്തെ നോക്കി പുഞ്ചിരിച്ചു. പക്ഷേ, ബേത്ലഹേം ഉറക്കത്തിലായിരുന്നു. പുഞ്ചിരി അവരെ തലോടി. പക്ഷേ അവർ ഉണർന്നില്ല. മാലാഖമാർ ആനന്ദത്തോടെ പാടി. സ്വർഗ്ഗത്തിൻെറ സംഗീതം അവരുടെ സ്വപ്നങ്ങളെ തഴുകി. പക്ഷേ അവർ ഉറക്കത്തിലായിരുന്നു. [1]

നമ്മെ എന്നും എപ്പോഴും കരുതുന്നവനാണു് ദൈവം. പക്ഷേ നാം ദൈവത്തെ നിഷേധിക്കുന്നു. അവൻെറ ശബ്ദം നാം കേൾക്കാറില്ല. സ്നേഹം എന്നും ഉണർന്നിരിക്കുന്നു. നാം ഉറങ്ങുമ്പോഴും ദൈവം അനന്തമായ സ്നേഹത്തോടെ നമ്മുടെ അടുത്തിരിക്കുന്നു. ഗീതാഞ്ജലി

www.malankaralibrary.com



അതുല്യസുന്ദരമായി ഈ ദൈവത്തെ ചിത്രീകരിക്കുന്നു.

അവൻ എന്റെ അരികെ ഇരുന്നു.
പക്ഷേ, ഞാൻ ഉണർന്നില്ല.
എന്തു ശപിക്കപ്പെട്ട ഉറക്കമായിരുന്നു അതു്.
........................ .. ........
രാത്രിയുടെ നിശ്ശബ്ദതയിൽ
അവൻ അരികെ വന്നു.
അവൻ വീണ വായിച്ചു
എന്റെ സ്വപ്നങ്ങളെ
വീണയുടെ സ്വരങ്ങൾ തലോടി.
..................................
എന്റെ രാവുകൾ എനിക്കു നഷ്ടപ്പെടുന്നു.
അവനെ കാണാൻ സാധിക്കാത്ത രാവുകൾ
അവന്റെ നിശ്വാസം എന്റെ ഉറക്കത്തെ
എത്ര മധുരമായി തലോടുന്നു.

ദൈവത്തിന്റെ തലോടൽ ഏറ്റാണു് ജീവിതം ഉണരുന്നതു്. ഉയിർത്തെഴുന്നേല്പിന്റെ ഉജ്ജ്വലഗീതമാണു് ദൈവത്തിന്റെ ശബ്ദം. അതു് കേൾക്കാത്ത രാവുകളും, പകലുകളും നമുക്കു നഷ്ടപ്പെടുന്നു. നമ്മുടെ ഉറക്കത്തെ തലോടുന്ന ദൈവം! നമ്മുടെ സ്വപ്നങ്ങളെ തഴുകുന്ന ദൈവം! ദൈവം പുഞ്ചിരിക്കുന്നു. കതകുകൾ അടച്ചു് ഉറക്കത്തിൽ ലയിക്കരുതു്. ദൈവത്തിന്റെ പുഞ്ചിരിയാൽ ജീവിതം സുന്ദരമാകും. ദൈവത്തിന്റെ ഗാനം മലഞ്ചരുവിൽ മുഴങ്ങുന്നു. ഉറങ്ങരുതു്. സ്വർഗ്ഗസംഗീതം നിങ്ങൾ കേൾക്കും. രക്ഷയുടെ നക്ഷത്രം ഉദിച്ചു തിളങ്ങുന്നു. ഉറങ്ങരുതു്. നിങ്ങൾ വഴിയും ജീവനും സത്യവും കണ്ടെത്തും.

ഗീതാഞ്ജലി 26. 1, ലൂക്കാ. 2 1—14

www.malankaralibrary.com

# 26

# രാജത്വം നിന്നെ വിട്ടുമാറിയിരിക്കുന്നു

ആഗ്രഹങ്ങളാണ് ജീവിതത്തിന്റെ ചലനശക്തി. നേട്ടങ്ങൾക്കുള്ള ഊർജ്ജം നൽകുന്നത് ആശകളാണ്. പക്ഷേ, വിലക്കപ്പെട്ട ആഗ്രഹങ്ങൾ ജീവിതത്തെ നശിപ്പിക്കുന്നു. മനുഷ്യനിഷേധമോ, ദൈവനിഷേധമോ ഉൾക്കൊള്ളുന്ന ആഗ്രഹങ്ങളെല്ലാം വ്യക്തിയെ നാശത്തിലേക്കു നയിക്കുന്നു. വിലക്കപ്പെട്ട കനിക്കു വേണ്ടിയുള്ള ആഗ്രഹം മനുഷ്യനെ മരണത്തിലേക്കു നയിച്ചു; നിഷിദ്ധമായ ജഡികാനന്ദങ്ങൾക്കു വേണ്ടിയുള്ള ആഗ്രഹം സോദോം, ഗൊമോറയെ ചാമ്പലാക്കി. ആകാശം മുട്ടുന്ന ഗോപുരം പണിയുവാനുള്ള ആഗ്രഹം മനുഷ്യവംശത്തെ ചിതറിച്ചു. ഭോഗാസക്തി റോമൻ സാമ്രാജ്യത്തെ ഉടച്ചു.

നെബുക്കദ്നേസ്സർ രാജാവിന്റെ കഥ വേദപുസ്തകം വിവരിക്കുന്നു:

www.malankaralibrary.com



''പന്ത്രണ്ടു മാസം കഴിഞ്ഞു ബാബിലോണിലെ കൊട്ടാരത്തിൻെറ മട്ടുപ്പാവിൽ ഉലാത്തുമ്പോൾ രാജാവു പറഞ്ഞു: എൻെറ രാജകീയ മഹത്വത്തിനുവേണ്ടി രാജമന്ദിരമായി. എൻെറ മഹാപ്രാഭവത്താൽ ഞാൻ നിർമ്മിച്ചതല്ലേ മഹത്തായ ഈ ബാബിലോൺ? ഈ വാക്കുകൾ രാജാവിൻെറ വായിൽനിന്നു വീഴുന്നതിനു മുൻപുതന്നെ സ്വർഗ്ഗത്തിൽനിന്നു് ഒരു സ്വരം കേട്ടു: നെബുക്കദ്നേസർ രാജാവേ, നിന്നോടാണു പറയുന്നതു്: രാജ്യം നിന്നിൽ നിന്നു വേർപെട്ടിരിക്കുന്നു. നീ മനുഷ്യരുടെ ഇടയിൽ നിന്നു് ഓടിക്കപ്പെടുകയും, നിൻെറ വാസം വന്യമൃഗങ്ങളോടൊത്തു ആയിരിക്കുകയും ചെയ്യും. കാളയെപ്പോലെ നീ പുല്ലുതിന്നും. മനുഷ്യരുടെ രാജ്യം ഭരിക്കുന്നതു് അത്യുന്നതനാണെന്നും, താൻ ഇച്ഛിക്കുന്നവർക്കു് അവിടുന്നു് അതു നൽകുമെന്നും നീ അറിയുന്നതുവരെ ഏഴു സംവത്സരം കടന്നുപോകും. അപ്പോൾതന്നെ ആ വാക്കുകൾ നെബുക്കദ്നേസറിൽ നിവൃത്തിയായി. അവൻ മനുഷ്യരുടെ ഇടയിൽ നിന്നു ഓടിക്കപ്പെടുകയും അവൻെറ നഖം പക്ഷിയുടെ നഖം പോലെയും രോമം കഴുകൻെറ തൂവലുകൾ പോലെയും വളരുന്നതുവരെ കാളയെപ്പോലെ പുല്ലുതിന്നുകയും, ദേഹം ആകാശത്തിലെ മഞ്ഞുകൊണ്ടു് നനയുകയും ചെയ്തു.''[1]

മണ്ണിനും അധികാരത്തിനും വേണ്ടിയുള്ള ആഗ്രഹമാണു് നെബുക്കദ്നേസ്സറിനെ നയിച്ചതു്. ആ ആഗ്രഹം തൻെറ വ്യക്തിത്വത്തെ തകർത്തു. ''കാളയെപ്പോലെ അയാൾ പുല്ലുതിന്നു.''

നിഷിദ്ധമായ ആഗ്രഹങ്ങളെ നിഷേധിച്ചെങ്കിലേ നമ്മുടെ വ്യക്തിത്വത്തിൻെറ രാജകീയത്വം നിലനില്ക്കുകയുള്ളു. ആഗ്രഹങ്ങളുടെ അടിമകളായി നാം മാറുന്നെ

www.malankaralibrary.com



കിൽ നാം തകരും; വ്യക്തിത്വത്തെ തകർക്കാൻ കഴി വുള്ള ആഗ്രഹത്തെപ്പററി ടാഗോർ പാടുന്നു!

'പകൽതീരുംമുമ്പ് അവർ എന്റെ വീട്ടിലെത്തി
'ഞങ്ങൾക്ക് ഈ വീട്ടിലെ ഏററവും ചെറിയ
മുറി മതി. അവർ പറഞ്ഞു. ദൈവാരാധനയ്ക്കു
ഞങ്ങൾ നിന്നെ സഹായിക്കാം.
ഞങ്ങൾക്കർഹമായ കൃപ ഞങ്ങൾ എളിയ
ഹൃദയത്തോടെ സ്വീകരിക്കും.
അവർ വീടിന്റെ ഒരു മൂലയിൽ ഇരുന്നു.
പക്ഷേ രാവിന്റെ ഇരുട്ടിൽ
അവർ എന്റെ വിശുദ്ധാലയത്തിൽ
കൊടുങ്കാററിന്റെ ശക്തിയോടും ആരവത്തോടും
കയറിവന്നു
കളങ്കപൂരിതമായ കൊതിയോടെ
അവർ ദൈവത്തിന്റെ അൾത്താരയിൽനിന്ന്
അച്ചനവസ്തുക്കൾ കട്ടെടുത്തു.

ആഗ്രഹങ്ങൾ നിഷ്ക്കളങ്കതയോടെയാണു ഹൃദയ ത്തിലേക്കു വരുന്നത്. പക്ഷേ, നാം അറിയാതെ അവ നമ്മെ ക്രമേണ കീഴ്പ്പെടുത്തുന്നു. ഹൃദയത്തിന്റെ വി ശുദ്ധിയെ അതു നശിപ്പിക്കുന്നു. എന്റെഹൃദയത്തിന്റെ അൾത്താര അച്ചനവസ്തുക്കളില്ലാത്ത പാഴ്ഭൂമിയായി മാറുന്നു.

ഗീതാഞ്ജലി 33. 1 രാജാക്കന്മാർ 4: 28—33

www.malankaralibrary.com

# 27

## തേനും ചോരയും

വിശുദ്ധനായ ശിമയോന്റെ വാക്കുകൾ കേട്ടുകൊണ്ട് മറിയം ജറുസലേം ദൈവാലയത്തിൽ നിന്നു. യേശു വിജാതീയർക്കു പ്രകാശവും, ഇസ്രായേലിനു മഹത്വവുമായിരിക്കുമെന്നു അദ്ദേഹം പ്രവചിച്ചു. അദ്ദേഹം തുടർന്നു: ''ഇതാ, ഈ ശിശു ഇസ്രായേലിൽ അനേകരുടെ വീഴ്ചയ്ക്കും ഉയർച്ചയ്ക്കും നിയോഗിക്കപ്പെട്ടിരിക്കുന്നു; എതിർക്കപ്പെടുന്ന ഒരു അടയാളം. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും നന്മ നിറഞ്ഞ മറിയത്തിനു ദൈവം നൽകിയ സ്നേഹദാനം വാളായിരുന്നു. മൃദുലമായ പൂക്കളോ, മൂർച്ചയുള്ള വാളോ? ഏതാണു ദൈവം തന്റെ സ്നേഹിതക്കു നൽകുന്നതു്? പൂക്കളും പഴങ്ങളും നീർച്ചാലുകളും നിറഞ്ഞ പറുദീസാ ദൈവം മനുഷ്യനു നൽകി: തേനൊഴുകുന്ന വാഗ്ദത്ത ഭൂമിയും. അതോടൊപ്പം തന്നെ ചുട്ടുപഴുക്കുന്ന മണൽ

www.malankaralibrary.com



ക്കാട്ടം, രക്തം ഒഴുകുന്ന ഗോൽഗോത്തായും. സ്നേഹത്തെപ്പററിയുള്ള മനുഷ്യന്റെ കണക്കു കൂട്ടലുകൾ ഇവിടെ തെററുന്നു. പൂക്കളും തേനും സ്നേഹത്തിന്റെ അടയാളമായിരിക്കാം? പക്ഷേ, മരുഭൂമിയും, ചോരയും വാളും സ്നേഹിതർക്കു നൽകപ്പെടുന്ന സമ്മാനങ്ങളായി അംഗീകരിക്കാൻ മനസ്സു വിസമ്മതിക്കുന്നു.

തേനും പാലും ദൈവത്തിന്റെ കൈകളിൽ നിന്നു നാം പ്രതീക്ഷിക്കുന്നു. പക്ഷേ പലപ്പോഴും ലഭിക്കുന്നതു് കയ്പുരസം നിറഞ്ഞ കാസയാണു്. വേദന തന്റെ പ്രിയപ്പെട്ടവർക്കും ദൈവം അനുവദിച്ചു കൊടുക്കുന്നു. തന്റെ മകനെ ബലികഴിക്കാൻ വാളോങ്ങിയ അബ്രഹാം, ജനത്തിന്റെ എതിർപ്പുകളെ നേരിടേണ്ടി വന്ന മോസസ്, തുളയ്ക്കപ്പെട്ട ഹൃദയവുമായി ജീവിച്ച മറിയം, കുരിശിലേറിയ ക്രിസ്തു—എല്ലാവർക്കും ദൈവം വേദന നൽകി. യുക്തി ഈ സത്യത്തെ നിരസിക്കും. മിസ്റ്റിസിസം ഇതിനെ അനിഷേധ്യ സത്യമായി അംഗീകരിക്കുന്നു.

‘‘നിന്റെ കഴുത്തിലെ പൂമാല ചോദിക്കാൻ
എനിക്കു് ആഗ്രഹമുണ്ടായിരുന്നു.
പക്ഷെ എനിക്കു ധൈര്യമില്ലായിരുന്നു.
പ്രഭാതത്തിൽ കിടക്കയിൽ പൂവിതളുകളെ ഞാൻ തേടി
പക്ഷേ എനിക്കു വിശ്വസിക്കാനാവുന്നില്ല
പൂക്കളില്ല, സുഗന്ധദ്രവ്യങ്ങളില്ല,
സുഗന്ധ ജലമുള്ള പാത്രങ്ങളില്ല!
തീ പോലെ തിളങ്ങുന്ന നിന്റെ ഭയങ്കരമായ വാളു്!
ഇടിമിന്നലിന്റെ ഗാംഭീര്യമുള്ള വാളു്!

www.malankaralibrary.com



നിൻെറ കിടക്കയിൽ പ്രഭാതത്തിൻെറ
പ്രകാശം പടരുന്നു.
പ്രഭാതപക്ഷി കളിയാക്കി ചോദിച്ചു?:
നിനക്കെന്തു സമ്മാനമാണു കിട്ടിയതു്?
'പൂവല്ല, സുഗന്ധദ്രവ്യമല്ല,
സുഗന്ധജലം നിറച്ചപാത്രമല്ല
നിൻെറ മുറിവേല്പിക്കുന്ന വാരം മാത്രം.
..........................
എന്തു സമ്മാനമാണിതു്?
എവിടെയാണു ഞാൻ ഇതിനെ ഒളിച്ചു വയ്ക്കുക.
ഇതു ധരിക്കാൻ എനിക്കു നാണമാണു്.
എൻെറ മാറിടത്തിലേക്കു് അതിനെ ഞാൻ
അടുപ്പിക്കുമ്പോരം വേദനിക്കുന്നു.
എങ്കിലും ഞാൻ ഈ വാളു ധരിക്കും.
വേദന നീ എനിക്കു തന്ന
ബഹുമതിയും സമ്മാനവുമാണു്.
ഇനിമേൽ എനിക്കു ഭീതിയില്ല.
എൻെറ സംഘട്ടനങ്ങളിൽ എല്ലാം നീ വിജയിക്കും.
മരണത്തെ എൻെറ കൂട്ടുകാരനായി നീ തന്നു
എൻെറ ജീവിതം കൊണ്ടു ഞാൻ മരണത്തെ
കിരീടമണിയിക്കും.
എൻെറ ബന്ധനങ്ങളെ
നിൻെറ വാളു കൊണ്ടു ഞാൻ മുറിക്കും.
എനിക്കു് ഇനിമേൽ ഭീതിയില്ല''.

''ഞാൻ വന്നതു ഭൂമിയിൽ സമാധാനം സ്ഥാപിക്കാനാണു്, എന്നു നിങ്ങരം ധരിക്കരുതു്. സാമാധാനമല്ല, വാളാണു് ഞാൻ കൊണ്ടുവന്നിരിക്കുന്നതു്'', യേശു പറഞ്ഞു. യേശുവിനെ സ്വീകരിക്കുന്നവൻ, ലോകത്തിൻെറ തിന്മകളെ വെല്ലുവിളിക്കുന്നു, നിഷേധി

www.malankaralibrary.com



കുന്നു; അതുകൊണ്ടു് ലോകം അവരെ വെറുക്കുന്നു. ആ വെറുപ്പു നമ്മെ വേദനിപ്പിക്കുന്നു. ഇതാണു് ക്രിസ്ത്യാനിയുടെ ഹൃദയത്തിലൂടെ കടക്കുന്ന വാളു്. വേദപുസ്തകത്തിൽ വചനത്തെ ഇരുതല വായുള്ള വാളായി ചിത്രീകരിക്കുന്നു. വചനം സ്വീകരിച്ചവരാണു് നാം. ഈ വചനം വാളുപോലെ ശക്തിയുള്ളതാണു്. നാം അതിനെ ഹൃദയത്തിൽ ധരിക്കണം. തിന്മയുടെ ശക്തികൾ എവിടെയൊക്കെ കൊടികുത്തി വാഴുന്നുവോ അവയെ ചോദ്യം ചെയ്യുവാൻ, തകർക്കുവാൻ നമുക്കു കടമയുണ്ടു്. സാമ്രാജ്യങ്ങളെ പിഴുതെറിയാനുള്ള കരുത്തു വചനത്തിനുണ്ടു്. അസത്യത്തിനും, അധർമ്മത്തിനും അനീതിക്കുമെതിരെ, വചനത്തിൻെറ തീപോലെ തിളങ്ങുന്ന വാൾ ഉയർത്തു. ദൈവം നിങ്ങൾക്കു നൽകുന്ന സമ്മാനമാണു് ഹൃദയത്തിലെ വേദനയുടെ വാൾ. അതിനെ സ്വീകരിക്കു. ദൈവം നിങ്ങൾക്കു നൽകുന്ന കർത്തവ്യമാണു്, ഇരുതല വായുള്ള വചനത്തിൻെറ വാൾ. അതിനെ ഹൃദയത്തിൽ വഹിച്ചു കൊണ്ടു ഇരുട്ടിൻെറ ശക്തികളെ തകർക്കു. I

---

ഗീതാഞ്ജലി 52. 1, മത്താ. 10: 34

www.malankaralibrary.com

# 28

# പ്രകാശത്തിൻെറ പുത്രിരി

ഭൂമിയാകെ പ്രകാശത്തിൻെറ പൂത്തിരിയാണ്. ദൈവം പ്രകാശത്തെ സൃഷ്ടിച്ചു (ഉല്പ. 1: 3, 5). ദൈവത്തിൻെറ മുഖം പ്രകാശംകൊണ്ടു പ്രഭാപൂർണ്ണമാണ്; (സങ്കീ 4: 7). ''ദൈവം വെളിച്ചമാണെന്നും, അവനിൽ ഒട്ടും ഇരുട്ടില്ലെന്നുമുള്ള സന്ദേശമാണ ഞങ്ങൾ അവനിൽ നിന്നു കേട്ടതും, നിങ്ങളോട് പ്രഖ്യാപിക്കുന്നതും'' (1 യോഹ 1–5). നാമെല്ലാം പ്രകാശത്തിൻെറ മക്കളാണ് (ലൂ. 16. 8).

ഇരുട്ടിൻെറ വഴികളിലൂടെ നാം പായുമ്പോൾ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം നമ്മെ വലയം ചെയ്യുന്നു. ആരാധനയുടെ നിമിഷങ്ങളിൽ വെള്ളിമേഘങ്ങളുടെ പ്രകാശത്തിൽ നാം അലിയുന്നു. എല്ലാ മനുഷ്യരേയും പ്രകാശിപ്പിച്ചുകൊണ്ടു ദൈവം എന്ന വെളിച്ചം ഇവിടെ തിളങ്ങിനിൽക്കുന്നു (യോഹ. 1: 9). ടാഗോർ വേദ

www.malankaralibrary.com



പുസ്തകത്തിന്റെ ഗദ്യത്തെ കവിതയാക്കിയതുപോലെ തോന്നും. പ്രകാശത്തെപ്പററിയുള്ള വരികൾ നാം ധ്യാനിക്കുമ്പോൾ:

പ്രകാശം, എന്റെ ജീവന്റെ പ്രകാശം,
ഭൂമിയാകെ നിറഞ്ഞു നിൽക്കുന്ന പ്രകാശം,
കണ്ണുകളെ തലോടുന്ന പ്രകാശം,
ഹൃദയത്തിൽ മധുരം പെയ്യുന്ന പ്രകാശം,
പ്രകാശം എന്റെ ജീവന്റെ ആഴങ്ങളിൽ
നൃത്തം വയ്ക്കുന്നു.
എന്റെ ഹൃദയത്തിൽ അതു സ്നേഹം ഉണർത്തുന്നു.
നീലാകാശം തുറക്കപ്പെടുന്നു
കാററു പ്രകാശത്തിൽ നൃത്തം വയ്ക്കുന്നു
പൊട്ടിച്ചിരി ഭൂമിയാകെ പടരുന്നു
ചിത്രശലഭങ്ങൾ പ്രകാശക്കടലിൽ നീന്തുന്നു.
പ്രകാശതരംഗങ്ങളിൽ
ലില്ലിപ്പൂവും മുല്ലപ്പൂവും നൃത്തം വയ്ക്കുന്നു.
പ്രകാശം കാർമേഘങ്ങളിൽ സ്വർണ്ണം വിതറുന്നു
മുത്തുകൾ ചൊരിയുന്നു.
ഇലകൾ ആനന്ദത്തിൽ തുള്ളുന്നു
അളവില്ലാത്ത ആനന്ദം ഭൂമിയെ നിറയ്ക്കുന്നു
സ്വർഗ്ഗത്തിന്റെ നദി കരകവിഞ്ഞൊഴുകുന്നു
ആനന്ദത്തിന്റെ അടക്കാനാവാത്ത പ്രവാഹം.

ദൈവം പ്രകാശമാണ്. ആ പ്രകാശം ഭൂമിയിലാകെ നിറഞ്ഞുതുളുമ്പുന്നു; അതു ഹൃദയങ്ങളിൽ പെരുകി ഒഴുകുന്നു. ദൈവമെന്ന പ്രകാശത്തിൽ ജീവിക്കുക. നിങ്ങളുടെ ഹൃദയത്തിലെ പ്രകാശത്തിന്റെ പൂത്തിരി ആനന്ദത്തിന്റെ അടക്കാനാവാത്ത പ്രവാഹമായി മാറും.

---

ഗീതാഞ്ജലി 57

www.malankaralibrary.com

29

# മരണത്തിൻെറ മാധുര്യം

മറിയം യേശുവിൻെറ പാദങ്ങളെ സുഗന്ധതൈലം കൊണ്ടു പൂശി. ആ സുഗന്ധം യേശു ആസ്വദിച്ചു. വില പിടിപ്പുള്ള വസ്തു നഷ്ടപ്പെടുത്തിയതിൽ യൂദാസ് പ്രതിഷേധിച്ചു. ക്രിസ്തുവിൻെറ മറുപടി ഏതാണ്ടിതുപോലെയായിരുന്നു: 'യൂദാസ്, സുഗന്ധതൈലം പൂശിക്കൊണ്ടു മരിക്കാൻ എനിക്കു് ഇഷ്ടമാണ്. മരണം, അടയ്ക്കപ്പെടുന്ന വാതിലല്ല; തുറക്കപ്പെടുന്ന വാതിലാണ്.' [1] വിശുദ്ധരും കവികളും മിസ്റ്റിക്കുകളും മരണത്തെ മധുരമുള്ള ഒരനുഭവമായി ദർശിച്ചു. ജീവൻ മധുരമുള്ളതാണെങ്കിൽ മരണവും മധുരമുള്ളതായിരിക്കും എന്നവർ വിശ്വസിച്ചു. ദൈവത്തിൻെറ കരങ്ങളിൽ നിന്നു വരുന്നു; ആ കൈകളിൽ ജീവിക്കുന്നു; മരണത്തിൽ ആ കൈകൾ നമ്മെ സ്വീകരിക്കുന്നു. മരണത്തെപ്പററിയുള്ള ടാഗോ

www.malankaralibrary.com



റിന്റെ ചിത്രീകരണം മിസ്റ്റിക്കനുഭൂതിയുടെ ഉയരങ്ങളിൽ എത്തുന്നു.

''അമ്മയുടെ മുലപ്പാൽ കുടിക്കുന്ന കുഞ്ഞ്.
അമ്മ ഇടത്തേ സ്തനത്തിൽ നിന്ന് അതിനെ
വിടുവിക്കുന്നു.
ഇത്തിരി നേരം വിട്ടതിന്റെ വേദന—മരണം.
അടുത്ത നിമിഷം വലത്തേ സ്തനത്തിൽ അതു
നിർവൃതി കണ്ടെത്തുന്നു.
നിത്യജീവന്റെ മധുരമുള്ള ലഹരി.''

ദൈവം ജീവനാണ്. സ്നേഹം തുളുമ്പി നിൽക്കുന്ന ജീവൻ. അതുകൊണ്ട് ദൈവത്തിന്റെ രാജ്യത്തിൽ മരണത്തിനു സ്ഥാനമില്ല. ദൈവം ജീവൻ നൽകുന്ന സ്നേഹമാണ്. ''മുലപ്പാൽ നൽകുന്ന അമ്മ കുഞ്ഞിനെ ഉപേക്ഷിക്കുമോ? അമ്മ ഉപേക്ഷിച്ചാലും ഞാൻ നിങ്ങളെ ഉപേക്ഷിക്കുകയില്ല.' ശൂന്യത ദൈവികപദ്ധതിയിൽ ഒരു അസാദ്ധ്യതയാണ്. മുലപ്പാലിന്റെ മാധുര്യവും നിർവൃതിയും സായൂജ്യവും പങ്കുവയ്ക്കുന്ന സൃഷ്ടിതാവാണ് അമ്മ. അവൾ സ്വന്തമായതിനെയെല്ലാം വാരിക്കോരി ചൊരിയുന്നു. ദൈവം തന്റെ ജീവനെ നമുക്കു സമ്പൂർണ്ണമായി നൽകുന്നു. ദൈവത്തിൽ ജീവിക്കുന്ന നമുക്കു മരണമില്ല. അവൻ നമ്മുടെ കണ്ണീരു മുഴുവൻ തുടച്ചു നീക്കും. ഇനിമേൽ മരണം ഉണ്ടായിരിക്കയില്ല.?

ഗീതാഞ്ജലി 95. 1. യോഹ. 12:1-8. 2. വെളി. 21:3,4

www.malankaralibrary.com

# 30

# ഹൃദയം ഹൃദയത്തിൽ അലിയുമ്പോൾ

സ്നേഹത്തിന്റെ വികാര തീവ്രമായ വിശുദ്ധ നിമിഷങ്ങളിൽ മനസ്സ് മനസ്സിൽ ലയിക്കുന്നു; ഹൃദയം ഹൃദയത്തിൽ അലിയുന്നു. സമ്പൂർണ്ണമായ സംഗമത്തിന്റെ താളം ഹൃദയത്തിൽ നിറയുന്നു. വെറും ശാരീരികമെന്നു നാം സങ്കല്പിക്കപ്പെടുന്ന ഈ അനുഭവം മനുഷ്യനും ദൈവവുമായി ഒന്നുചേരുന്നതിന്റെ പ്രതിബിംബനമാണ്.

മനുഷ്യന്റെ ഹൃദയത്തിനു ദൈവത്തിന്റെ ഹൃദയത്തിൽ ലയിക്കുവാനുള്ള കഴിവുണ്ട്. വിശുദ്ധർക്കും മിസ്റ്റിക്കുകൾക്കും മാത്രമല്ല, മനുഷ്യനു ദൈവം നൽകിയ ആത്മാവിന്റെ പ്രകൃതിയാണത്. സ്നേഹം മാത്രമായ ദൈവത്തെതേടി നമ്മുടെ ഹൃദയം ഉഴലുന്നു. സ്നേഹം എന്ന അത്ഭുതം അകന്നവയെ അടുപ്പിക്കുന്നു. ദൈവത്തിന്റെ

www.malankaralibrary.com



ഹൃദയത്തിൽ നമ്മുടെ ഹൃദയം ലയിക്കുന്നു. ''ഞാനും എന്റെ പിതാവും ഒന്നാണ്. എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു'' യേശുവിന്റെ ഹൃദയം പിതാവിന്റെ ഹൃദയത്തിൽ ലയിച്ചു കഴിഞ്ഞിരുന്നു.

ടാഗോർ പാടുന്നു.

''ഞാൻ ആർത്തുപാടി
ആനന്ദത്തോടെ ഞാൻ ലഹരിയിൽ മുങ്ങി.
ഞാൻ സ്വയം മറന്നു
എന്റെ ദൈവത്തെ സ്നേഹിതാ, എന്നു വിളിച്ചു'

ദൈവം വിദൂരസ്ഥനല്ല: നമ്മുടെ സ്നേഹിതനാണ്.

''നിന്റെ അധരം എന്നെ
ചുംബനം കൊണ്ടുപൊതിയട്ടെ.
നിന്റെ പ്രേമം വീഞ്ഞിനേക്കാൾ
മാധുര്യമുള്ളതു''

ദൈവം ചുംബനം നൽകുന്ന സ്നേഹധനനാണ്. ആ സ്നേഹം വീഞ്ഞിനേക്കാൾ മാധുര്യമുള്ളതാണ്. നാം പ്രാർത്ഥിക്കുമ്പോൾ ദൈവമേ. സ്നേഹമൂർത്തേ, എന്നു വിളിക്കുക. പ്രാർത്ഥനയുടെ ലഹരിയിൽ ദൈവത്തിൽ ലയിച്ചുകൊണ്ട് പിതാവേ, എന്നു വിളിക്കുക. ആത്മാവ് ആത്മാവിൽ ലയിക്കട്ടെ. അവിടെ സ്വർഗ്ഗം ആരംഭിക്കും.

---

ഗീതാഞ്ജലി 2. 1 യോഹ 14: 12; 3. ഉത്ത 1: 2

www.malankaralibrary.com

31

# നിൻെറ അടുത്തേക്ക്

''രാജാക്കന്മാരുടെ രാജാവേ,
ഞാൻ എൻെറ ജോലികളെല്ലാം പൂർത്തീകരിച്ചു
കഴിയുമ്പോൾ
ഏകനായും നിശ്ശബ്ദനായും
നിൻെറ തിരുമുമ്പിൽ നിൽക്കും.

ടാഗോറിനു മരണം ഭയം ജനിപ്പിക്കുന്ന നിമിഷമല്ല, തൻെറ സ്രഷ്ടാവിൻെറ തിരുമുഖം ദർശിക്കുന്ന സന്തോഷത്തിൻെറ നിമിഷമാണ്. വളരെ ശാന്തതയോടും സംതൃപ്തിയോടുമാണ് അദ്ദേഹം ജീവിതത്തോട് വിടവാങ്ങുന്നത്.

''ഞാൻ പോകട്ടെ
എൻെറ വീടിൻെറ താക്കോലുകൾ
ഞാൻ നിങ്ങൾക്കു നൽകുകയാണ്.

www.malankaralibrary.com



ഇനി ഈ വീടിന്റെ മേൽ
എനിക്ക് അവകാശമില്ല.''
''നാം നല്ല അയൽക്കാരായിരുന്നു
ഞാൻ കൊടുത്തതിനേക്കാൾ കൂടുതൽ
എനിക്കു കിട്ടി.
എനിക്കു പോകുവാനുള്ള സമയമായി.
ഞാൻ യാത്രയ്ക്കു തയ്യാറായിക്കഴിഞ്ഞു.''

മരണം അടുത്തപ്പോൾ ജീവിതത്തിന്റെ മാധുര്യത്തെ ഓർത്ത് അദ്ദേഹം ആനന്ദിച്ചു.

പ്രകാശ സരസ്സിൽ വിടർന്നു നിന്ന താമരപ്പൂവിൽ
ഒളിഞ്ഞിരുന്ന മധു
ഞാൻ ആവോളം നുകർന്നു.

മരണം ടാഗോറിനു പിതാവിന്റെ ഭവനത്തിൽ എത്തിച്ചേരുന്ന നിർവൃതിയുടെ നിമിഷമാണ്.

ദേശാടനപക്ഷികൾ പുതിയ സങ്കേതം തേടി പറക്കുന്നു
അകലങ്ങളിലെ സുഭിക്ഷസ്ഥലങ്ങൾ തേടി
രാവിലും പകലിലും അവർ പറക്കുകയാണ്.
എന്റെ ജീവിതയാത്രയും പിതാവിന്റെ
നിത്യഭവനം തേടിയുള്ള പറക്കലാണ്.
എന്റെ ചിറകടികൾ ആരാധനയും.

ഈ യാത്ര അവസാനിക്കുമ്പോൾ പിതാവിന്റെ ഭവനത്തിലെത്തും. നിത്യശാന്തിയുടെ മുമ്പിൽ ഗായകൻ തന്റെ വീണ അടിയറവയ്ക്കും.

ടാഗോറിനെപ്പോലെ ഇത്ര മനോഹരമായി മരണത്തെപ്പറ്റി പാടിയവർ ചുരുക്കമാണ്. ഉത്ഥാനത്തെപ്പറ്റിയുള്ള ക്രൈസ്തവ പ്രതീക്ഷകളും മരണത്തെപ്പറ്റിയുള്ള ടാഗോറിന്റെ ഉൾക്കാഴ്ചകളും ഏതാണ്ട് ഒന്നു

www.malankaralibrary.com



തന്നെയാണെന്നു പറയാം. ജീവിതം മരണത്തോടുകൂടി അവസാനിക്കുന്നില്ല.

''എന്റെ പിതാവിന്റെ ഭവനത്തിൽ
അനേകം വാസസ്ഥാനങ്ങളുണ്ട്.
ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കൊരു
സ്ഥലം സജ്ജമാക്കാൻ പോകയാണെന്നു
നിങ്ങളോടു പറയുമായിരുന്നോ?
സ്ഥലം സജ്ജമാക്കിക്കഴിയുമ്പോൾ
നിങ്ങളെ കൂട്ടിക്കൊണ്ടു പോകാൻ
ഞാൻ വരും. ഞാൻ ആയിരിക്കുന്നിടത്ത്
നിങ്ങളും ആയിരിക്കണം.''

സ്വപ്നവീണകൾ നിത്യം പാടുന്ന സ്വർഗ്ഗം. അവിടെ ദൈവവും മനുഷ്യനും മുഖത്തോടു മുഖം നോക്കും. ആ വീണക്കമ്പികൾ രണ്ടു ഹൃദയങ്ങളുടെ കഥ പറയും.

''ഞാൻ നിന്നെ സ്നേഹിക്കുന്നു.''
നിലയ്ക്കാത്ത സ്വപ്നവീണകളുടെ ഗാനം

ഗീതാഞ്ജലി 76, 83

www.malankaralibrary.com

# സ്വർണ്ണവീണ

ഫാ: ജോർജജ് പ്ളാവിളയിൽ



ഉന്നത ചിന്തകൾ മനുഷ്യ മനസ്സി നെ ദൈവത്തിലേക്കുയർത്തുന്നു. വിശുദ്ധ ബൈബിൾ ചിന്തകളും മഹദ് വാക്യ ങ്ങളും മനുഷ്യന്റെ പരിചിന്തനയ്ക്കു വിഷ യമാകേണ്ടതാണ്. വിശ്വമഹാകവിയാ യ ടാഗോറിന്റെ ഗീതാഞ്ജലിയിൽ നി ന്നുള്ള ചിന്താശകലങ്ങൾ, ബൈബിൾ വാക്യങ്ങളുടെ വെളിച്ചത്തിൽ വിശദീക രിക്കുകയാണീ സ്വർണ്ണവീണയിൽ ഗ്രന്ഥ കർത്താവായ ഫാ. ജോർജ്ജ് പ്ളാവിളയിൽ.